# Cover

**അഭി. ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**
**(പുത്തൻകാവ്)**

**ഇടവക പത്രിക സാരഥികൾ**

# ഇടവക പത്രിക

## ക്രിസ്തീയ കുടുംബമാസിക

RNI Reg.No.: **KER.MAL./2003/10539**

**പുസ്തകം 3 ലക്കം 1.    ഏപ്രിൽ 6, 2005**


### സഭാകലണ്ടർ

**2005 ഏപ്രിൽ 13 മുതൽ മെയ് 13 വരെ**

ഏപ്രിൽ 17 : പുതുഞായറിനു ശേഷം രണ്ടാം ഞായർ
ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത (പുത്തൻകാവ്)
22 : മാർത്തോമ്മ III
23 : മാർ ഗീവർഗ്ഗീസ് സഹദാ
24 : പുതുഞായറിനു ശേഷം മൂന്നാം ഞായർ
25 : മാർ മർക്കോസ് ഏവൻഗേലിയോസ്ഥൻ
മാർത്തോമ്മ I
27 : മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ മെത്രാപ്പോലീത്ത
മെയ് 1 : പുതുഞായറിനു ശേഷം നാലാം ഞായർ
സെബദി പുത്രൻ മാർ യാക്കോബ് ശ്ലീഹാ
3 : മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവ
5 : സ്വർഗ്ഗാരോഹണം (സൂലോക്കോ)
8 : പുതുഞായറിനു ശേഷംഅഞ്ചാം ഞായർ
ഏവൻ ഗേലിയോസ്ഥൻ മാർ യോഹന്നാൻ ശ്ലീഹ
10 : മാർ ശെമവോൻ ശ്ലീഹ
മാർത്തോമ്മ V

### ഉള്ളടക്കം


1. പത്രാധിപക്കുറിപ്പ് - ചീഫ് എഡിറ്റർ 3
2. സംശയനിവാരണം 6
3. മതഗ്രന്ഥങ്ങളും നിയമങ്ങളും 7
4. അധികാരം ഓർത്തഡോക്സ് കാഴ്ചപ്പാടിൽ 8
5. നേർച്ചകളും വഴിപാടുകളും 9
6. കുന്നംകുളം പ്രദേശങ്ങൾ - ചരിത്രവും സംസ്കാരവും 11
7. പൗലോസ് ശ്ലീഹായുടെ ദർശനം 13
8. മലങ്കരസഭാചരിത്രത്തിലെ ചെപ്പേടുകൾ 14
9. വഴിതെറ്റിയ ആട് (കവിത) 15
10. ബൈബിൾ പഠനം 15
11. പ്രസംഗപീഠം 16
12. സണ്ടേസ്കൂൾ പംക്തി 17
13. യഹോവ താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു 18
14. ഇവരെ പരിചയപ്പെടുക 19
15. വീക്ഷണങ്ങൾ 20
16. കുടുംബവേദി 21
17. പുത്തൻകാവ് കൊച്ചുതിരുമേനി 21
18. ബാലവേദി 22
19. വാർത്തകൾ 22
20. കത്തുകൾ 23



### ഉപദേശക സമിതി

വെരി. റവ. കെ. സി. ജോസഫ് കോറെപ്പിസ്ക്കോപ്പാ (പഴഞ്ഞി)
വെരി. റവ. വി.കെ.പൗലൂസ് കോറെപ്പിസ്ക്കോപ്പാ (മാന്ദാമംഗലം)
വെരി. റവ. സി. കെ. ജോസഫ് റമ്പാൻ (അരീപ്പാലം)
റവ. ഫാ. ജോർജ്ജ് മറ്റം (കണ്ണാറ)
റവ. ഫാ. ജോൺ പുലിക്കോട്ടിൽ എം. എ., (തൃശ്ശൂർ)
റവ. ഫാ. റെജി (മണ്ണുത്തി)
ശ്രീ. കെ. ടി. പാവുണ്ണി(കുന്നംകുളം)
ശ്രീ. എം. എസ്. മാത്യു (കോട്ടപ്പടി)
പ്രൊഫ. കെ. പി. മാത്യു (തൃശ്ശൂർ)
ശ്രീ. സന്തോഷ് ചെറിയാൻ, (ആലായ്ക്കൽ കുളമ്പ്)
ശ്രീ. സി. സി. ജോർജ്ജ്, (ചൊവ്വന്നൂർ)
ശ്രീ. കുഞ്ഞുമോൻ സി. ഐ. (പഴഞ്ഞി)
അഡ്വ. എ. കെ. ചിന്നൻ (എറണാകുളം)

### പത്രാധിപ സമിതി

**ഫാ. ഡോ. ജോസഫ് ചീരൻ, റിട്ട. പ്രൊഫ. യു.സി.കോളേജ്, ആലുവ (ചീഫ് എഡിറ്റർ)**
കെ. സി. ലോഫ്സൺ ങ.അ. ങ.ഷ്റ. (എഡിറ്റർ ഇൻചാർ,ജ്ജ്)
**എ. എസ്. ജോയ് –** ആ.ളീ, ജഏളഠ **(പ്രിന്റർ & പബ്ലിഷർ)**
ഫാ. ഡോ. കെ.ടി.മാത്യൂസ് – (പ്രിൻസിപ്പാൾ, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട)
ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ (പഴയ സെമിനാരി, കോട്ടയം & നാഗ്പൂർ)
ഡോ. സി. സി. എബ്രഹാം –(റിട്ട. ഡീൻ. അഗ്രി. യൂണി. തൃശ്ശൂർ)
ഡോ. എ. വി. തമ്പി (റിട്ട. പ്രിൻസിപ്പാൾ, മാർത്തോമ്മാ കോളേജ്, ചുങ്കത്തറ)
അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ (കുന്നംകുളം)
ഡോ. പി. ഐ. ജോർജ്ജ് (കുറുപ്പമ്പടി, അങ്കമാലി),
പ്രൊഫ. സി. സി. ഇട്ടൂപ്പ് (സെന്റ് മേരീസ് കോളേജ്, സുൽത്താൻബത്തേരി)



**ഇടവകപത്രിക. വരിസംഖ്യാനിരക്കുകൾ**
**2005 ഏപ്രിൽ 1 മുതൽ**
വാർഷികവരിസംഖ്യ. 100 രൂപ (ഇന്ത്യയിൽ)
വാർഷികവരിസംഖ്യ. 1000 രൂപ (വിദേശങ്ങളിൽ)



വിലാസം
**ക്രിസ്ത്യൻ സ്റ്റഡി സെന്റർ**
പി. ബി. നമ്പർ - 2, കരിക്കാട് (പി.ഒ.), 680 519
**Ph : 04885 -281231**
email : christianstudycenter@rediffmail.com

പത്രാധിപക്കുറിപ്പ്

# മലങ്കരസഭയും മേല്പട്ടസ്ഥാനാർത്ഥികളും

നാലു മേല്പട്ടക്കാരെ വാഴിക്കുകയും അവരെ മലങ്കര അസോസ്യേഷൻ തെരഞ്ഞെടുക്കുകയും ചെയ്ത സംഭവത്തിന് ഈയിടെ നാം സാക്ഷികളായി. തെരഞ്ഞെടുക്കപ്പെട്ടവരിൽ രണ്ടുപേർ വൈദികരും രണ്ടുപേർ കശ്ശീശന്മാരുമായിരുന്നു. കുറെ കാലമായി വൈദികരെ മാത്രം മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കുന്ന സമ്പ്രദായമാണ് നാം അനുവർത്തിച്ചു പോരുന്നത്. കാതോലിക്ക സ്ഥാനത്തേയ്ക്കാണെങ്കിൽ ഒരു മേല്പട്ടക്കാരനെ തെരഞ്ഞെടുക്കുന്ന കീഴ്‌വഴക്കമാണ് മലങ്കര സഭയിൽ നിലവിലിരിക്കുന്നത്. ഈ കീഴ്‌വഴക്കങ്ങൾ ചില ആശാസ്യമല്ലാത്ത പ്രവണതകൾ സഭയിൽ സൃഷ്ടിച്ചിട്ടുള്ളത് അവഗണിക്കുവാൻ പാടില്ല. മേൽപ്പട്ടസ്ഥാനത്തേക്കും കാതോലിക്കാ സ്ഥാനത്തേക്കുമുള്ള തെരഞ്ഞെടുപ്പുകൾ നടത്തുവാൻ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനാണ് ഭരണഘടന അധികാരം നൽകിയിട്ടുള്ളതെങ്കിലും അതിനെ നിഷ്പ്രഭമാക്കുവാൻ ചില കുറുക്കുവഴികൾ ഈയിടെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത് കഴിഞ്ഞ നിയുക്ത കാതോലിക്കായുടെ തെരഞ്ഞെടുപ്പിൽ പ്രയോഗിക്കപ്പെടുകയുണ്ടായി. ഫലത്തിൽ അസോസ്യേഷന്റെ അധികാരത്തെ പരാജയപ്പെടുത്തുകയാണ് ഈ പുതിയ തന്ത്രത്തിന്റെ പ്രയോഗ തലം. തന്ത്രം ഇതാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും നാമനിർദ്ദേശ പത്രിക ക്ഷണിക്കുകയും ചെയ്താൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമ്മേളിക്കുന്നു. സഭാ ഭരണഘടന പ്രകാരം തെരഞ്ഞെടുപ്പിനു മുമ്പ് എപ്പിസ്കോപ്പൽ സിനഡിന് യാതൊരു പങ്കും ഇല്ലെങ്കിലും സ്വന്തമായ ഒരു പതിവ് സൃഷ്ടിക്കുന്നു. ആരാണ് കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമി എന്ന് സുന്നഹദോസ് ഒരു തെരഞ്ഞെടുപ്പ് അതീവ നിഗൂഢമായി നടത്തി, കഴിഞ്ഞ കാതോലിക്കാ തെരഞ്ഞെടുപ്പിൽ (ഇപ്പോഴത്തെ നിയുക്ത കാതോലിക്കായുടെ) സിനഡിലെ ഒരംഗത്തിന്റെ പേർ ഒരു കടലാസു കഷ്ണത്തിൽ എഴുതി എല്ലാ മേൽപ്പട്ടക്കാർക്കും വോട്ടുപെട്ടിയിൽ നിക്ഷേപിക്കാം. കൂടുതൽ വോട്ടു നേടുന്ന മേൽപ്പട്ടക്കാരൻ മാത്രം നാമനിർദ്ദേശ പത്രിക നൽകിയാൽമതി എന്നാണ് തീരുമാനം. ഫലത്തിൽ നിയുക്തന്റെ തെരഞ്ഞെടുപ്പ് അവിടെ പൂർത്തിയാവുന്നു. മറ്റാരും സ്ഥാനാർത്ഥിയായി പേർ സമർപ്പിക്കാത്തതുമൂലം രംഗത്തുള്ള ഏക സ്ഥാനാർത്ഥിയെ കൈയ്യടിച്ച് അംഗീകരിക്കാൻ മാത്രമായി ലക്ഷക്കണക്കിന് രൂപ ചെലവാക്കി അസോസ്യേഷൻ സമ്മേളിക്കും. ഈ ഒരു കൈയ്യടി നടത്തുവാൻ കേരളത്തിനകത്തുള്ള പള്ളികൾ ശരാശരി 1000 രൂപയെങ്കിലും ചെലവിടുന്നു.

ഇപ്രകാരമുള്ള തെരഞ്ഞെടുപ്പുകൊണ്ട് സഭയ്ക്ക് എന്തെങ്കിലും ദോഷമുണ്ടോ? സിനഡിന് അഭിമതനാവുകമാത്രമാണ് ഈ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയുടെ യോഗ്യത. സ്ഥാനമോഹമില്ലാത്ത ചില പിതാക്കന്മാരെ പ്രലോഭനങ്ങൾകൊണ്ട് അനുകൂല നിലപാടിലേക്ക് നയിക്കുവാനും മെത്രാന്മാരുടെ താല്പര്യം സംരക്ഷിക്കുമെന്ന് മേൽപ്പട്ടക്കാരെ ബോധ്യപ്പെടുത്തുകയും ചെയ്താൽ ഈ തെരഞ്ഞടുപ്പിനെ നേരിടുവാനുള്ള യോഗ്യതകളായി. പക്ഷെ സ്ഥാനാർത്ഥികൾക്കു സഭയോടോ, സഭാ പ്രശ്നങ്ങളോടോ യാതൊരു ആഭിമുഖ്യവും ഉണ്ടാവേണ്ടതില്ല എന്ന് വരുന്നു. അസോസ്യേഷനെ നോക്കുകുത്തിയാക്കുകയും സഭയുടെ ജനാധിപത്യ സ്വഭാവം അവഗണിക്കുകയും ചെയ്യുന്നു എന്നതാണ് പ്രധാന ദോഷവശം. സഭാ ഭരണഘടന അസോസ്യേഷന് നൽകുന്ന അവകാശത്തിന്റെ നഗ്നലംഘനമാണ് ഈ പരിഷ്കാരം മൂലം സംഭവിക്കുന്നത്. മേൽപ്പട്ടക്കാരായിക്കഴിഞ്ഞാൽ പൊതുസഭയുടെ ജീവൽപ്രശ്നങ്ങളിൽ നിന്ന് പല മേൽപ്പട്ടക്കാരും ഒഴിഞ്ഞു നിൽക്കുന്നതും സിനഡിൽ ഒറ്റപ്പെട്ടാലോ എന്ന് ഭയന്ന് സഭാ ചർച്ചകളിൽ മൗനം പാലിക്കുന്നതും മെത്രാന്മരാടു താല്പര്യം ചർച്ചാവിഷയമാകുമ്പോൾ മറ്റു മേല്പട്ടക്കാരെ അതിശയിക്കും വിധം വാചാലത പ്രകടിപ്പിക്കുന്നതും ഒരുസ്ഥിരം കാഴ്ചയായി മാറിയിട്ടുണ്ട്. പല മേൽപ്പട്ടക്കാർക്കും വൈദികരെയും അവൈദികരെയും വൈതാളികരായി നിലനിർത്തുവാനല്ലാതെ അവരുടെ പ്രശ്നങ്ങളിൽ നീതിപൂർവ്വം ഇടപെടുവാൻ താല്പര്യമില്ല. 2004 ഏപ്രിൽ 1 മുതൽ നടപ്പാക്കുമെന്ന് എപ്പിസ്കോപ്പൽ സിനഡ് പ്രഖ്യാപിച്ചിട്ടുള്ളതും 2005 ജനുവരി 1 മുതൽ നടപ്പാക്കുവാൻ സഭയുടെ മുഴുവൻ പ്രാതിനിധ്യമുള്ള സഭാ മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്ത വൈദിക ശമ്പള പദ്ധതി 2005 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയാൽ മതി എന്ന സുന്നഹദോസ് തീരുമാനത്തിന്റെ പിന്നിലെ നിഷേധ സമീപനം ആർക്കാണ് മനസ്സിലാകാത്തത്? മാനേജിംഗ് കമ്മിറ്റി ശമ്പള പദ്ധതി നടപ്പിലാക്കിയപ്പോൾ ആ വിവരത്തിന് പള്ളികൾക്കു കല്പന അയക്കാൻ പ. ബാവ ശ്രമിച്ചു എന്നും സുന്നഹദോസിന്റെ അംഗീകാരത്തിലൂടെ മേൽപ്പട്ട സമിതിയുടെ അധികാരം പ്രദർശിപ്പിച്ചതിന് ശേഷമേ കല്പന അയക്കാവൂ എന്ന് സുന്നഹദോസിലെ ചില സീനിയർ അംഗങ്ങൾ പ. ബാവായെ ഉപദേശിച്ചു എന്നും കേൾക്കുന്ന വാർത്ത സത്യമെങ്കിൽ ആ സമിതിയുടെ ഇടപെടൽ നിർദ്ദോഷമെന്ന് എങ്ങനെ വിലയിരുത്തും? സഭാ ഭരണഘടന വൈദികർക്കും അവൈദികർക്കുമായി വിതരണം ചെയ്ത ജനാധിപത്യ പങ്കാളിത്തം പോലും ബോധപൂർവ്വം എടുത്തുമാറ്റി സഭയെ പൂർണ്ണമായും എപ്പിസ്ക്കോപ്പൽ നിയന്ത്രണത്തിലാക്കുക എന്ന അജണ്ടയാണ് മറ്റുപല സമീപനങ്ങളിലുമെന്നപോലെ കാതോലിക്കാ സ്ഥാനിയുടെ തെരഞ്ഞെടുപ്പിലും കാണുന്നത്. മേല്പട്ടക്കാരുടെ തെരഞ്ഞെടുപ്പിലും മേൽപ്പട്ടക്കാരോട് വിധേയത്വം പുലർത്തുന്ന വൈദികർ മാത്രമെ തെരഞ്ഞെടുക്കപ്പെടുന്നുള്ളൂ എന്നു ഉറപ്പുവരുത്തുവാൻ ചില പിതാക്കന്മാരെങ്കിലും ശ്രമിക്കാറുണ്ട്. അഭിപ്രായം ധീരമായി പ്രകടിപ്പിക്കുന്നവരും സ്വതന്ത്രമായി ചിന്തിക്കുന്നവരുമായ ആളുകൾ മാനേജിംഗ് കമ്മിറ്റിയിലേക്കോ ഭദ്രാസന കൗൺസിലുകളിലേക്കോ തെരഞ്ഞെടുക്കപ്പെടാതിരിക്കുവാൻ പല ഭദ്രാസന അദ്ധ്യക്ഷന്മാരും പരമാവധി ശ്രമിക്കുന്നത് കണ്ടിട്ടുണ്ട്. വാസ്തവത്തിൽ ഇത്തരം അധാർമ്മിക ഇടപെടൽ കണ്ടുമടുത്തിട്ടല്ലേ പല സഭാംഗങ്ങളും ആലോചനാമൃതമായ മൗനത്തിലും നിഷ്ക്രിയത്വത്തിലും കഴിയുന്നതെന്ന് അനേകർ ചിന്തിക്കുന്നുണ്ട്. അനേകർ സഭാഭ്രംശത്തിനും മറ്റു ചില കൂട്ടായ്മകളിലേക്കും ആകർഷിക്കപ്പെടുന്നതിന്റെ ഒരു കാരണം സഭയിലെ ഉന്നതർ കൈക്കൊള്ളുന്ന ഈ ഉഭയമുഖസമീപനങ്ങളുടെ കാപട്യം തിരിച്ചറിഞ്ഞുകൊണ്ടാണ്. ഇതിന്നൊരു ഗുണപരമായ മാറ്റം വരുന്നില്ലെങ്കിൽ സഭയുടെ വളർച്ച ശരിയായ ദിശയിൽ നടക്കുകയില്ല.

എന്താണിതിന്നൊരു പോംവഴി? മേല്പട്ടസ്ഥാനത്തേക്കു വൈദികരെ മാത്രവും കാതോലിക്കാ സ്ഥാനത്തേക്കു മെത്രാന്മാരെ മാത്രവും സ്ഥാനാർത്ഥികളാക്കുന്ന സമ്പ്രദായം മാറ്റണം. മുകളിൽ പറഞ്ഞ സ്ഥാനങ്ങളിലേക്കു അവൈദികരെ സ്ഥാനാർത്ഥികളാക്കുവാൻ ഭരണഘടനാപരമായി തടസ്സങ്ങളൊന്നുമില്ല. ഹൂദായ കാനോനും ഈ നടപടിയെ തടയുന്നില്ല. മേല്പട്ടസ്ഥാനത്തേക്കു വൈദികൻ പോലുമല്ലാത്ത ഒരാളെ തെരഞ്ഞെടുത്ത അതിമഹത്തായ പാരമ്പര്യം മലങ്കര സഭയ്ക്കുണ്ട്. മെത്രാൻ സ്ഥാനം അദ്ദേഹത്തിന് സ്വീകാര്യമല്ലാതിരുന്നതിനാൽ സ്ഥാനാരോഹണം നടന്നില്ല എന്നേ ഉള്ളൂ. ഈ വഴി സഭയ്ക്കു സ്വീകാര്യമാവണം. സിനഡിന്റെയോ മറ്റോ അനഭിലഷണീയമായ സ്വാധീനങ്ങൾക്കു വിധേയരാവാതെ സഭാരംഗത്തു നിസ്വാർത്ഥമായി പ്രവർത്തിച്ച് കഴിവു തെളിയിച്ച തേജസ്സുള്ള വ്യക്തിത്വങ്ങളെ അവിവാഹിതരായ സഭാംഗങ്ങളിൽ നിന്ന് കണ്ടെത്തുവാൻ കഴിയും. അവരും യഥേഷ്ടം മേല്പട്ടസ്ഥാനത്തേക്കും കാതോലിക്കാ സ്ഥാനത്തേക്കും മത്സരി

## ദിവംഗതനായി

**റോമൻ പാത്രിയർക്കീസും കത്തോലിക്കരുടെ ആഗോള നേതാവുമായ ജോൺ പോൾ കക മാർ പാപ്പ ദിവംഗതനായി. വർഷങ്ങൾക്കു മുമ്പ് സംഭവിച്ചു പോയ തെറ്റുകൾക്ക് മാപ്പ് പറയുക വഴി ആരാധ്യനായിത്തീർന്ന എക്യുമെനിക്കൽ പ്രസ്ഥാനത്തിന് ഏറെ സംഭാവനകൾ നൽകിയിട്ടുള്ള പോളണ്ടുകാരനായിരുന്ന മാർ പാപ്പ ഇസ്ലാം–ജൂത മതങ്ങൾ ക്രിസ്തുമതത്തിനെതിരാണെന്ന ചിന്താഗതി തിരുത്തിക്കുറിക്കാൻ കഴിഞ്ഞ ഒരു ക്രിസ്തീയ നേതാവായിരുന്നു. പ. പിതാവിന്റെ ദേഹവിയോഗത്തിൽ ഇടവക പത്രിക ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.**

ക്കട്ടെ എങ്കിലേ ഭാവനാപൂർവ്വം മലങ്കര അസോസ്യേഷന് സഭാഭരണഘടന വിഭാവനം ചെയ്ത അധികാരാവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുകയുള്ളു. അങ്ങനെ വരുമ്പോൾ സ്ഥാനാർത്ഥികൾ ആകാൻ ആഗ്രഹിക്കുന്നവർ സഭാ സേവനത്തിൽ കൂടുതൽ ശ്രദ്ധിക്കാതിരിക്കുകയില്ല. സഭാഭരണഘടനയുടെ അന്തഃസത്തയെ ഗൗരവം കുറച്ചുകാണുന്ന ഇന്നത്തെ അവസ്ഥ മാറ്റുവാൻ ഈ ഒരു പരീക്ഷണം അനിവാര്യമായിത്തീർന്നിരിക്കുന്നു. എപ്പിസ്കോപ്പൽ താല്പര്യങ്ങൾ ബലപരീക്ഷണങ്ങൾ നടന്നതുമൂലം പല മെത്രാസനങ്ങളിലും സംജാതമായിട്ടുള്ള ആഭ്യന്തര വ്യവഹാരങ്ങൾക്കു ശമനം വരുത്തുവാനും ഈ പരീക്ഷണം സഹായിക്കാതിരിക്കുകയില്ല. മേല്പട്ടക്കാരുടെ സ്ഥലംമാറ്റം ഉൾപ്പെടെ കാലോചിതമായി സഭയിൽ നടപ്പാക്കുവാൻ സഭ മൊത്തമായി എടുക്കുന്ന തീരുമാനങ്ങൾ അട്ടിമറിക്കപ്പെടാതിരിക്കുവാൻ ഈ നടപടി പ്രയോജനപ്പെടുമെന്നത് തീർച്ചയാണ്. *കാലുകൾക്കിടയിലാണെട്ടുദിക്കുകൾ, നാഗമേലുകില്ലൊരുനാളും* എന്ന് ചിന്തിക്കുന്ന ഒരു ക്ഷുദ്രജീവിയെ *ആരാമത്തിൽ* എന്ന കവിതയിൽ മഹാകവി ജി. അവതരിപ്പിച്ചിട്ടുണ്ട്. സഭയിലേതെങ്കിലും സ്ഥാനിയോ, സമിതിയോ അത്തരം ക്ഷുദ്രമനോഭാവത്തിലേക്ക് അധഃപതിക്കാതിരിക്കുവാൻ സഭ നിതാന്ത ജാഗ്രത പുലർത്തേണ്ടതല്ലേ?

### ആരാധനാ പരിഷ്കരണം

ഇന്ത്യൻ ഓർത്തഡോക്സ് സഭയിലെ ആരാധനാ പരിഷ്കരണത്തിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി തയ്യാറാക്കിയ ചില ആരാധനാ ക്രമങ്ങൾക്കു പ. സുന്നഹദോസ് അംഗീകാരം നൽകി എന്ന് കേൾക്കുന്നു. സഭയിലെ ആരാധനയുടെ ചരിത്രം, വളർച്ച, പ്രാദേശിക രൂപങ്ങൾ, ദൈവശാസ്ത്ര സങ്കൽപ്പങ്ങൾ, കാലത്തിന്റെയും കലയുടെയും സ്വാധീനം തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങളെപ്പറ്റി വേണ്ടത്ര മികവോടെ അഭിപ്രായം രൂപീകരിക്കുവാൻ മിക്ക മേല്പട്ടക്കാരും പ്രാപ്തരല്ലെന്ന് മേല്പട്ടക്കാർ തന്നെ പരസ്യമായി അഭിപ്രായപ്പെടുന്ന സ്ഥിതിയ്ക്ക് പുതിയ ആരാധനാക്രമം നടപ്പിലാക്കുവാൻ കല്പന അയക്കുന്നിതിനുമുമ്പ് എല്ലാ വൈദികർക്കും അതിന്റെ കോപ്പി അയച്ചുകൊടുത്ത് ഭദ്രാസന വൈദിക സംഘങ്ങളുടെ ചർച്ചയ്ക്കും അഭിപ്രായ സമന്വയത്തിനും അവസരമുണ്ടാക്കണം. ആരാധാനയെപ്പറ്റി ആഴമായ അറിവുള്ള ചില വൈദികർ അങ്ങിങ്ങു കണ്ടേക്കും. അവരുടെ അഭിപ്രായങ്ങൾ ആരാധനാ പരിഷ്കരണത്തിൽ പ്രയോജനപ്പെടുത്തേണ്ടതില്ല എന്ന് ഏതു തലത്തിൽ ചിന്തിച്ചാലും ആ അപക്വ ചിന്തയ്ക്കു സഭയുടെ അംഗീകാരം കിട്ടുമെന്ന് കരുതുവാൻ വയ്യ. മേല്പട്ടക്കാരോടൊപ്പം ഒരേ ക്ലാസ്സ് മുറിയിലിരുന്ന് പഠിച്ചവരും ചിലപ്പോഴെങ്കിലും താല്പര്യക്കൂടുതൽ തോന്നി ആ രംഗത്ത് ഗവേഷണം നടത്തി കാര്യങ്ങൾ മനസ്സിലാക്കിയവരുടെ സംഭാവനകൾ ത്യാജ്യമായിക്കരുതുവാൻ രോഗാതുരമായ മനസ്സുകൾക്കും അപകർഷതാബോധത്തിന്റെ പിടിയിലമർന്നവർക്കും മാത്രമെ കഴിയൂ. ആരാധാനാ പരമായ ഏതു കാര്യത്തിലും വൈദികപ്രധാനികളുടെ അഭിപ്രായം കണക്കിലെടുത്ത് മാത്രം തീരുമാനങ്ങൾ പ്രഖ്യാപിച്ചിരുന്ന പ. ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവായെ ഓർത്തുപോകുന്നു. പല മെത്രാന്മാരും ആരാധനാപരമായ ആ സ്വാതന്ത്ര്യങ്ങൾ പരീക്ഷിക്കുമ്പോൾ നരിമറ്റത്തിൽ യോഹന്നാനച്ചന്റെ എഡിറ്റിംഗിന് വിധേയമായി മാത്രമെ ഏതു പരീക്ഷണത്തിനും മുതിരാവൂ എന്ന് സുന്നഹദോസ് അംഗങ്ങളെ നിരന്തരം ഓർമ്മിപ്പിച്ചിരുന്ന പ. ബാവായുടെ സൗമ്യോദാരവും ഗംഭീരവുമായ നിലപാടുകളെ ഓർക്കാതിരിക്കുവാൻ കഴിയുന്നില്ല. സ്വയം സമർപ്പണ ശുശ്രൂഷ ഈയിടെ ഉണ്ടായ *ആത്മഹത്യാപരമായ* ശവസംസ്കാര ശുശ്രൂഷ എന്നിവയ്ക്കു സഭയുടെ പൊതുആദരം സിദ്ധിക്കാതിരുന്നത് അവയിൽ ഉടനീളം കാണുന്ന പാകം പോരായ്മ മൂലമാണ്. കുർബ്ബാന തക്സാ, ആണ്ടു തക്സാ ക്രമങ്ങൾ, കൂദാശാ ക്രമങ്ങൾ, എന്നിവയിൽ ഒരു ചർച്ചയും തീരുമാനവും പ്രഖ്യാപനവും കൂടാതെ അച്ചടിക്കു നേതൃത്വം നൽകുന്നവരുടെ ഇഷ്ടപ്രകാരം ചില പദപ്രയോഗങ്ങളിലും ചില മേലെഴുത്തു കുറിപ്പുകളിലും ചില കവനങ്ങളിലും അവധാനത കൂടാതെ ആവിഷ്കരിക്കുന്ന ഭേദഗതികൾക്കു സഭയുടെ ആദരവല്ല അവജ്ഞയാണ് നേടുവാൻ കഴിഞ്ഞിട്ടുള്ളത്. ഇതിന്റെയൊക്കെ തലപ്പത്ത് എപ്പിസ്കോപ്പൽ അന്തസ്സിന്റെ ഭാഗമായി ഓരോ മേല്പട്ടക്കാരനെ പ്രതിഷ്ഠിക്കാറുണ്ടെങ്കിലും ഉദാസീനരോ നിസ്സംഗരോ മൂലം അവരുടെ മേലന്വേഷണം കാര്യക്ഷമമാകാറില്ല എന്ന സത്യം ആർക്കാണ് അറിഞ്ഞുകൂടാത്തത്? ഗ്രാസ് റൂട്ട് തലത്തിലെ അഭിപ്രായ സമന്വയവും വൈദിക സംഘങ്ങളുടെ സംഭാവനകളും പരിഗണിക്കാതെ സഭയിൽ ഒരു ആരാധനാ പരിഷ്കാരവും അരങ്ങേറാതിരിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രമിക്കുമെന്ന് കരുതുന്നു.

### സഭയിലെ ആഭ്യന്തര വ്യവഹാരങ്ങൾ

പതിറ്റാണ്ടുകളായി പ്രതിദിനം വഷളായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ താമസംവിന പരിഹരിക്കപ്പെടുമെന്നും എണ്ണമില്ലാത്ത വ്യവഹാരങ്ങൾ എത്രയും വേഗം പരിഹരിക്കപ്പെടുമെന്നും മെത്രാപ്പോലീത്താമാർ പ്രസ്താവിച്ചു തുടങ്ങിയിട്ടുള്ളതിൽ സന്തോഷിക്കാത്തവരുണ്ടാകില്ല. ദുരഭിമാനം അഴിച്ചുവെച്ച് സഭാഭരണഘടനയുടെ അന്തഃസത്തക്കു കീഴടങ്ങി നടപടികൾ സ്വീകരിച്ചാൽ പ്രശ്നപരിഹാരത്തിന് ഒരു തടസ്സവുമില്ല. മേല്പട്ടക്കാരുടെ ഭരണഘടനാപരമായ നിയന്ത്രണങ്ങൾക്കു വിധേയമായി ഇടവകകൾക്കും അതിന്റെ പൊതുയോഗങ്ങൾക്കും ഉള്ള അധികാരം പിതാക്കന്മാർ അംഗീകരിക്കുകയും ഇടവകയുടെ നിയമാനുസൃത അധികാരങ്ങളിൽ പിതാക്കന്മാർ ഇടപെടാതിരിക്കുകയും വേണം. സഭാഭരണഘടന വിഭാവനം ചെയ്യുന്നതിലധികം അധികാരം പിതാക്കന്മാർ ആഗ്രഹിക്കരുത്. വ്യവഹാരയുഗത്തിൽ സംഭവിച്ചിട്ടുള്ള അപാകതകളെ ദുരഭിമാനം കൂടാതെ തിരുത്തുവാനും മുറിവുകളെ അധികാപ്രീണത വെടിഞ്ഞു സ്നേഹധാരകൊണ്ട് സൗഖ്യപ്പെടുത്തുവാനും അധികാരികൾ മുൻകൈ എടുക്കണം. പല വളർച്ചാസാധ്യതകളെയും മുരടിപ്പിച്ച് കളഞ്ഞ ധിക്കാരവും സ്വാർത്ഥതയും അഹന്തയും കർണ്ണേജപന്മാരായ ഉപജാപകവൃന്ദവും സഭയെ പതിറ്റാണ്ടുകളായി കുത്തി മുറിവേൽപ്പിച്ചിട്ടുള്ളതിനെ സമചിത്തതയോടും പശ്ചാത്താപബോധത്തോടും കാണുവാൻ തയ്യാറായാൽ മാത്രമെ സമാധാനം പുനഃസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. പ്രശ്നങ്ങൾ തീരാൻ പോകുന്നു എന്ന് പ്രഖ്യാപനങ്ങൾ ആവർത്തിച്ച് കേൾക്കുന്നുണ്ടെങ്കിലും പ്രശ്നപരിഹാരത്തിന് സഹായകമായ സമീപനം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് മുൻവിധിയും പ്രതികാര ചിന്തയും കൂടാതെ പുറപ്പെട്ടാലേ തർക്കപരിഹാരം സാധ്യമാവൂ എന്നും ആ സമീപനം ത്യാഗപൂർവ്വം കൈക്കൊള്ളാത്ത പക്ഷം പ്രഖ്യാപനങ്ങൾ മറ്റൊരു കാപട്യമായി ജനങ്ങൾ തിരിച്ചറിയുമെന്നും ബന്ധപ്പെട്ടവർ ഓർക്കേണ്ടതല്ലേ എന്ന് സവിനയം ചോദിച്ചു പോകുന്നു.

### ഇടവകപത്രിക മൂന്നാം വർഷത്തിലേക്ക്

മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ച ഇടവക പത്രികയുടെ ആദ്യലക്കമാണ് നിങ്ങളുടെ കൈയിലിരിക്കുന്നത്. മാന്യവായനക്കാരുടെ സൗഹൃദത്തിന് നന്ദി. പ്രവർത്തകരുടെ അദ്ധ്വാനത്തിന് നന്ദി. ഉള്ളടക്കത്തിന്റെ മേന്മ നിലനിർത്തുവാൻ സഹകരിച്ചുപോരുന്ന മാന്യ എഴുത്തുകാർക്കു നന്ദി.

ഇടവകപത്രിക ചില ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് പിറവിയെടുത്ത മാസികയാണ്. ഭീഷണികൾക്കു മുമ്പിലും ലക്ഷ്യബോധം കൈവിടാതിരിക്കുവാൻ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. നമ്മുടെ മാസിക സെമിനാരികളിലും റൂൾ കമ്മിറ്റി തുടങ്ങിയ സമിതികളിലും വൈദിക കൂട്ടായ്മകളിലും ആത്മീയ സംഘടനകളിലും ചർച്ച ചെയ്യപ്പെടുന്ന ഒരു മാസികയായി മാറി എന്ന് വിവിധ സ്ഥലങ്ങളിൽ നിന്ന് വായനക്കാർ എഴുതുന്ന പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നത് ഞങ്ങൾക്ക് അഭിമാനം പകരുന്നു. മേലിലും ഈ സ്നേഹോഷ്മളമായ വായനാനുഭവം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രയോജനകരമായ ചിന്തകളും, ചർച്ചകളും ഗവേഷണങ്ങളും പംക്തികളും ഇടവകപത്രികയിൽ മേലിലും ഉണ്ടായിരിക്കും. മുൻ യോഗത്തിൽ പ്രവർത്തകർ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ വർഷത്തേയ്ക്കുള്ള പത്രാധിപ സമിതിയെയും ഉപദേശകസമിതിയെയും തെരഞ്ഞെടുത്ത് താഴെ പറയും പ്രകാരം പ്രഖ്യാപിക്കുന്നു.

പത്രാധിപസമിതി :- ഫാ. ഡോ. ജോസഫ് ചീരൻ (ചീഫ് എഡിറ്റർ), ശ്രീ കെ. സി. ലോഫ്സൺ (എഡിറ്റർ - ഇൻ-ചാർജ്ജ്), എ. എസ്. ജോയ് (പബ്ലിഷർ), ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. ഡോ. കെ. ടി. മാത്തുകുട്ടി (റിട്ട. പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട), ഡോ. സി. സി. എബ്രഹാം (റിട്ട. ഡീൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി), ഡോ. എ. വി. തമ്പി (റിട്ട. പ്രിൻസിപ്പൽ, ചുങ്കത്തറ മാർത്തോമ്മ കോളേജ്), അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, ഡോ. പി. ഐ. ജോർജ്ജ്(കുറുപ്പമ്പടി, അങ്കമാലി), പ്രൊഫ. സി. സി. ഇട്ടൂപ്പ് (സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി)

ഉപദേശകസമിതി :- വെരി. റവ. കെ. സി. ജോസഫ് കോർ എപ്പിസ്ക്കോപ്പാ (പഴഞ്ഞി), വെരി. റവ. വി. കെ. പൗലൂസ് കോർ എപ്പിസ്ക്കോപ്പാ (തൃശ്ശൂർ), സി. കെ. ജോസഫ് റമ്പാൻ (അരീപ്പാലം), റവ. ഫാ. ജോർജ്ജ് മറ്റം (ചുവന്നമണ്ണ്), റവ. ഫാ. ജോൺ പുലിക്കോട്ടിൽ (തൃശ്ശൂർ), റവ. ഫാ. റജി (മണ്ണുത്തി). ശ്രീ. കെ. ടി. പാവുണ്ണി (കുന്നംകുളം), ശ്രീ. എം. എസ്. മാത്യു (കോട്ടപ്പടി), പ്രൊഫ. കെ. പി. മാത്യു (തൃശ്ശൂർ), ശ്രീ. സന്തോഷ് ചെറിയാൻ (ആലയ്ക്കൽ കുളമ്പ്), ശ്രീ. സി. സി. ജോർജ്ജ്(ചൊവ്വന്നൂർ), കുഞ്ഞുമോൻ സി. ഐ. (പഴഞ്ഞി), അഡ്വ. എ. കെ. ചിന്നൻ (എറണാകുളം).

പുതിയ പത്രാധിപ സമിതിയുടെയും ഉപദേശക സമിതിയുടെയും പ്രവർത്തനം മൂലം ഇടവകപത്രിക കൂടുതൽ ശക്തിപ്രാപിക്കുമെന്ന് വിശ്വസിക്കുന്നു. സഹകരണവും സമർപ്പണവും അഭ്യർത്ഥിക്കുന്നു.

**മലങ്കരസഭ ദ്വൈവാരിക**

ഡോ. അലക്സാണ്ടർ കാരക്കൽ ചീഫ് എഡിറ്ററായും, പ്രൊഫ. ജോസ് പാറക്കടവിൽ എഡിറ്ററായും സഭയിലെ പബ്ലിക് റിലേഷൻ വകുപ്പിന്റെ ചുമതലയിൽ ഒരു പുതിയ പ്രസിദ്ധീകരണം ആരംഭിച്ചതായി കണ്ടു. പുതിയ പത്രസഹോദരിയെ സ്വാഗതം ചെയ്യുന്നു. തെക്കു-വടക്കു ഭേദമില്ലാതെ സഭയെ ഒന്നായിക്കാണുവാൻ പുതിയ പ്രസിദ്ധീകരണത്തിന് സാധിക്കട്ടെ. ആരുടെയെങ്കിലും കുഴലൂത്തുകാരായി അധഃപതിക്കാതെ സഭയെ വളർത്തുന്ന ചിന്തകളും വാർത്തകളും നിർഭയം പ്രസിദ്ധീകരിക്കുവാൻ പുതിയ ദ്വൈവാരികയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഔദ്യോഗികമായ പ്രിസിദ്ധീകരണം ഇപ്പോഴെങ്കിലും ഉണ്ടായതിൽ സന്തോഷിക്കുന്നു.

എവർക്കും ഈസ്റ്ററിന്റെ ആശംസകൾ


പത്രാധിപ സമിതിക്കുവേണ്ടി........

ഫാ. ഡോ. ജോസഫ് ചീരൻ (ചീഫ് എഡിറ്റർ)

തെക്കുംകര പി. ഒ. - 680 608, തൃശ്ശൂർ, കേരള,; ഇന്ത്യ

ഫോൺ : 954884 265158,265846, 95484-2605081

email : cheeranachan@hotmail.com


# ഇടവകപത്രിക വാർഷികം

## 2005 മെയ് 14, 15 (ശനി, ഞായർ)

**കുന്നംകുളം പഴയപള്ളി മാർ ജോസഫ് ഡയനേഷ്യസ് (എം.ജെ.ഡി.) ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ**

## കലാമത്സരങ്ങൾ

**മെയ് 14 (ശനി) 10 മ.ാ. 5 ു.ാ.**

**ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ**

**(14 – 5 – 1985 നു ശേഷം ജനിച്ചവർ – ജൂനിയേഴ്സ്**
**അതിനു മുമ്പ് ജനിച്ചവർ – സീനിയേഴ്സ്)**

## മത്സര ഇനങ്ങൾ

1) **സംഗീതം** (സിംഗിൾ സോംഗ്) - 3 മിനിട്ട്
2) **ആരാധനാഗീതം** - 3 മിനിട്ട്
   അംഗീകൃത രാഗങ്ങൾ മാത്രം - (ഗ്രൂപ്പ് സോംഗ് - 3 പേർ)
3) **എക്കാറ** (സ്ലീബാസന്ധ്യ പൂർണ്ണമായും) -
   (ഏവൻ ഗേലിയോൻ മുതൽ ശുദ്ധൻ നീ ആലോഹോ ഉൾപ്പെടെ)
4) **ഉപന്യാസം** :- *സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് പ്രഥമനും സമകാല മലങ്കരസഭയും* - 1 മണിക്കൂർ.
5) **പ്രസംഗം** - ആർത്താറ്റ് പടിയോല (5 മിനിട്ട്)

**മത്സര വിജയികൾക്ക് 15-5-2005, ഞായർ 2 pm ന് ചേരുന്ന പൊതുസമ്മേളനത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്.**

**മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 1-5- 2005 ന് മുമ്പ്**

കൺവീനർ - കലാമത്സരങ്ങൾ,
ക്രിസ്ത്യൻ സ്റ്റഡി സെന്റർ
പി. ബി. നമ്പർ 2, കരിക്കാട് പി. ഒ., 680 519

**എന്ന വിലാസത്തിലോ,**

04885 281231 **എന്ന ഫോണിലോ ബന്ധപ്പെട്ട് പേർ രജിസ്റ്റർ ചെയ്യുക.**

**പങ്കെടുക്കുക-സമ്മാനിതരാകുക-വളരുക**

**ചആ: പൊതു സമ്മേളനത്തിൽ വെച്ച് ഷഷ്ഠിപൂർത്തി ആഘോഷിക്കുന്ന റവ. ഫാ. ഡോ. ജോസഫ് ചീരനെയും (ചീഫ് എഡിറ്റർ & പ്രസിഡണ്ട്), അവാർഡ് ജേതാവായ അഡ്വ. പി. സി. മാത്യുവിനെയും ചടങ്ങിൽ ആദരിക്കുന്നു. അഭി. മെത്രാപ്പോലീത്തമാർ, ബഹു. വൈദികർ, സാമൂഹ്യ – സാംസ്ക്കാരിക – രാഷ്ട്രീയ നേതാക്കൾ പങ്കെടുക്കുന്നു.**

# സംശയനിവാരണം

? എഴുപത് അറിയിപ്പുകാർ എന്നാണല്ലോ വി. ഗ്രന്ഥത്തിൽ കാണുന്നത്. സഭയുടെ കലണ്ടറിൽ 72 അറിയിപ്പുകാർ എന്ന് വന്നതെങ്ങിനെ? എബ്രഹാം കെ. ചേറു.

= എഴുപത് അറിയിപ്പുകാർ എന്നുതന്നെയാണ് വി. ലൂക്കോസ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സുവിശേഷം അറിയിച്ച വരായ വി. മർക്കോസിനെയും, വി. ലൂക്കോസിനെയും ചേർത്ത് അറിയിപ്പുകാർ 72 എന്ന് സഭ തീരുമാനിച്ചതാകാം. വി. വേദഗ്രന്ഥത്തിന്റെ വ്യാഖ്യാതാവ് വി. സഭ തന്നെയാണ്.

? മോർ എന്നും മാർ എന്നുമുള്ള വൈവിധ്യത്തെപ്പറ്റി എന്താണഭിപ്രായം? ഫാ. കൊള്ളന്നൂർ.

= കർത്താവ്, നാഥൻ, യജമാനൻ എന്നൊക്കെ അർത്ഥമുള്ള മൊറിയോ എന്ന സുറിയാനി പദത്തിൽ നിന്നാണ് ഈ പദം ഉണ്ടാകുന്നത്. മോർ എന്ന് തന്നെയാണ് സുറിയാനിയിൽ എഴുതുന്നത്. എന്നാൽ പരിഭാഷകളെ സ്വീകരിക്കുന്നത് രണ്ടുതരത്തിലാണ്. തൽസമമായിട്ടും തൽഭവമായിട്ടും. (അന്യഭാഷയിലെ പദങ്ങളെ അതേപടി ഭാഷയിലേക്കു സ്വീകരിക്കുമ്പോൾ തൽസമം. മലയാള ഭാഷയുടെ ശൈലിക്കൊത്ത ഭേദഗതികൾ വരുത്തി സ്വീകരിക്കുമ്പോൾ തൽഭവം). മോർ എന്ന രൂപം തൽസമം. അതിൽ തെറ്റൊന്നുമില്ല. എന്നാൽ പല സുറിയാനി പദങ്ങളെയും നാം സ്വീകരിച്ചിട്ടുള്ളത് തൽഭവമായിട്ടാണ്. ചില ഉദാഹരണങ്ങൾ കാണുക.

| സുറിയാനിയിൽ | മലയാളത്തിൽ | സുറിയാനിയിൽ | മലയാളത്തിൽ |
|---|---|---|---|
| സ്ലീബോ | സ്ലീബാ | ഹാശോ | ഹാശ |
| മദ്ബഹോ | മദ്ബഹാ | മാലാഖോ | മാലാഖ |
| ക്യംതോ | ക്യംതാ | മാമ്മൂദീസോ | മാമ്മൂദീസ |
| ഊശാനോ | ഊശാന | കൂദാശോ | കൂദാശ |
| മ്ശീഹോ | മശിഹാ | സൊഹദൊ | സഹദാ |
| സ്ക്കീഫോ | സ്ക്കീഫാ | കൊഹനോ | കഹനാ |
| ശ്ലീഹോ | ശ്ലീഹാ | മ്ശെമ്ശോനോ | ശെമ്മാശൻ |
| ന്ബീയോ | നിബി | മപ്രിയാനോ | മപ്രിയാന |
| കോസോ | കാസ | കാതോലിക്കോ | കാതോലിക്ക |
| കീഫോ | കീഫ | യൂഹാനോൻ | യോഹന്നാൻ |
| കൊഹനൂസോ | കഹനൂസാ | യൽദോ | യൽദാ |

മാർ എന്ന് പുല്ലിംഗരൂപത്തിൽ മർത് എന്ന് സ്ത്രീലിംഗരൂപത്തിലും ഉപയോഗിക്കുന്നത് ശരിയായ പ്രയോഗം തന്നെയാണ്.

? പള്ളിയുടെ സ്ഥിര കൂദാശയെ മൂറോൻ കൂദാശ എന്ന് വിശേഷിപ്പിക്കാമോ? - ഫാ. കൊള്ളന്നൂർ

= സ്ഥിരകൂദാശ, താൽക്കാലിക കൂദാശ എന്നിങ്ങനെ പള്ളി കൂദാശക്കു രണ്ടു ക്രമങ്ങളില്ല. ഒരു ക്രമമേ ഉള്ളൂ. അത് സ്ഥിരകൂദാശയുടെ ക്രമമാണ്. സ്ഥിരകൂദാശക്ക് പള്ളി സജ്ജമാകാതിരിക്കുകയും പള്ളിയിൽ കുർബ്ബാന അർപ്പിക്കേണ്ടുന്ന ആവശ്യം വരികയും ചെയ്താൽ പള്ളി കൂദാശയുടെ ക്രമത്തിൽ നിന്ന് ചില പ്രാർത്ഥനകളും ഗാനങ്ങളും ഉപയോഗിച്ച് കൂദാശ ചെയ്യാറുണ്ട്. തൽക്കാല കൂദാശ എന്ന് സാധാരണ പറയുന്നത് ഇതിനെയാണ്. സാക്ഷാൽ പള്ളി കൂദാശയിൽ വി. മൂറോൻ അഭിഷേക തൈലമായി ഉപയോഗിക്കുന്നു. തബിലൈത്തായുടെ കൂദാശയിലും മൂറോൻ അഭിഷേകവും മുദ്രണവും ഉണ്ട്. ആ ശുശ്രൂഷയിലും പള്ളി കൂദാശയുടെ ക്രമം തന്നെയാണ് ഉപയോഗിക്കുന്നത്. എന്നാലും അവയെ തബിലൈത്ത കൂദാശയെന്നും പള്ളി കൂദാശയെന്നും അല്ലാതെ മൂറോൻ കൂദാശയെന്ന വിശേഷണം ഉപയോഗിക്കാറില്ല. കൂദാശ ചെയ്യപ്പെടുന്ന വസ്തുവിനോട് ചേർന്നാണ് കൂദാശ എന്ന പദം സുറിയാനി ഭാഷയിൽ ഉപയോഗിക്കുന്നത്. പള്ളി കൂദാശ, തബിലൈത്ത കൂദാശ, ഭവന കൂദാശ (കൂദൊശ് ഈത്തോ, കൂദൊശ് തബിലൈത്ത, കൂദൊശ് ബൈത്തോ എന്നീ പ്രയോഗങ്ങൾ കാണുക). മൂറോൻ തൈലം ശുദ്ധീകരിക്കുന്ന ശുശ്രൂഷയെയാണ് മൂറോൻ കൂദാശ എന്ന് പറയുക. സുറിയാനിയിൽ കൂദൊശ് മൂറോൻ എന്ന് പറയും. മാമ്മോദീസായ്ക്കും തൈലാഭിഷേകത്തിനു മുമ്പ് സൈത്ത് ശുദ്ധീകരണ ശുശ്രൂഷയെ കൂദൊശ് മെശഹോ എന്നാണ് സുറിയാനിയിൽ പറയുക. പള്ളി ശുദ്ധീകരിക്കുമ്പോൾ പള്ളി കൂദാശ, ഭവനം ശുദ്ധീകരിക്കുമ്പോൾ ഭവന കൂദാശ, തൈലം ശുദ്ധീകരിക്കുമ്പോൾ തൈലം കൂദാശ എന്നിങ്ങനെയാണ് പ്രയോഗങ്ങൾ. പള്ളി കൂദാശയിൽ വി. മൂറോൻ ഉപയോഗിക്കുന്നു എന്ന ന്യായം പള്ളി കൂദാശയെ മൂറോൻ കൂദാശയെന്ന് വിശേഷിപ്പിക്കുവാൻ പ്രമാണമാകുന്നില്ല. വി. മൂറോൻകൊണ്ട് അഭിഷേകം ചെയ്യുന്ന മാമ്മോദീസായെ മൂറോൻ കൂദാശ എന്ന് വിശേഷിപ്പിക്കാറില്ലല്ലോ. പള്ളി കൂദാശയെ മൂറോൻ കൂദാശയെന്ന് പറയുന്ന പതിവ് സഭയുടെ ചില ഭാഗങ്ങളിൽ ആവിർഭവിച്ചിട്ട് മൂന്ന് പതിറ്റാണ്ടിലേറെ ആയിട്ടില്ല. പള്ളി കൂദാശ എന്നാണ് സാധുവായ പ്രയോഗം. താൽക്കാലിക കൂദാശയിൽ നിന്ന് സ്ഥിരകൂദാശയെ തിരിച്ചറിയാൻ വേണ്ടിയാണ് പള്ളിയുടെ സ്ഥിരകൂദാശയെ മൂറോൻ കൂദാശയെന്ന് പറയുന്നതെങ്കിലും അത് അസാധുവായ പദപ്രയോഗമാണ്. സാധാരണങ്ങളിൽ അത് അനുവദിക്കാമെങ്കിലും ലിഖിത ഭാഷയിൽ ആ പ്രയോഗം ഒഴിവാക്കുക തന്നെ വേണം. അല്ലാത്ത പക്ഷം പള്ളി കൂദാശയും മൂറോൻകൂദാശയും ഒന്നാണെന്നും ഒരു ക്രമമാണെന്നും അറിവില്ലാത്തവർ എഴുതിത്തുടങ്ങും. സഭയിലെ പല പദപ്രയോഗങ്ങളും ഇപ്രകാരം നിരോധിക്കാത്തതുകൊണ്ട് പലപ്പോഴും അവ നവീനമായ വിശ്വാസവ്യാഖ്യാനങ്ങൾക്ക് ഇടനൽകിയിട്ടുണ്ട്.

? സ്നാനാർത്ഥി മാമ്മോദീസായിൽ പൗരോഹിത്യം സ്വീകരിക്കുന്നുണ്ടോ?

= ഇല്ല. പരിശുദ്ധാത്മാവിനെ പകരാനുള്ള നൽവരമാണ് പൗരോഹിത്യം. മാമ്മോദീസായിൽ പ.ആത്മാവിനെ പ്രാപിക്കുന്നുവെങ്കിലും പകരാനുള്ള നൽവരം നൽകുന്നില്ല. പ.റൂഹായെ വിതരണം ചെയ്യാനുള്ള നൽവരത്തിനായുള്ള പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥന സഭ നടത്തുന്നത് പട്ടംകൊടയിൽ മാത്രമാണ്. രക്ഷയുടെ ഭണ്ഡാരത്തിൽ നിന്ന് രക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള നൽവരം മാമ്മോദീസായിലും രക്ഷാമാർഗ്ഗങ്ങൾ വിതരണം ചെയ്യാനുള്ള നൽവരം പൗരോഹിത്യകൂദാശയിലും നൽകുന്നു. അഭിഷേകം വഴി അഹറോനെ പൗരോഹിത്യം നൽകുന്നതിന്റെ പാട്ടുകൾ മാമ്മോദീസായുടെ ക്രമത്തിൽ 1876 ൽ പത്രോസ് തൃതീയൻ ബാവ കൂട്ടിച്ചേർത്തതാണ്. സാക്ഷാൽ കൂദാശക്രമത്തിൽ അത് ഉണ്ടായിരുന്നില്ല. ശുശ്രൂഷാക്രമങ്ങളിൽ കൂട്ടിച്ചേർക്കലുകൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. യൽദോ, സ്വർഗ്ഗാരോഹണം,ഇടവകപെരുന്നാളുകളിലെ സ്ലീബാഘോഷം, വിവാഹകൂദാശയിലെ മൂടുപടം ധരിപ്പിക്കുമ്പോൾ ചൊല്ലുന്ന പാട്ട്, പട്ടംകൊടയിൽ പരിശുദ്ധാത്മാഭിഷേക സമയത്ത് ചൊല്ലിവരുന്ന (പരിശുദ്ധൻ റൂഹാവന്നെത്തി ആത്മശരീരക്കറകൾ മായിക്കേണം എന്നർത്ഥം വരുന്നത്) ഗാനം, ഭവനകൂദാശയിൽ വെള്ളത്തിൻമേലുള്ള പ്രാർത്ഥന തുടങ്ങിയവ ഉദാഹരണം. ഇതൊക്കെ കൂട്ടിച്ചേർക്കുന്നവർ അക്കാര്യങ്ങൾ പുസ്തകങ്ങളിൽ വിശദമാക്കാറില്ലെന്നത് ആരാധനാ സാഹിത്യത്തോട് അവർ ചെയ്യുന്ന അക്ഷന്തവ്യമായ അപരാധം തന്നെയാണ്. (മാറ്റങ്ങൾ വരുത്തിയ പ്രമാണികൾ അതിന്റെ സാംഗത്യം, തിയ്യതി ഇവ കുറിപ്പായിട്ടെങ്കിലും ചേർക്കേണ്ടതല്ലേ?)

# മതഗ്രന്ഥങ്ങളും നിയമങ്ങളും

(കഴിഞ്ഞ ലക്കം തുടർച്ച........)

ഫാ. ഡോ ജോർജ്ജ് പുലിക്കോട്ടിൽ

ദൈവവിശ്വാസത്തോടും രക്ഷാസിദ്ധാന്തത്തോടും അനുബന്ധിച്ച് എല്ലാ മതങ്ങളിലും ചില പ്രമാണ ഗ്രന്ഥങ്ങളും നിയമാവലികളും (Scripture and code of conduct) കാണാം. മതത്തിന്റെ വേദശാസ്ത്രപരമായ അടിസ്ഥാനവും ധാർമ്മിക പ്രബോധനങ്ങളും മൂല്യബോധവും അവ നടപ്പിൽ വരുത്തുന്നതിനുള്ള സാമൂഹിക നിയമങ്ങളും ഉൾപ്പെടുന്നതായിരിക്കും ഇവ. കഥകൾ നിർദ്ദേശങ്ങൾ, പ്രസംഗങ്ങൾ, ദർശനങ്ങൾ അരുളപ്പാടുകൾ, ചരിത്ര സംഭവങ്ങൾ, സംവാദങ്ങൾ തുടങ്ങിയ സംവേദന മാധ്യമങ്ങളിലൂടെയായിരിക്കും ഈ ഗ്രന്ഥങ്ങൾ അനുവാചകരിലെത്തുന്നത്. ഇവയിൽ സൃഷ്ടിയുടെ ആരംഭം ഉൽപ്പത്തി ചരിത്രം മതസ്ഥാപകനെകുറിച്ചുള്ള കഥകൾ, പ്രവർത്തകരുടെ പുണ്യ-വീര്യപ്രവർത്തികൾ എന്നിങ്ങനെ അനേകം വിഷയങ്ങളുണ്ടായിരിക്കും.

### ആചാരാനുഷ്ഠാനങ്ങൾ

ആരാധനാ മൂർത്തിയെ ശുശ്രൂഷിക്കുവാനും അനുഗ്രഹങ്ങൾ യാചിക്കുവാനും ആത്മശരീരമനസ്സുകളുടെ ശുദ്ധിക്കും വസ്തുക്കളുടെയും കാലങ്ങളുടെയും ശുദ്ധീകരണത്തിനുമൊക്കെയായി എല്ലാ മതങ്ങളിലും ആചാരാനുഷ്ഠാനങ്ങൾ കാണാം. വ്യക്തിപരമായും സമൂഹമൊന്നിച്ചും നടത്തുന്ന ആചാരാനുഷ്ഠാനങ്ങളുണ്ട്. ബലി, പൂജ, നമസ്കാരങ്ങൾ, സംസ്കാരങ്ങൾ, തുടങ്ങി ഇവ, അനവധിയാണെങ്കിലും ഏറ്റവും പ്രാധാനമായി എല്ലാമതങ്ങളിലും കാണുന്നത് പ്രാർത്ഥനയാണ്. ഭക്തനും മൂർത്തിയും തമ്മിലുള്ള വ്യക്തിപരമായ ബന്ധവും സംസർഗ്ഗവുമാണ് പ്രാർത്ഥന. ദേവസ്തുതിപ്പ്, യാചനകൾ, പാപമേറ്റുപറച്ചൽ, ധ്യാനം തുടങ്ങിയവയെല്ലാം പ്രാർത്ഥനയുടെ ഭാഗങ്ങളാണ്. ഓരോ ദിവസങ്ങളിലും നടത്തേണ്ട പൂജകൾക്കു പുറമെ പ്രത്യേക സമയത്തും സന്ദർഭങ്ങളിലും നടത്തേണ്ട പൂജകളും കാണുന്നുണ്ട്.

### വിശുദ്ധ സ്ഥലങ്ങളും വസ്തുക്കളും തീർത്ഥാടനവും.

മതത്തിന്റെ ഉത്ഭവം, സ്ഥാപകൻ, നേതാക്കൾ, ചരിത്രം തുടങ്ങിയവയോട് ബന്ധപ്പെട്ടുള്ള സ്ഥലങ്ങളും വസ്തുക്കളും വിശുദ്ധമായി കരുതുകയും അവിടം സന്ദർശിക്കുന്നതിലൂടെ അനുഗ്രഹം ലഭിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന പ്രവണത എല്ലാ മതങ്ങളിലും സർവ്വസാധാരണമായി കാണുന്നു. പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതോടൊപ്പം സ്നാനം നടത്തുക (തീർത്ഥാടനം); തല മുണ്ഡനം ചെയ്യുക, ക്ഷൗരം ചെയ്യുക തുടങ്ങിയ ആചാരങ്ങളും ഉണ്ട്. ഇവ ആത്മശരീര മനസ്സുകളുടെ ശുദ്ധീകരണം (purification) എന്ന സുപ്രധാനമായ ആശയത്തിന്റെ പ്രതീകങ്ങളാണ്. കൂടാതെ മതസ്ഥാപകരുടെയോ നേതാക്കളുടെയോ ജീവിതങ്ങളെ അനുകരിക്കുന്നതിലൂടെ മതാനുഭവത്തിൽ കൂടുതൽ വളരുവാനുള്ള പ്രചോദനവും ഇതിൽ നിന്ന് ലഭിക്കുന്നതാണ്. മതവിശ്വാസികളുടെ സംഗമത്തിനും ആശയവിനിമയത്തിനും ഇത്തരം തീർത്ഥാടന സ്ഥലങ്ങളും പുണ്യവസ്തുക്കളും വേദിയാകുന്നുണ്ട്.

### ബി) നാസ്തിക മതങ്ങൾ

അമാനുഷികമായ യാതൊന്നിലും വിശ്വാസമില്ലാത്ത മത പ്രസ്ഥാനങ്ങളാണ് പൊതുവെ നാസ്തിക മതങ്ങൾ എന്നറിയപ്പെടുന്നത്. ദൈവവിശ്വാസം ഇവർക്കില്ലാത്തതിനാൽ ദൈവത്തോടുള്ള പ്രാർത്ഥനയുമില്ല. മനുഷ്യനന്മയ്ക്കും ലോകനന്മയ്ക്കും പ്രഥമസ്ഥാനം നൽകി, ആയതിനുള്ള കൂട്ടായയത്നത്തിൽ പങ്കുചേരുക എന്നതാണ് ഇവരുടെ ലക്ഷ്യം. വേദഗ്രന്ഥങ്ങളുടെ പ്രമാണികതയിൽ ഇവർക്ക് വിശ്വാസമില്ല. പൗരാണിക ഗ്രന്ഥങ്ങളിലെ ധാർമ്മിക പ്രബോധനങ്ങളെ ഉൾക്കൊണ്ട് ജീവിതം അർത്ഥപൂർണ്ണമാകുക എന്നതിലുപരി ഗ്രന്ഥങ്ങൾക്ക് ദൈവ വെളിപാടുകൾ എന്ന സ്ഥാനം നൽകുന്നില്ല. നീതിബോധം, ഭൂതദയ, ധാർമ്മികത തുടങ്ങിയ ലക്ഷ്യങ്ങളിലേക്കുള്ള യാത്രയാണ് നാസ്തിക മതങ്ങളുടെ സന്ദേശം.

ദൈവ നിഷേധത്തോടൊപ്പം ആത്മാവിനെയും നിഷേധിക്കുന്ന നാസ്തികരുമുണ്ട്. എന്നാൽ ആത്മാവിന്റെ സാന്നിദ്ധ്യത്തെ അംഗീകരിക്കുന്ന വിഭാഗങ്ങളുമുണ്ട്. ബുദ്ധമതം ദൈവത്വത്തെയും ആത്മാവിനെയുമൊന്നിച്ച് നിഷേധിക്കുമ്പോൾ ജൈനമതം ദൈവത്തെ നിഷേധിക്കുകയും, എന്നാൽ ആത്മാവിനെ ഒരു പരിധിവരെ അംഗീകരിക്കുകയും ചെയ്യുന്നു. ചാർവ്വകരാകട്ടെ പൂർണ്ണമായും തത്വചിന്തയിലും യുക്തിഭദ്രതയിലും മാത്രം പ്രപഞ്ചവീക്ഷണം നടത്തുന്നവരും വേദബ്രാഹ്മണ്യ മതങ്ങളെ നഖശിഖാന്തം എതിർക്കുന്നവരുമാണ്.

ദൈവനിഷേധമൊഴിച്ചാൽ ആസ്തിക മതത്തിന്റെ മിക്കവാറും സ്വഭാവങ്ങളും ഒരു സ്ഥാപിത പ്രസ്ഥാനമെന്ന നിലയിൽ നാസ്തികരിലും കാണാവുന്നതാണ്. ധർമ്മപ്രവാചകന്മാർ, അവരുടെ പഠിപ്പിക്കലുകൾ, അവ രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥങ്ങൾ, അവ അനുഷ്ഠിക്കുവാനുള്ള മാർഗ്ഗങ്ങൾ, അവ വ്യക്തിജീവിതത്തിലേക്ക് സംക്രമിപ്പിക്കുവാനുള്ള യോഗാദിവിധികൾ, നിയമാവലികൾ, സ്ഥാപനങ്ങൾ, സത്യാന്വേഷണ യാത്രകൾ, പുണ്യസ്ഥലങ്ങൾ (ഉദാ:- ഗയ, കപിലവസ്തു, കാശി,......) തുടങ്ങിയവയെല്ലാം ഇവിടെയും ദൃശ്യമാണ്.

ആസ്തികം, നാസ്തികം എന്ന തരംതിരിവ് പരമ്പരാഗതമായി ഉപയോഗിക്കുന്നതാണെങ്കിലും പദാർത്ഥവിശകലനത്തിൽ അവ അത്രതന്നെ നീതി പുലർത്തുന്നില്ല എന്ന് ചൂണ്ടിക്കാണിക്കട്ടെ. ആസ്തികമെന്നാൽ അസ്ഥിത്വമുള്ളതെന്നാണ് സാരം. നാസ്തികമെന്നാൽ അസ്ഥിത്വമില്ലാത്തത്. അപ്പോൾ ദൈവനിഷേധികളും വേദത്തിൽ വിശ്വാസമില്ലാത്തതുമായവരെ അസ്ഥിത്വമില്ലാത്തവരെന്ന് മറുഭാഗം ആക്ഷേപിച്ചതാണ് എന്ന് മനസ്സിലാക്കാം. മതപഠനത്തിൽ പരമ്പരാഗതമായി ഈ പദങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് വിഷയവിശകലനത്തിന് ഈ സംജ്ഞകൾ ഉപയോഗിച്ചുവെങ്കിലും ഈശ്വരവിശ്വാസികൾ എന്നും നിരീശ്വരവാദികൾ എന്നും വിളിക്കുന്നതായിരിക്കും കൂടുതൽ ശരി.

## 2) മതത്തിന്റെ ആരംഭം, സിദ്ധാന്തങ്ങൾ

മതത്തിന്റെ ആരംഭം എന്ന്, എവിടെ എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് ആധികാരികമായ ഉത്തരം കിട്ടുക പ്രയാസമാണ്. മനുഷ്യനോളം പഴക്കമുണ്ട് മതത്തിനും എന്നതിനാൽ മതങ്ങളും ചരിത്രാതീത കാലം മുതൽ തന്നെ നിലനിൽക്കുന്ന ജനകീയ സ്ഥാപനങ്ങളാണ് എങ്കിലും വ്യവസ്ഥാപിതമായ മതപഠനത്തിനുള്ള ശ്രമമെന്ന നിലയിൽ മതങ്ങളുടെ ആരംഭത്തെക്കുറിച്ച് ചിന്തിക്കുകയും ഈ വിഷയത്തിൽ പഠനങ്ങൾ നടത്തിയിട്ടുള്ളവരുടെ അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ചർച്ച നടത്തുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം.

ചരിത്രകാരന്മാരും, നരവംശ ശാസ്ത്രജ്ഞന്മാരും, സാമൂഹ്യശാസ്ത്രജ്ഞന്മാരും, മനഃശാസ്ത്ര വിദഗ്ദവും തുടങ്ങി സൃഷ്ടിയുടെ ആരംഭം പഠിക്കുവാൻ ശ്രമിക്കുന്ന എല്ലാവരും തന്നെ മതത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ കഴിവുള്ളിടത്തോളം തെളിവുകളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ശാസ്ത്രീയ പഠനങ്ങളാണ് മതത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളായി അറിയപ്പെടുന്നത്. എന്നാൽ നിർവ്വചനത്തിന്റെ കാര്യത്തിൽ കണ്ടതുപോലെ ഇവിടെയും ഇതിൽ എന്തെങ്കിലും ഒരു സിദ്ധാന്തം പൂർണ്ണമായും ശരിയെന്നോ, തെറ്റെന്നോ പറയുവാൻ കഴിയുകയില്ല. മറിച്ച് എല്ലാ സിദ്ധാന്തങ്ങളും ഭാഗികമായി ശരിയായിരിക്കാം എന്നുമാത്രം. അതുപോലെ തന്നെ ഓരോ സിദ്ധാന്തവും സൈദ്ധാന്തികന്റെ പഠന സാഹചര്യങ്ങളോടും മാനസിക താല്പര്യങ്ങളോടും വളരെ ബന്ധ

# അധികാരം ഓർത്തഡോക്സ് കാഴ്ചപ്പാടിൽ

മുൻ ലക്കം തുടർച്ച...........

ഫാ. സി. സി. ചെറിയാൻ

## 4) സഭയുടെ അധികാരം

വി. വേദപുസ്തകത്തിൽ ലിഖിതമായി വെളിപ്പെട്ട ക്രൈസ്തവ പ്രമാണങ്ങളെ സഭയുടെ പാരമ്പര്യമായി സ്വീകരിച്ച് വ്യാഖ്യാനിച്ചു പഠിപ്പിക്കുവാൻ സഭയ്ക്ക് അധികാരമുള്ളതിനാൽ, സഭയെ കാലാകാലങ്ങളിൽ കാല-ദേശ-ഭാഷാ-സംസ്കാരങ്ങൾക്കനുസൃതമായി അടിസ്ഥാന പ്രമാണങ്ങളിൽ നിന്നും വേറിട്ടു പോകാതെയും എതിരാകാതെയും പാരമ്പര്യങ്ങൾക്കു രൂപംകൊടുത്ത സഭയ്ക്ക് ആദിമ സഭയിൽ എന്നപോലെ തന്നെ ഇന്നും അധികാരമുണ്ടെന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. വേദപുസ്തകം സഭയ്ക്ക് മുകളിലല്ല. പിതാവാം ദൈവത്തിന് സ്വയം വിധേയപ്പെടുത്തിക്കൊടുത്തവനും പരിശുദ്ധാത്മാ നടത്തിപ്പിൽ വ്യാപരിപ്പിക്കുന്നവനുമായ യേശുക്രിസ്തുവാകുന്ന ജീവിക്കുന്ന വചനമാണ് സഭയുടെ തലയും അടിസ്ഥാനവും ആ ജഡമെടുത്ത വചനമായ യേശുക്രിസ്തുവിനെ ഒന്നാം നൂറ്റാണ്ടിലെ ചരിത്രത്തിന്റെ താളുകളിൽ, വാചകത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്താനാവില്ല. അങ്ങിനെ വരുമ്പോൾ യേശുക്രിസ്തുവിന്റെ ശരീരമായ സഭയിൽ കാലാകാലങ്ങളിൽ രൂപം കൊണ്ടിട്ടുള്ള മർമ്മങ്ങളെല്ലാം ക്രൈസ്തവ ജീവിതത്തിന് ആധാരമായിത്തീരുന്നു. യേശുക്രിസ്തുവിൽ സജീവമായി വെളിപ്പെട്ട യഥാർത്ഥ ദൈവസ്വഭാവമാണ് ആധികാരികതയുടെ അടിസ്ഥാനം. സ്നേഹിക്കുന്നതിനും, ശുശ്രൂഷിക്കുന്നതിനും, സ്വയം സമർപ്പിക്കുന്നതിനും, കഷ്ടപ്പെടുന്നതിനും മരണത്തോളം ത്യാഗം അനുഭവിക്കുന്നതിലുമാണ് യേശുക്രിസ്തുവിലുള്ള അധികാരം സ്ഥിതി ചെയ്യുന്നത്. ആദിമസഭാധികാരികളിലും സ്നേഹത്തിന്റെ ശുശ്രൂഷയുടെ ത്യാഗത്തിന്റെ രക്തസാക്ഷിത്വത്തിന്റെ അധികാരം മാത്രമെ സാധാരണ കാണുന്നുള്ളു. രാജകീയ-രാഷ്ട്രീയ-സാമൂഹ്യ ശൈലിയിലുള്ള അധികാര വടംവലികൾ സഭയിലും പിൽക്കാലത്ത് ഉടലെടുക്കാൻ ഇടയായി എന്നത് ഒരു ദുഃഖസത്യം തന്നെ. അപ്രകാരമുള്ള അധികാര പ്രവണത പരിശുദ്ധാത്മാ നടത്തിപ്പുള്ള പാരമ്പര്യമായി അംഗീകരിക്കണമെന്ന ചില അധികാരികളുടെ വാദമാണ് യഥാർത്ഥ ഭിന്നത സഭയിൽ ഉണ്ടാക്കുന്നത്.

യേശുക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹത്തിന്റെ, ത്യാഗത്തിന്റെ കഷ്ടതയുടെ അധികാരം പ്രമാണമായി സ്വീകരിക്കാൻ സഭയ്ക്ക് കഴിയണം.ലൗകീകനിലയിൽ അധികാരം സംരക്ഷിക്കപ്പെടേണ്ടതും സഭാംഗങ്ങൾ ആത്മീകമായി അധപതിക്കുമ്പോൾ ആവശ്യമായിവരും എന്നാൽ ആ മാനദണ്ഡങ്ങൾ സഭയുടെ സാധാരണ ഗതിയിലുള്ള പ്രമാണവും പാരമ്പര്യവുമായി അംഗീകരിപ്പിക്കാനുള്ള പ്രവണത ഏതു ഭാഗത്തുനിന്നുണ്ടായാലും സഭയുടെ ആത്മീക വളർച്ചക്കും കെട്ടുപണിക്കും അതുവേണ്ടത്ര ഉതകുകയില്ല. വേദവിപരീതങ്ങളും അക്രൈസ്തവ രീതികളും സഭയിൽ ഉണ്ടാകുമ്പോൾ അവയെ നേരിടുന്നതിലേക്ക് ആവശ്യമായ അധികാരികളും പ്രമാണങ്ങളും സുന്നഹദോസുകളും സമിതികളുമെല്ലാം ആവശ്യമാണ്. എന്നാൽ സഭയുടെസാധാരണ സ്വഭാവത്തിൽ യേശുക്രിസ്തുവിന്റെ അധികാരം സംരക്ഷിക്കപ്പെടുന്നതിലേക്കും വിശ്വാസികളെ ആത്മീകമായി വളർത്തുന്നതിലേക്കും അവയെല്ലാം ഉപാധികളായി തീരണമെന്നുമാത്രം. ക്രിസ്തുവിനെ ജീവിക്കുന്നവനായി സമൂഹത്തിൽ അവതരിപ്പിക്കുക എന്നതായിരിക്കണം അധികാരം കൊണ്ടും, പ്രമാണംകൊണ്ടും, പാരമ്പര്യംകൊണ്ടുമൊക്കെ ആത്യന്തികമായി സാധിച്ചെടുക്കേണ്ടത്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രമാണമാണ് ക്രൈസ്തവ അധികാരത്തിനടിസ്ഥാനം

## 5) ക്രിസ്തീയ പാരമ്പര്യവും ഭാരതീയ പ്രമാണങ്ങളും

സഭയുടെ ചരിത്രത്തിൽ കാലാകാലങ്ങളിൽ പരിശുദ്ധാത്മ നടത്തിപ്പിലൂടെ വികസിച്ചുവന്ന ഒരു സജീവ പാരമ്പര്യമാണ് സഭയുടെ ആധികാരിക പ്രമാണത്തിന് അടിസ്ഥാമെന്നു നാം കണ്ടു. യഹൂദമതത്തിലെയും ഗ്രീക്ക് സ്ളാവോണിക്, ലത്തീൻ, സിറിയൻ തുടങ്ങിയ സംസ്കാരങ്ങളിലെയും ഘടകങ്ങളെ ഉൾക്കൊണ്ട് വളരുവാൻ, അങ്ങനെയുള്ള ക്രൈസ്തവ പാരമ്പര്യത്തിനു രൂപം കൊടുക്കാൻ ആധികാരിക സമൂഹമായി സഭ നിൽക്കുമ്പോൾ, ഭാരതത്തിലും അപ്രകാരം ഒരു ക്രൈസ്തവ പാരമ്പര്യം മെനഞ്ഞെടുക്കുവാൻ ആവശ്യമായ സമീപനങ്ങൾ കൈക്കൊള്ളുവാൻ ഭാരതത്തിലെ സഭയ്ക്കു, ക്രൈസ്തവ സമൂഹത്തിനു മുഴുവനായി ത്തന്നെ ചുമതലയുണ്ട്. അങ്ങനെ ഒരു സജീവ ഭാരതീയ ക്രൈസ്തവ പാരമ്പര്യത്തിനും രൂപം കൊടുക്കുമ്പോൾ ഭാരതീയ മതഗ്രന്ഥങ്ങളും ക്രൈസ്തവ ആചാരാനുഷ്ഠാനങ്ങളും സംസ്കാര രീതികളും ക്രൈസ്തവ വേദപ്രമാണത്തിനും പാരമ്പര്യത്തിനും എതിരില്ലാത്ത വിധത്തിൽ ആവോളം ഉൾക്കൊള്ളുവാനും ക്രൈസ്തവ മൂല്യങ്ങൾക്കൊണ്ടു നിറയ്ക്കുവാനും ക്രൈസ്തവർക്കു ചുമതലയുണ്ട്. അപ്രകാരം പാടില്ലെന്നു ശഠിക്കുന്ന ദേശീയവും വിദേശീയവുമായ പ്രവണതകളെ ക്രിയാത്മകമായി നേരിടുവാനും, ദേശീയമണ്ണിൽ വളർന്നു വേരുറച്ചു വളവും വെള്ളവും വെളിച്ചവും സ്വീകരിച്ചു വളർന്നവരുന്ന ഒരു ക്രൈസ്തവ സമൂഹത്തെ കെട്ടിപ്പടുക്കാനുള്ള സഭയുടെ അധികാരത്തെ ഓർത്തഡോക്സ് സഭകൾ എക്കാലവും വിലമതിച്ച്, അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. ആ വഴിയിലൂടെയുള്ള പരിശ്രമം ഭാരതത്തിലും ത്വരിതപ്പെടുത്തുവാൻ പരിശുദ്ധാത്മ നടത്തിപ്പിനായി കാത്തിരുന്നു പ്രവർത്തിക്കാം. (അവസാനിച്ചു)

---

പ്പെട്ടു നിൽക്കുന്നതായി കാണാം.

ആയതിനാൽ സ്വതന്ത്രമായി ഈ സിദ്ധാന്തങ്ങൾ പഠിക്കുകയും അവ നൽകുന്ന അനുഭവത്തിന്റെയും പാഠങ്ങളുടെയും പശ്ചാത്തലത്തിൽ പഠിതാവ് മതാരംഭത്തിന്റെ വിവിധ സാധ്യതകളെ അടുത്തറിയുകയുമാണ് ചെയ്യേണ്ടത്. ഈ അറിവ് മതപഠനത്തിനുള്ള ഒരു നല്ല പശ്ചാത്തലമായി ഉപയോഗപ്പെടുകയും ചെയ്യും.

20-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ന്യുയോർക്കിലെ യേൽ (Yale) യൂണിവേഴ്സിററിയിലെ John Clark എന്ന പ്രൊഫസർ തന്റെ പുരാവസ്തു ഗവേഷണപഠനത്തിന്റെ ഭാഗമായി കിഴക്കൻ യൂറോപ്പിലെ ഒരു താഴ്വരയിൽ നിന്നും 35,000ത്തിലധികം വർഷം പഴക്കമുള്ള ഒരു മനുഷ്യാസ്ഥികൂടം കണ്ടെടുത്തു. അതിന്റെ തല ഒരു കൽതൂണിന്മേൽ ഇരിക്കുന്ന രീതിയിലും ശരീരത്തിന് ചുററും മൃഗങ്ങളുടെ അസ്ഥികൾ കൊണ്ട് ഒരു വലയം സൃഷ്ടിച്ചിരിക്കുന്ന രീതിയിലുമാണ് കണ്ടെത്തിയത്. മതപരമായ ഒരു സംസ്ക്കാരചടങ്ങിന്റെ ബാക്കിപത്രമാണ് ഈ അസ്ഥികൂടം എന്ന് ക്ലാർക്ക് വിലയിരുത്തുന്നു. ഇതിൽ നിന്നും മതത്തിന് ചരിത്രാതീത കാലത്തോളം പഴക്കമുണ്ടെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു (Religion is very old, it may be as old as primitive man - John Clark)

ബ്രിട്ടീഷ് നരവംശ ശാസ്ത്രജ്ഞനായ R. R. Marret ജോൺ ക്ലാർക്കിന്റെ അഭിപ്രായത്തോട് യോജിക്കുന്നു. ബി. സി. 15000 മുതലെങ്കിലും മതത്തിന്റെ സ്വാധീനം അറിയപ്പെടുന്ന എല്ലാ നാഗരികതകളിലും വളരെ ശക്തമായി കാണുന്നതായി അദ്ദേഹം സിദ്ധാന്തിക്കുന്നു. മതവുമായുള്ള സജീവ ബന്ധത്തിലല്ലാതെ ഒരു സംസ്കാരവും ഉണ്ടായിട്ടില്ല എന്നു അദ്ദേഹത്തിന്റെ പഠനം തീർത്തു പറയുന്നു.

മതത്തിന്റെ സാന്നിദ്ധ്യം പൗരാണിക കാലംമുതൽ മനുഷ്യനിൽ ഉണ്ടെന്ന് കണ്ടെത്തിയ നിലയ്ക്ക് അതിന്റെ ആവിർഭാവത്തെക്കുറിച്ചുള്ള അനേകം പഠനങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടുമുതൽ തന്നെ ഉണ്ടായി. (തുടരും)

# നേർച്ചകളും വഴിപാടുകളും

മുൻ ലക്കം തുടർച്ച..........

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**4) നേർച്ചകളും വഴിപാടുകളും ദൈവത്തിനു കൊടുക്കുന്നത് കൈക്കൂലിയായി വിചാരിക്കരുത്.**

കൈക്കൂലിയുടെ ഉപയോഗം ഏതെങ്കിലും ഒരുകാര്യം ചെയ്തുകൊടുക്കുന്നതിനു മനസ്സില്ലാത്തവർക്കു മനസ്സുണ്ടാകുവാനും ചെയ്യരുതാത്തതു ചെയ്തുകിട്ടുവാനുമാണല്ലോ. ന്യായമായ സംഗതി ചെയ്തുകൊടുക്കുന്നതിനു കൈക്കൂലിയുടെ ആവശ്യം ഇല്ല. അവരവർ അർഹിക്കാത്ത കാര്യങ്ങൾ ലഭിക്കുന്നതിന് ദൈവത്തിനു കാഴ്ചകൾ കൊടുത്തു പ്രസാദിപ്പിച്ചാൽ ദൈവം ചെയ്തുകൊടുക്കും എന്നു വിചാരിച്ച് ആ വിധത്തിൽ നേർച്ചക്കാഴ്ചകൾ കൊടുക്കുന്നവരുമുണ്ട്. അക്രമമായും അനീതിയായും പണമുണ്ടാക്കിയിട്ട് ദൈവം അതിൽ കോപിക്കുവാതിരിക്കുവാനും, ആ ധനം കുറഞ്ഞുപോകാതിരിക്കാനായിട്ടു നേർച്ചക്കാഴ്ചകൾ കൊടുക്കുന്നത് ഈ സങ്കൽപ്പത്തിലാണ്. കഴിഞ്ഞ കുറെ കാലങ്ങളായി കരിഞ്ചന്തയും കൊള്ളലാഭവും വർദ്ധിച്ചതോടും കൂടി പല പള്ളികളിലും നേർച്ചസാധനങ്ങളും വഴിപാടുകളും കുർബ്ബാന ചൊല്ലിക്കലും വർദ്ധിച്ചിട്ടുണ്ട് എന്ന് ചില പള്ളി ചുമതലക്കാർ പറഞ്ഞു കേൾക്കാനിടയായി. അത് പരമാർത്ഥമാണെങ്കിൽ സാക്ഷാൽ മതബോധവും, ദൈവഭയവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നല്ലയോ അനുമാനിക്കേണ്ടത്. അഭിവൃദ്ധി എന്നും നല്ലകാര്യമെന്നും മാതൃകാപരമെന്നും പുറമെ നമുക്ക് പറയാവുന്ന പല സംഗതികളും നടക്കുമ്പോൾ അകമെ മതരാഹിത്യവും, കപടഭക്തിയും വിശ്വാസവഞ്ചനയുമാണ് നടമാടുന്നത്. മനുഷ്യന്റെ വഞ്ചനയെയും, കാപട്യത്തെയും, തന്ത്രങ്ങളെയും മൂടുന്നതിനു കൈക്കൂലി കൊടുത്താൽ ദൈവത്തെ കൂട്ടുകാരനായി ലഭിക്കുമെന്നു വിചാരിക്കുന്നതിനിടയാകുന്നതു തന്നെ മതത്തിന്റെ വലിയ അധഃപതനത്തെയല്ലയോ കാണിക്കുന്നത്?

മനുഷ്യരിൽ നിന്നു ദൈവത്തിങ്കലേക്കു ചെല്ലേണ്ടതായ കൈക്കൂലിയുണ്ട്. അതാണ് കണ്ണുനീർത്തുള്ളികൾ. അതാണ് പശ്ചാത്താപമുള്ള ഹൃദയം. അതാണ് അനുതാപം. ആ സമ്മാനം കൊടുത്തുകഴിഞ്ഞാൽ പിന്നെ കരിഞ്ചന്തക്കാരൻ മേലാൽ കരിഞ്ചന്തക്കാരനായിരിക്കയില്ല. മോഷ്ടാവ് പിന്നീട് മോഷ്ടാവല്ല. അതിർമാറ്റക്കാരനും കള്ളപ്രമാണമുണ്ടാക്കുന്നവനും ആ ജോലിക്കു പിന്നീട് തിരിയുകയില്ല. സഖായി കർത്താവിനോട് പറഞ്ഞത് ഞാൻ അപഹരിച്ചിട്ടുള്ളത് ഒന്നിന് നാലിരട്ടിയായി തിരികെ കൊടുക്കുന്നു എന്നത്രെ. ആധുനിക സഖായിമാർ നാലിരട്ടി തിരികെ കൊടുത്തില്ലെങ്കിലും അപഹരിച്ചതുമാത്രം തിരികെ കൊടുത്താലും മതിയായിരുന്നു! ഇരുമ്പു നാരായം വിഴിങ്ങിയുട്ട് ചുക്കുവെള്ളം അതിനു പരിഹാരമായി കുടിക്കുന്നതുപോലെയാണ്, അനുതപിക്കാതെയും അനീതിയിൽ നിന്നും അക്രമത്തിൽ നിന്നും പിന്തിരിയാതെയും ഇരുന്നിട്ടു ദൈവത്തിന്നോ പുണ്യവാന്മാർക്കോ കുറെ നേർച്ചകാഴ്ചകൾ കൊടുത്തിട്ടു പിന്നീട് പഴയ പടി മുന്നോട്ട് ജീവിച്ചാൽ മതിയെന്ന് തെറ്റിദ്ധരിക്കുന്ന അബദ്ധജീവിതം.

**5) നേർച്ചകളും വഴിപാടുകളുംകൊണ്ടു പാപങ്ങൾ പരിഹരിക്കപ്പെടും എന്ന് വിചാരിക്കരുത്.**

പാപം പരിഹരിക്കപ്പെടുന്നതിന് ഒരേ ഒരു മാർഗ്ഗമേ ഉള്ളൂ. കുറ്റബോധം ഉണ്ടായി അനുതപിക്കുകയും മേലാൽ ആ കുറ്റങ്ങൾ വരാതെ സൂക്ഷിക്കുകയും ചെയ്യുക. അനുതാപം ആത്മാർത്ഥമാണോ എന്നതിന്റെ ഉരക്കല്ല്, കുറ്റമായി ബോധ്യപ്പെട്ട കാര്യങ്ങൾ മേലാൽ വരാതെ സൂക്ഷിക്കുക എന്നതാണ്. പൊയ്ക്കൊൾക ഇനിയും പാപങ്ങൾ ചെയ്യരുത് എന്നുള്ളതാണ് കർത്താവിന്റെ സമാശ്വാസ വചനം. കുമ്പസാരം തന്നെ പലർക്കും പിന്നീടു പാപം ചെയ്യുന്നതിനുള്ള ഒരു ലൈസൻസ് പുതുക്കമായിത്തീരാറുണ്ട്. അതുമൂലം കുമ്പസാരത്തിന്റെ മാഹാത്മ്യം മറ്റുള്ളവർ തെറ്റിദ്ധരിക്കുകയും കുമ്പസാരം അനാവശ്യമെന്നും പറയുവാൻ ഇടയാകുകയും ചെയ്യുന്നു. 100 രൂപ അപഹരിച്ചവൻ ആ നൂറു രൂപ മടക്കിക്കൊടുത്തിട്ട് ചെയ്തകുറ്റത്തിന്റെ പ്രായശ്ചിത്തത്തിനായി ഒരു തുക അതിനു പുറമെ കൊടുക്കയാണെങ്കിൽ ആ തുക ഒരു വഴിപാടായിട്ടോ, കാഴ്ചയായിട്ടോ പരിഗണിക്കുന്നതിൽ തെറ്റില്ല.

നേർച്ചകളും വഴിപാടുകളും കൊണ്ടും പാപം പരിഹരിക്കാമെങ്കിൽ പണത്തിനു പ്രയാസമില്ലാത്തവർക്കു പാപപരിഹാരം പ്രാപിക്കുവാൻ ബുദ്ധിമുട്ടു കാണുകയില്ല. *ജന്മിമുതലാളി പൗരോഹിത്യ കൂട്ടുകെട്ടാണ്* മതം എന്ന് ആക്ഷേപിക്കുന്നവരുടെ വാദങ്ങൾ ശരിയാണെന്നും സമ്മതിക്കേണ്ടിവരും. നേർച്ചകളും വഴിപാടുകളും അർപ്പിക്കുന്ന ഒരു പൗരാണിക പദ്ധതിയായിട്ടു മാത്രമെ മതത്തെ കണക്കാനുള്ളൂവെങ്കിൽ ക്ഷേത്രവും പള്ളിയുമായിട്ട് വ്യത്യാസമൊന്നുമില്ലെന്ന് സമ്മതിക്കേണ്ടിവരും. നേർച്ചകളിലും വഴിപാടുകളിലും കൂടിയുള്ള ആദായമാണ് മതത്തിന്റെ ജീവചൈതന്യ ലക്ഷണമെങ്കിൽ ആ ഇനത്തിൽ പള്ളികളെക്കാൾ ബഹുമടങ്ങ് ആദായമുള്ള ക്ഷേത്രങ്ങളെപ്പറ്റി എന്തുപറയും? മതം ഏതായാലും ദേവീദേവന്മാർക്കോ പുണ്യവാന്മാർക്കോ വഴിപാടുകളും പൂജയും സമർപ്പിക്കുന്ന ഒരു പദ്ധതിയിൽ കൂടുതലായി യാതൊന്നും ചെയ്‌വാൻ ഇല്ലെങ്കിൽ ക്രിസ്തീയ വിശ്വാസത്തിനോ ക്രിസ്തുവിനോ യാതൊരു പ്രത്യേകതയും ഇല്ലെന്ന് സമ്മതിക്കേണ്ടിവരും. അങ്ങനെയല്ലയോ നമ്മുടെ അനേകം സഭാംഗങ്ങളും വി. കുർബ്ബാനയിൽ സംബന്ധിക്കുകയോ, വി. കുർബ്ബാന അനുഭവിക്കുകയോ ചെയ്യാതിരിന്നിട്ടും വെറും നേർച്ചകാഴ്ചകളും വഴിപാടുകളും പള്ളിക്കുകൊടുക്കുകയും, കുറെ കുർബ്ബാനകൾ പട്ടക്കാരനെക്കൊണ്ട് ചൊല്ലിക്കുകയും ചെയ്തിട്ട് വേറൊന്നും ചെയ്‌വാൻ ഇല്ലാത്തതുപോലെ കഴിഞ്ഞുകൂടുന്നത്!

**6) ചില സ്ഥലങ്ങളിലെ നേർച്ചകളുടെ ഉദാഹരണങ്ങൾ:**

പല നേർച്ചകളുടെയും നേർച്ചകുർബ്ബാനകൾ ചൊല്ലിക്കുന്നതിന്റെയും അടിസ്ഥാനം അറിയുന്നതും രസാവഹമായിരിക്കും. വല്ല രോഗം മൂലമോ, കുടുംബനഷ്ടങ്ങൾ മൂലമോ കഷ്ടപ്പെടുന്നവർ ചില *വൈദ്യന്മാരെ* സമീപിക്കും. അവർ ചികിത്സകൾക്കു പുറമെ മറ്റു ചില വിധികളും കൽപ്പിക്കും. ഹൈന്ദവരാണ് അവരെ സമീപിക്കുന്നതെങ്കിൽ ഇന്ന ക്ഷേത്രത്തിൽ ഇന്ന വഴിപാട്, മറ്റേ ക്ഷേത്രത്തിൽ ഒരു കുപ്പി വെളിച്ചെണ്ണ, ഇന്ന ക്ഷേത്രത്തിൽ 21 ദിവസത്തെ ഭജന എന്നും വിധിയാകും. ക്രിസ്ത്യാനികളാണ് അവരെ സമീപിക്കുന്നതെങ്കിൽ, ഇന്ന പള്ളിയിൽ ഒരാണ്ട് ശനിയാഴ്ച കുർബ്ബാന, മറ്റേ പള്ളിയിൽ 12 മെഴുകുതിരി, കിഴക്കെ പള്ളിയിൽ മൂന്ന് മാസം കെടാവിളക്ക് എന്നിങ്ങനെയെല്ലാം വിധിയാകും. ആ വിധി നടത്തിക്കാൻ സങ്കടകക്ഷി ഓട്ടമാകും പള്ളിയിലേക്ക്. അച്ചാ! എനിക്ക് ഒരാണ്ട്മുഴുവൻ ശനിയാഴ്ച കുർബ്ബാന ചൊല്ലണം. ഒരു കുർബ്ബാനയുടെ ഫീസ് അറിയണമെന്ന് പറയും. ഇത് കേൾക്കുമ്പോൾ അച്ചൻ വിഷമിക്കും. ആരോ എവിടെയോ പറഞ്ഞുകൊടുത്ത ഒരു വിധി ന്യായം നടപ്പിലാക്കുന്നതിന് ഇത് യാതൊന്നും അറിയാതിരുന്ന അച്ചൻ ആണ്ടിൽ 52 ദിവസം ആ ആളിനുവേണ്ടി ചെലവാക്കണമെന്ന് നിർബന്ധിക്കപ്പെടുന്നു. ഏതെങ്കിലും തടസ്സം പറഞ്ഞാൽ അച്ചൻ ഇടവകകാരന്റെ ആത്മീക കാര്യം മുട്ടിച്ചു എന്ന് പരാതിയും ഇടവകയിൽ ഇത് ഒച്ചപ്പാടാകും. പൊതുയോഗത്തിനും കമ്മിറ്റിയിലും ചർച്ചാവിഷയമാകും. ശമ്പളത്തിനു വന്നിരിക്കുന്ന അച്ചനാണെങ്കിൽ പറയാനുമില്ല. ഇങ്ങനെയുള്ള അനാവശ്യ നിർബന്ധങ്ങൾക്ക് എന്തെങ്കിലും തടസ്സം പറഞ്ഞാൽ പിറ്റെ ദിവസം മുതൽ ആ അച്ചൻ വേറെ പള്ളി അന്വേഷിച്ച് പോകേണ്ടതായും വന്നേക്കാം. നോക്കണേ! സുറിയാനി സഭയിലെ അച്ചന്മാർക്ക് വരാവുന്ന ഗതികേട്! ഇതാണ് പോലും ഓർത്തഡോക്സി!

ഇങ്ങനെ കുറെ ദൃഷ്ടിതികളും, ഇങ്ങനെ കുറെ കർമ്മങ്ങളും നടത്തുന്നതാണ് പട്ടക്കാരന്റെ ജോലിപോലും!! എന്നാൽ ആ ഇടവകക്കാരൻ എല്ലാ ഞായറാഴ്ചയിലും പള്ളിയിൽ വരണമെന്നും കുർബ്ബാന കാണമമെന്നും, കുർബ്ബാന അനുഭവിക്കണമെന്നും കുടുംബാരാധന നടത്തണമെന്നും പറയുവാൻ പട്ടക്കാരനുള്ള ചുമതലയെ ഉപയോഗിക്കുവാൻ യാതൊരു സ്വാതന്ത്ര്യവും കാണുകയില്ലെന്നു വരികകൂടി ചെയ്താൽ എത്രയും പരിതാപകരമായ നിലയാണ് നമ്മുടെ അച്ചന്മാർക്കു ചില സ്ഥലങ്ങളിൽ അനുഭവപ്പെടുന്നതെന്നും വിവരിക്കാൻ പ്രയാസം.

ഒരു കുപ്പി എണ്ണ ഒഴിക്കുന്നതുപോലെയോ, പന്ത്രണ്ടു തിരി വെയ്ക്കുന്നതു പോലെയോ, *എനിക്കു വേണ്ടി ഒന്ന് പ്രാർത്ഥിക്കണ*മെന്ന് ഒരാൾ ആവശ്യപ്പെടുന്നതുപോലെ ചെയ്യാനുള്ള കർമ്മമോ, പൂജാവിധിയോ ആയി മാത്രം കണക്കാക്കാനുള്ള ഒരു പരിപാടിയാണോ കർത്താവേശുമിശിഹായുടെ തിരുശരീര രക്തങ്ങൾ? ഈ ചോദ്യം നമ്മുടെ മുമ്പിൽ ഉയർന്നു നിൽക്കുന്നു. എന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. അതുപോലെ ഏത് ഇതര മതസ്ഥനും ഏത് അവിശ്വാസിക്കും നമ്മുടെ പള്ളിയിൽ നേർന്നു ചെയ്യിക്കാനുള്ള ഒരു പൂജാവിധിയാണോ കർത്താവേശുമിശിഹായുടെ തിരുശരീര രക്തങ്ങൾ എന്നുള്ള ചോദ്യവും ഉയർന്നു നിൽക്കുന്നു. വായനക്കാരുടെ ചിന്തക്കായി ആ ഭാഗം വിടുന്നു.

ചില സ്ഥലങ്ങളിൽ നേർച്ചകൾ നടത്തിക്കുന്ന വിധവും അറിയുന്നത് ഈ അവസരത്തിൽ അനുയോജ്യമായിരിക്കും. ചിലർ പള്ളിക്കു ചുറ്റും പെരുന്നാൾ ദിവസത്തിൽ നിലത്തുകൂടെ ഉരുണ്ടേക്കാം എന്നു നേരുന്നു. നേരുന്ന ആൾ ഉരുളാതെ വേറൊരു ആൾക്ക് പണം കൊടുത്ത് ആ ആളിനെക്കൊണ്ട് ഉരുൾ നേർച്ച നിർവ്വഹിപ്പിക്കും. പണം വാങ്ങി ഉരുളുക എന്നത് അക്കൂട്ടരുടെ ജോലി ആയിരിക്കും. ശരീരം ഏതെങ്കിലും ദണ്ഡനം അനുഭവിക്കുക എന്നതാണ് ഉദ്ദേശ്യമെങ്കിൽ അത് നേർന്ന ആൾ തന്നെ അതു ചെയ്യുകയല്ലേ വേണ്ടത്? അതിനു മനസ്സില്ലെങ്കിൽ ഇങ്ങനെയൊന്നു നേരാൻ ആരും ആവശ്യപ്പെടുന്നുമില്ല. തലയും കുത്തി നടക്കാമെന്ന് നേരാത്തതു നന്നായി. ഇങ്ങനെ അവനവൻ നിശ്ചയിക്കുന്ന പ്ലാനാണു നേർച്ചയെങ്കിൽ അവനവൻ തന്നെ അത് ചെയ്തേക്കണം. പക്ഷെ, ഈ തത്രപ്പാടിനൊന്നും പോകാൻ ആരും ആവശ്യപ്പെടുന്നില്ലല്ലോ. വേറെ ചില നേർച്ചകൾ ഉണ്ട്. *ഇന്ന പള്ളിയിൽ എന്റെ കുട്ടിയെ മാമ്മോദീസ മുക്കിച്ചേക്കാം. ഇന്ന പള്ളിയിൽ കുമ്പസാരിച്ചു കുർബ്ബാന അനുഭവിപ്പിച്ചേക്കാം* എന്നെല്ലാം. ഇങ്ങനെയുള്ള നേർച്ചകളിൽ തെറ്റു പറയാനില്ലെങ്കിലും അതിന്റെ പ്രായോഗിക വശത്ത് അൽപ്പംകൂടി ചിന്തിക്കുവാനുണ്ട്. ഒരു കുട്ടിയെ മാമ്മോദീസ മുക്കേണ്ടതും ഒരാളിനെ കുമ്പസാരിപ്പിക്കേണ്ടതും അതത് ഇടവകയിലെ വൈദികനാണ്. വേറൊരു സ്ഥലത്ത് പോയി അത് ചെയ്യുകയാണെങ്കിൽ സ്വന്തം വികാരിയുടെ അനുവാദം വേണ്ടതാണ്. നേർന്ന സ്ഥലത്തു ചെന്നു കഴിയുമ്പോൾ ഈ ആവശ്യങ്ങൾ ചെയ്തുകൊടുക്കത്തക്ക ആളാണോ ഇത് എന്ന് അവിടുത്തെ വികാരിക്കു കൂടെ ബോധ്യപ്പെടുവാനാണു സ്വന്തം വികാരിയുടെ അനുവാദ രേഖ വേണ്ടിയിരിക്കുന്നത്. അല്ലാതെ വെറും നേർച്ചയുടെ പേരിൽ ചെയ്തുകൊടുക്കുവാനുള്ളതല്ല ഒരു കൂദാശയെന്ന് പറയുന്നത്. എവിടെയെങ്കിലും ഒരു വഴിപാട് ചെയ്യുന്നതുപോലെയല്ലല്ലോ ഒരു കൂദാശ നടത്തിക്കുന്നത്. വിദേശിയനും അപരിചിതനും ആയ ഒരാൾ കൂദാശ ആവശ്യപ്പെട്ടാൽ ആ ആൾ സഭയുടെ അംഗമാണെന്ന് തക്ക ഉറപ്പുണ്ടെങ്കിലല്ലാതെ ചെയ്തുകൊടുക്കുവാൻ ഒരു പട്ടക്കാരനും ബാധ്യതയില്ല. അന്യ സഭാംഗമാണെങ്കിൽ ചെയ്തുകൊടുക്കുവാൻ സാധിക്കുകയുമില്ലല്ലോ. അതുകൊണ്ട് നേർച്ചകൾ നേരുന്നത് മറ്റുള്ളവർ കൂടെ ഉൾപ്പെടേണ്ടിയ ഒരു സംഗതിയായിട്ടാണെങ്കിൽ ആർക്കും ഒരു തത്വലംഘനം ഉണ്ടാകാത്ത രീതിയിലും, വിരുദ്ധത ഉണ്ടാകാക്ക വിധത്തിലും നടത്തത്തക്ക വണ്ണം സൗകര്യമാണെങ്കിലേ നേരാവൂ. ഒരു മാമ്മോദീസായോ, കുമ്പസാരമോ മറ്റ് ഏതെങ്കിലും ഒരു കൂദാശയോ ഇന്ന പള്ളിയിൽ കൊണ്ടുപോയി നടത്തിയാൽ കൂടുതൽ അനുഗ്രഹം ഏതോ കിട്ടുമെന്ന് വിചാരിക്കുന്നതും അബദ്ധധാരണയാണെന്നേ പറയാനുള്ളൂ. നമ്മുടെ സഭയിൽപെട്ട പള്ളിയായിരിക്കണമെന്നുള്ളതു നിർബന്ധിതമാണ്. അതുകൊണ്ട് നേർച്ചകൾക്ക് ഒരു ഔചിത്യം ഒക്കെ വേണം. ആരും സ്വന്തം മകനെ ജഡ്ജിയാക്കിയേക്കാമെന്ന് നേരുന്നില്ലല്ലോ. കാരണമെന്താണ്? ജഡ്ജിയാക്കിയേക്കാമെന്നുള്ളത് നേരുന്ന ആളിന്റെ സ്വാധീനത്തിലുള്ള കാര്യമല്ലാത്തതുകൊണ്ടാണ്. ഇതുപോലെ അവനവന്റെ പരിധിയിലും സ്വാധീനത്തിലും പെടാത്ത സംഗതികൾ ആരും നേരണമെന്ന് സഭയ്ക്ക് നിയമം ഉള്ളതായോ പിതാക്കന്മാർ ഉപദേശിച്ചിട്ടുള്ളതായോ കേട്ടിട്ടില്ല. സഭയുടെ നിയമങ്ങളും ദൈവ കല്പനകളും പ്രാവർത്തികമാകുന്നതിനു നിർബന്ധമില്ലാതെയും അതേ സമയം മേൽപ്പറഞ്ഞ വിധത്തിലുള്ള കുറെ നേർച്ചകളും വഴിപാടുകളും കഴിക്കുന്നതാണ് മതവിശ്വാസത്തിന്റെ ലക്ഷണമെന്ന് ധരിച്ചുവശായും കഴിയുന്ന കുറെ വിഭാഗം ആളുകളെ എവിടെയും കാണാം. അങ്ങനെയുള്ളവരാണു ചിലപ്പോൾ ഓർത്തഡോക്സിയുടെ കാവൽക്കാരായി ഭാവിക്കാറുള്ളത്. അവരുടെ തെറ്റായ ഭാവനയിലോ ദുഷ്പരിചയത്തിലോ അനുകൂലിക്കാത്തവർ ഓർത്തഡോക്സ് അല്ല എന്നുപോലും മുദ്രയടിക്കപ്പെട്ടേക്കാം.

(ഇത് നിങ്ങൾക്ക് ഏതുമില്ലയോ എന്ന പ്രസിദ്ധീകരണത്തിൽ നിന്ന്.)

***(തുടരും)***


**FINE LIGHT HOUSE** *Dealears in :-*

**A. S. Bava Building, Ist Floor, Cloth Bazar lane,**
**ERNAKULAM. COCHIN - 682 031. Ph: 2366171**



DEFINING THE DIFFERENCE
VIVA™ modular SWITCHES

# കുന്നംകുളം പ്രദേശങ്ങൾ ചരിത്രവും സംസ്കാരവും – ചരിത്ര ഗവേഷകൻ

സംഘകാല സാഹിത്യ കൃതികൾ മുചിരിയുമായി ബന്ധപ്പെട്ടു പ്രസ്താവിച്ചിട്ടുള്ള ചരിത്ര ലക്ഷ്യങ്ങൾ മൂന്നാണ്. ഒരു വസ്തുത യവന സാന്നിദ്ധ്യമാണ്. ജൂതകേന്ദ്രവും റോമാക്കാരുടെ അഗസ്ത്യ ദേവാലയവുമാണ് മറ്റു രണ്ട് ചരിത്ര വസ്തുതകൾ. ആർത്താറ്റ്(ചാട്ടുകുളങ്ങര) കുന്നിലെ ജൂതക്കുന്നും, ജൂതസുനഗോഗിന്റെ പരിവർത്തിത രൂപമായ ചാട്ടുകുളങ്ങര പള്ളിയും പോർക്കുളം പ്രദേശത്തു അഗസ്ത്യനാമത്തിൽ ഇന്നും അറിയപ്പെടുന്ന അഗതിയൂർ ഗ്രാമവും യവന നാടകപാരമ്പര്യം ഇന്നും പുലർത്തുന്ന മുടിയേറ്റ് നാടകം കേരളത്തിൽ ആദ്യമായി അരങ്ങേറിയ കാട്ടകാമ്പാൽ ഭഗവതി ക്ഷേത്രവും യവനന്റെ അങ്ങാടി (ജോനകന്റെ അങ്ങാടി) എന്ന പേരിൽ അടുത്തകാലം വരെയും അറിയപ്പെട്ടിരുന്ന പഴഞ്ഞി പ്രദേശവും ഈ ചരിത്ര വസ്തുതകളുടെ സ്മാരകമായി ഇന്നും നിലനിൽക്കുന്നു. ഈ മൂന്ന് ചരിത്ര സാഹചര്യങ്ങളും ഏകത്ര സമ്മേളിച്ച മറ്റൊരു പ്രദേശവും യാതൊരു ചരിത്രകാരനും നാളിതുവരെ ചൂണ്ടിക്കാട്ടിയിട്ടില്ല. അതുകൊണ്ട് പൊന്നാനിയും ഉപതുറമുഖപ്രദേശമായ ചാവക്കാട്, ചാട്ടുകുളങ്ങര, കുന്നംകുളം, പഴഞ്ഞി തുടങ്ങിയ പ്രദേശങ്ങളാണ് മുചിരി (മുസിരീസ്=മൂന്ന് ശിരസ്സ്-മൂന്ന് മുഖം) എന്ന പേരിൽ സംഘകാല കൃതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് എന്നാണ് മുൻലേഖനത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

സഞ്ചാരിയായ പ്ലീനി തമിഴകത്തെ അന്നത്തെ തുറമുഖങ്ങളെപ്പറ്റി പരാമർശിക്കുന്നുണ്ട്. അതിലൊന്ന് *പാലൊറ* ആണ്. പ്ലീനിയുടെ പാലൊറ യഥാർത്ഥത്തിൽ പാലയൂർ ആണ്. പാൽ എന്ന ദ്രാവിഡ പദത്തിന് ഒരു തരം ജലവാഹനം എന്ന് കൂടി അർത്ഥമുള്ളതായി ഗുണ്ടർട്ടിന്റെ നിഘണ്ടു വ്യക്തമാക്കുന്നു. ജലവാഹനമായ പലതരം പാൽ നിർമ്മിക്കുന്ന സ്ഥലമായതിനാൽ പാലൂർ എന്ന സ്ഥലനാമത്തിന് അർത്ഥപ്രസക്തിയുണ്ട്. പാലൂർ എന്നത് ചിലർ ധരിക്കും പോലെ ഒരു ഗ്രാമമല്ല പ്രത്യുത ഗ്രാമങ്ങളുടെ സമുച്ചയമാണ്. എല്ലാ ഗ്രാമക്കാരും പാൽ നിർമ്മാണത്തിൽ വിദഗ്ദരാണ്. കുന്നംകുളം -പഴഞ്ഞി പ്രദേശങ്ങളിൽ പാൽ ചേർന്ന ഗ്രാമപ്പേരുകളും വീട്ടുപേരുകളും ഇപ്പോഴും നിലവിലുണ്ട്. കരിപ്പാൽ, കാണിയാമ്പാൽ, കാട്ടകാമ്പാൽ, മണ്ടുമ്പാൽ, എടപ്പാൾ തുടങ്ങിയ പേരുകളിലെ പാൽ ശബ്ദത്തിന്റെ സാന്നിധ്യം ശ്രദ്ധേയം. ഇപ്രകാരമുള്ള പാലുകളുടെ സംഘാതം എന്ന അർത്ഥത്തിലാണ് പാലൂർ എന്ന പദം രൂപപ്പെടുന്നത്. തന്മൂലം കുന്നംകുളം, പഴഞ്ഞി എന്നീ സ്ഥലങ്ങളുടെ പൊതുവായ സ്ഥലനാമമാണ് പാലൂർ എന്ന പാലൊറ എന്ന് സിദ്ധിക്കുന്നു. പാലൂർ എന്ന ഈ സ്ഥലനാമം പിൽക്കാലത്ത് അതിപ്രശസ്തമായ ഒരു നമ്പൂതിരി കുടുംബം സ്വന്തമാക്കി. പാലൂർ മന ഇപ്പോഴുമുണ്ട്. അത് പഴഞ്ഞി വില്ലേജിന്റെ ഒരു ഭാഗമാണ്.

തുറമുഖനഗരമായ പാലൂർ പ്രദേശത്തിന്റെ ഭാഗമായ ചാട്ടുകുളങ്ങരയിലാണ് ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹ എ. ഡി. 52 ൽ വന്നുചേർന്നത്. പൊന്നാനി തുറമുഖത്ത് നിന്ന് ചാവക്കാട് വഴി ജലമാർഗ്ഗം ചാട്ടുകുളത്തിലെത്താൻ കഴിയും. ചേരരാജാക്കന്മാരുടെ വഞ്ചിതുറമുഖമായിരുന്നു ചാട്ടുകുളം. ചാട്ടു എന്ന പദത്തിന് ചാടുന്നത് എന്ന് അർത്ഥം. കരയിൽ സഞ്ചരിക്കുന്ന ഒരു വാഹനവും ഇല്ലാത്ത അക്കാലത്ത് ഏക വാഹനം വഞ്ചിയായിരുന്നു. അലമാലകളുടെ മീതെ ചാടിച്ചാടി സഞ്ചരിക്കുന്നത് എന്ന അർത്ഥത്തിൽ വഞ്ചിയെ ചാട്ടു എന്നും വ്യവഹരിക്കുമായിരുന്നു. തന്മൂലം ചാട്ടുകുളം എന്ന പദത്തിന് വഞ്ചിക്കുളം എന്നാണർത്ഥം. പിൽക്കാലത്ത് ചേരരാജാക്കന്മാർ കൊടുങ്ങല്ലൂരിൽ തലസ്ഥാനം സ്ഥാപിച്ചപ്പോഴും അവരുടെ തുറമുഖത്തെ വഞ്ചിക്കുളം അഥവാ തിരുവഞ്ചിക്കുളം എന്നാണ് പരാമർശിച്ചിട്ടുള്ളത്. തലസ്ഥാന നഗരിയെ വഞ്ചിരാജ്യമെന്നും  തുറമുഖത്തെ വഞ്ചിക്കുളം അഥവാ ചാട്ടുകുളം എന്നും ചരിത്രത്തിൽ വ്യവഹരിച്ചുപോന്നു. തുറമുഖം ചാട്ടുകുളമെങ്കിൽ വഞ്ചിരാജ്യം ഏതാണ്? ഇക്കാര്യത്തിൽ ചരിത്രകാരന്മാർ പല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടെങ്കിലും തൃപ്തികരമായ ഒരു സമാധാനവും കണ്ടെത്തിയിട്ടില്ല. കൊടുങ്ങല്ലൂരിലെ തിരുവഞ്ചിക്കുളം അംഗീകൃതമാണ് ചേരന്മാരുടെ തലസ്ഥാനമായ വഞ്ചിനഗരം എന്ന നിലയിൽ. കൊടുങ്ങല്ലൂരിൽ ആ സ്ഥാനം ക്രമീകരിച്ചപ്പോൾ അത് പുതുവഞ്ചിയായി. പഴയവഞ്ചി നഗരത്തെ വഞ്ചിമുതൂർ എന്ന് സംഘം കൃതികൾ വിശേഷിപ്പിച്ചിട്ടുണ്ട്. ഏതാണ് ഈ വഞ്ചിമുതൂർ? മുതൂർ ശബ്ദം പഴയ എന്ന അർത്ഥം കുറിക്കുന്നു. നമുക്കു മുതുമുത്തച്ഛന്മാരും മുതുക്കനും ഇപ്പോഴും പ്രയോഗത്തിലുണ്ട്. അങ്ങനെ വരുമ്പോൾ വഞ്ചിമുതൂർ എന്നാൽ പഴയ വഞ്ചി എന്നാണർത്ഥം. ഈ ശബ്ദം പ്രയോഗവശാൽ ലോപിച്ചുണ്ടായ പദമാണ് പഴഞ്ഞി - പഴയ വഞ്ചി - പഴയഞ്ചി - പഴഞ്ചി - പഴഞ്ഞി എന്ന് ഈ ശബ്ദപരിണാമം രേഖപ്പെടുത്തിയാൽ അതിന്റെ ഭാഷാപരവും വ്യാകരണപരവുമായ പ്രാമാണികതയ്ക്ക് അടിത്തറയായി. കുന്നംകുളത്തുകാർ ഭാഷാ പ്രയോഗങ്ങളിൽ സങ്കോചം ശീലമാക്കിയവരാണ്. വീശ്വാളണോ (വീശുപാള വേണമോ?) കറിണോ (കറി വേണമോ?), മോറങ്ങേറെ വിയർക്കിണോ? (മുഖം ഏറെ വിയർക്കുന്നുവോ), ഓൻ (അവൻ) തുടങ്ങിയ നിരവധി ഉദാഹരണങ്ങൾ ഈ സങ്കോചത്തെ തെളിയിക്കുവാൻ ഉദ്ധരിക്കാനാവും. പഴയ വഞ്ചി പഴഞ്ഞി തന്നെ. പാലൂർ പ്രദേശത്തെ പഴഞ്ഞി രാജതലസ്ഥാനവും തീരപ്രദേശത്തെ വഞ്ചിക്കുളം (ചാട്ടുകുളം) രാജാക്കന്മാരുടെ തുറമുഖവും.

പഴയ വഞ്ചിയായ പഴഞ്ഞിയിൽ ഒന്നാം ചേരരാജാക്കന്മാർ വസിച്ചിരുന്നുവെന്നതിന് മറ്റു തെളിവുകളുമുണ്ട്. പഴഞ്ഞിയുടെ ഭാഗമായ കോട്ടോൽ എന്ന സ്ഥലത്തിന് ആ പേർ വരുവാൻ കാരണം ആ സ്ഥലത്തുണ്ടായിരുന്ന കോട്ടയും, കൊട്ടാരവുമാണ്. പുരാതനമായ ഒരു കോട്ട അവിടെ സ്ഥിതിചെയ്തിരുന്നു എന്ന് വിശ്വസിക്കുവാൻ ആവശ്യമായ അവശിഷ്ടങ്ങൾ ഇന്നും അവിടെയുണ്ട്. *ആന റാഞ്ചൻ ഗുഹ* എന്ന പേരിൽ ഇന്നും അവിടെയുള്ള ഗുഹാമുഖം അജ്ഞാതമായ ഏതോ പ്രദേശങ്ങളിലേക്കുള്ള ഗുഹാമാർഗ്ഗേനയുള്ള പാതയാണെന്ന് ഐതിഹ്യമുണ്ട്. കുന്നംകുളം പഴഞ്ഞി റോഡിന് സമീപമുള്ള ഈ കോട്ടയും കൊട്ടാരവും ആദി ചേരന്മാരുടെ ആസ്ഥാനമായിരുന്നു എന്ന് അഭ്യൂഹിക്കുവാൻ ന്യായമുണ്ട്. കോട്ടക്കുന്ന് എന്നാണ് സ്ഥലത്തിന്റെ ശരിയായ പേര്. കോട്ടോക്കുന്നും കോട്ടോലും അതിന്റെ രൂപപരിണാമങ്ങളാണ്. രാജകുടുംബത്തിന് സഞ്ചരിക്കുവാൻ ചിറ്റം എന്ന കൊച്ചു തുറമുഖം പഴഞ്ഞിയിലിന്നുമുണ്ട്. തുറമുഖത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടതോടെ ചിറ്റം എന്ന തുറമുഖത്തിന്റെ ഭൂരിഭാഗപ്രദേശങ്ങളും കൃഷിസ്ഥലമായി രൂപാന്തരപ്പെട്ടു. എങ്കിലും ചിറ്റക്കുളം പൂർവ്വീക പ്രതാപത്തിന്റെ സ്മൃതികളുമായി ഇപ്പോഴും അവശേഷിക്കുന്നു. ഈ ചിറ്റ തുറമുഖത്തു നിന്ന് പൊന്നാനി തുറമുഖത്തേക്കും ചാവക്കാട് ഉപതുറമുഖത്തേക്കും ചാട്ടുകുളത്തിലേക്കും (വഞ്ചിക്കുളം) സഞ്ചരിക്കുക സാധ്യമായിരുന്നു.

ചേരതലസ്ഥാനം വഞ്ചിയാണെന്ന് സംഘം കൃതികൾ പരിശോധിച്ച ഗവേഷകർ അവിതർക്കിതമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. രാജതലസ്ഥാനം കരൂർ ആണോ വഞ്ചിയാണോ എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ ചർച്ചയിലാണ് വഞ്ചിയുടെ പ്രാധാന്യം വെളിപ്പെടുന്നത്. .........*ചിലപ്പതികാര*ത്തിലും *മണിമേഖല*യിലും വഞ്ചി എന്നല്ലാതെ കരുവൂരിനെപ്പറ്റി പറയുന്നില്ല. പതിറ്റു പത്ത് ചേരരാജാക്കന്മാരെ വാഴ്ത്തുമ്പോൾ വഞ്ചിമുതൂർ എന്നല്ലാതെ കരുവൂർ എന്ന് പ്രയോഗിച്ചിട്ടില്ല. പുറനാനൂറിലും ചേരരെ വാഴ്ത്തുന്ന സന്ദർഭത്തിൽ വഞ്ചിയെപ്പറ്റിയേ പറയുന്നുള്ളൂ; കരുവൂരില്ല. അകനാനൂറിലും വഞ്ചി തന്നെ..... പരിപാടലിൽ കരുവൂരല്ല, വഞ്ചിയാണ്. പത്തുപാട്ട് സമാഹാരത്തിലും വഞ്ചിയേ ഉള്ളൂ. ചോള നാടിന് ഉറെ

യൂർ പോലെ, പാണ്ഡ്യ നാടിന് മധുര പോലെ ചേരനാടിന് വഞ്ചിയും തലസ്ഥാന നഗരിയായി ശോഭിച്ചു. കതുവഴി നാൽപ്പത് എന്ന കാവ്യത്തിലും ചേര തലസ്ഥാനമായി പറയുന്നത് വഞ്ചിയെയാണ്. അകനാനൂറിലെ 93-ാം പാട്ടിൽ പറയുന്ന കരുവൂർ പരാമർശം ഒഴിവാക്കിയാൽ തമിഴ് സംഘം കൃതികളിൽ പൊതുവെ ചേരതലസ്ഥാനമായി അംഗീകരിച്ചിട്ടുള്ളത് വഞ്ചി യെയാണ്. അകനാനൂറിലെ 263-ാം പാട്ടിൽ കരുവൂർ കണ്ണൻ പാണനാർ വഞ്ചിയെ ചേരതലസ്ഥാനമായി കീർത്തിച്ചിട്ടുണ്ട്. (വി. വി. കെ. വാലത്ത്, കേരളത്തിലെ സ്ഥല ചരിത്രങ്ങൾ-തൃശ്ശൂർ ജില്ല പു. 84-88).

കുന്നംകുളത്തിനോട് ചേർന്ന് ഒരു ചെറമനേങ്ങാട് ഇപ്പോഴുമുണ്ട്. തൊപ്പിക്കല്ലുകൾ നിരവധി കാണപ്പെട്ട ഈ പ്രദേശത്തിന് വളരെ സമീപമാണ് റോമൻ സ്വർണ്ണനാണയങ്ങൾ (എ. ഡി. ഒന്നാം നൂറ്റാണ്ടിലെ) കണ്ടെടുക്കപ്പെട്ട എയ്യാൽ ഗുഹ. ചെറമനേങ്ങാട് എന്ന സ്ഥലനാമം ചേരമനക്കാട് രൂപഭേദം പ്രാപിച്ചതാകാൻ ഭാഷാപരമായി സാധ്യതയുണ്ട്. അവിടെയും ചെമ്മൻതിട്ട എന്ന ഒരു സ്ഥലമുണ്ട്. ആ സ്ഥലപ്പേർ ഒരു കോട്ടയെ സൂചിപ്പിക്കുന്നു. ഒരു കോട്ട അവിടെ സ്ഥിതി ചെയ്തിരുന്നതായി നാട്ടുകാർക്കിടയിൽ ഐതിഹ്യമുണ്ട്. ചേരതലസ്ഥാനമായി ഈ പ്രദേശവും ഒരുകാലത്ത് വർത്തിച്ചിരിക്കാം. ഒരു കാര്യം തീർച്ച; ശക്തൻ തമ്പുരാൻ എന്ന ജീവചരിത്രം രചിച്ച പുത്തേഴത്ത് രാമമേനോൻ അഭിപ്രായപ്പെട്ടതുപോലെ കൊച്ചി രാജവംശം കർണ്ണാടകയിൽ നിന്ന് പാലക്കാട് ചുരംവഴി ആദ്യം തൃശ്ശൂർ ജില്ലയിൽ പെട്ട പഴയന്നൂരിലും ക്രമേണ പെരുമ്പടപ്പിലും (പൊന്നാനിയുടെയും പഴഞ്ഞിയുടെയും ഇടയിൽ) അവിടെ നിന്നും കൊടുങ്ങല്ലൂരിലും തൃക്കാക്കരയിലും മാറി മാറി വസിച്ചിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാനാവില്ല. ഈ വാസത്തിൽ ചെറമനേങ്ങാട്ടിലും അവിടെ നിന്ന് പഴഞ്ഞിയിലേക്കുള്ള മാർഗ്ഗമദ്ധ്യേ പോർക്കുളത്തുള്ള പയ്യൂരിലും കോട്ടോലും (കോട്ടക്കുന്ന്) ഉൾപ്പെടുന്നു എന്നതാണ് അനുമാനിക്കാവുന്നത്. ഇക്കാലമത്രയും (പെരുമ്പടപ്പിൽ വന്നു കയറുന്നതുവരെ) ചേര തലസ്ഥാനം വഞ്ചി നഗരം ആയിരുന്നു. കൊടുങ്ങല്ലൂരിൽ പുതിയ വഞ്ചി നഗരം സ്ഥാപിച്ച് അതിനെ തലസ്ഥാനമാക്കിയപ്പോൾ മുൻവഞ്ചി തമിഴ് ശൈലിയിൽ വഞ്ചിമുതൂർ ആയി-പഴയ വഞ്ചി എന്നർത്ഥം. പഴയ വഞ്ചി പഴഞ്ഞിയുമായി.

ഈ ലേഖനത്തിൽ പാലൊറ എന്ന് പ്ലീനി പ്രസ്താവിച്ച തുറമുഖ പ്രദേശം പാലൂരാണെന്ന് പ്രസ്താവിച്ചപ്പോൾ പാൽ എന്ന ദ്രാവിഡ പദത്തിന് ജലവാഹനം(വഞ്ചി) എന്ന് ഗുണ്ടർട്ട് നിഘണ്ടു അർത്ഥം കൽപ്പിച്ചതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന് ഉപോൽബലകമായി ഒരു കാര്യം കൂടി ചൂണ്ടിക്കാട്ടുവാനുണ്ട്. ആദ്യകാല ചേരരാജാക്കന്മാരിലൊരാളായിരുന്ന പാൽയാനൈ ചെൽകഴുകുട്ടുവൻ. ഇതിൽ പാൽയാനൈ എന്നത് ബിരുദമാവാനേ ഇടയുള്ളൂ. പാൽയാനൈ എന്ന ശബ്ദത്തിന് പാൽ ഉപയോഗിച്ച് യാനം ചെയ്യുന്നതിൽ വിദഗ്ദൻ എന്നാണർത്ഥം. സമുദ്രയാനത്തിൽ പ്രാഗത്ഭ്യവും മികവും പുലർത്തിയതുമൂലമാകാം ആ ബിരുദം ലഭിച്ചത്. യാനൈ എന്ന പദം ആനയെയാണ് കുറിക്കുന്നതെങ്കിൽ ആനപ്പുറത്തെന്ന പോലെ വഞ്ചിയിൽ ഉയർന്ന മാടം കെട്ടി അതിലിരുന്നു യാത്ര ചെയ്യുന്നവൻ എന്നും അർത്ഥം കൊടുക്കാവുന്നതാണ്. ഇരിമ്പൊറൈ, പെരുഞ്ചോറ്റുതിയൻ എന്നിങ്ങനെ ചേരരാജാക്കന്മാർ ധരിച്ചിരുന്ന ബിരുദങ്ങൾക്ക് യഥാക്രമം ഇരുമ്പ് കവചമായി ധരിച്ചവൻ, വൻ സദ്യ നടത്തിയവൻ എന്ന് അർത്ഥം കൽപ്പിച്ചു പോരുന്ന സമ്പ്രദായത്തിലാണ് പാൽയാനൈ എന്ന പദത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചത്.

ചേരരാജധാനി പഴയന്നൂരിൽ നിന്ന് പെരുമ്പടപ്പിലെത്തുന്നതിനിടയിൽ പോർക്കുളത്ത് പയ്യൂരിൽ ഏതാനും കാലം സ്ഥിതി ചെയ്തിരുന്നതായി പറഞ്ഞുവല്ലോ. പോർക്കുളം ക്രിസ്തുവിന് മുമ്പുതന്നെ ജൈനമത സംഘത്തിന് ആസ്ഥാനമെന്ന നിലയിൽ പ്രസിദ്ധമായിരുന്നു. വേദവനം, വേദാരണ്യം, വേദക്കാട്, തിരുമറൈക്കാട് തുടങ്ങി നിരവധി പേരുകളിൽ പരാമർശിക്കപ്പെട്ട ജൈന സങ്കേതം ഇവിടെയായിരുന്നുവെന്ന് ശൈവപുരാണങ്ങളിലൊന്നായ പെരിയപുരാണത്തിൽ തെളിവുകളുണ്ട്. ചെറമനേങ്ങാട്ടു നിന്ന് പഴഞ്ഞിയിലേക്കുള്ള വഴിയിൽ ഉദ്ദേശം മൂന്ന് കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ പോർക്കുളമായി. ഇവിടം ചേരരാജാക്കന്മാർ വസിച്ചപ്പോൾ ആ സ്ഥലത്തിന് പയ്യൂർ എന്ന പേരായി. ചേരവംശക്കാർ *ഗോ* ശബ്ദത്തെ പവിത്രമായി കരുതിയിരുന്നു. അവർ താമസിച്ച പല സ്ഥലങ്ങളുടെയും പേരിൽ *ഗോ* ശബ്ദം ആവർത്തിച്ചു കാണുന്നുണ്ട്. പഴയന്നൂർ തന്നെ ആദ്യ ഉദാഹരണം. അതിനെ ചിലർ പഴയനുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. കർണ്ണാടകയിൽ ചിക്ക്മാംഗ്ളൂരിനടുത്തുള്ള *ബഴയന്നൂ*രിൽ നിന്ന് പോന്നവർ തങ്ങൾ പുതുതായി താവളമടിച്ച സ്ഥലത്തിന് പൂർവ്വീക സ്ഥലത്തിന്റെ പേർ നൽകിയതിന്റെ ഫലമായിട്ടാവാം പഴയന്നൂർ എന്ന ദേശനാമം ഉത്ഭവിച്ചത്. *പൈയ്യൻ* എന്ന തമിഴ് പദത്തിന് പൈക്കളെ മേയ്ക്കുന്നവൻ എന്നാണർത്ഥമെങ്കിൽ ആ രാജവംശം ഒരു ഇടയരാജവംശമായിരുന്നുവോ എന്നും *ഗോ* വിനോടുള്ള ആഭിമുഖ്യം അപ്രകാരം വന്നുചേർന്നതാണോ എന്നും കരുതാൻ ന്യായമുണ്ട്. ഒടുവിൽ അവർ പാർപ്പുറപ്പിച്ച കൊച്ചിയ്ക്കും അവർ ഗോവിനെ അനുസ്മരിച്ചാണല്ലോ സ്ഥലനാമം നൽകിയത് (ഗോശ്രീ). പോർക്കുളത്തിനെ പയ്യൂർ എന്ന് വിളിക്കാനും ഇതാകാം കാരണം. സാമൂതിരിയുടെ പതിനെട്ടരക്കവികളിൽ പ്രാമാണികരായിരുന്ന പയ്യൂർ പട്ടേരിമാർ (ഭട്ടത്തിരിമാർ) ഈ പയ്യൂർ ഗ്രാമവാസികളായിരുന്നു. ദേശനാമം ബ്രാഹ്മണ കുടിയേറ്റക്കാലത്ത് ഇല്ലപ്പേരായി സ്വീകരിച്ചു. അങ്ങനെ ദേശപ്പേർ വീട്ടുപേരായി. (ദേശമംഗലം, വടക്കാഞ്ചേരി, കോതര, പൂമുള്ളി തുടങ്ങിയ സ്ഥലനാമങ്ങളും ഇല്ലപ്പേരുകളും ഓർക്കുക). പാലൂർ പ്രദേശത്ത് ഇപ്പോൾ, പയ്യൂരും, പെലക്കാട്ട് പയ്യൂരും, കാണിപ്പയ്യൂരും ഉണ്ട്. രണ്ടും സ്ഥലനാമങ്ങളും നമ്പൂതിരിമാരുടെ ഇല്ലപ്പേരുകളുമാണ്.

ഈ ശബ്ദ നിഷ്പത്തി സ്വീകരിക്കുകയാണെങ്കിൽ പഴഞ്ഞി എന്ന ശബ്ദത്തിന് പിന്നിൽ പൈവഞ്ചി എന്ന രൂപവും സങ്കൽപ്പിക്കാവുന്നതാണ്. പൈയ്യൻമാരുടെ (ഇടയ രാജവംശത്തിന്റ) വഞ്ചി എന്നർത്ഥം അപ്പോൾ ലഭ്യമാകും. പൈവഞ്ചിയും ശബ്ദപരിണാമ നിയമങ്ങൾക്കു ആധാരമായ ഭാഷാ നിയമങ്ങളനുസരിച്ച് പഴഞ്ഞി എന്ന് രൂപഭേദം പ്രാപിക്കാവുന്നതേയുള്ളൂ. ഇപ്പോൾ പഴഞ്ഞി എന്ന് പരിഷ്കരിച്ച് പറയുന്നുണ്ടെങ്കിലും അതിന്റെ പഴയ ഉച്ചാരണം *പയഞ്ഞി* എന്ന് തന്നെയായിരുന്നു. പഴയന്നൂരിന്റെയും പിന്നിൽ ഈ *പൈ* ശബ്ദം ആരോപിക്കുവാൻ ഈ ലേഖകൻ ധൈര്യപ്പെട്ടത് ഈ പഴഞ്ഞി-പയഞ്ഞി രൂപങ്ങൾ ഓർമ്മയിലുള്ളതുകൊണ്ടാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഇപ്രകാരം അക്കമിട്ട് സംഗ്രഹിക്കാം.

1) പാലൊറ എന്ന പ്ലീനിയുടെ (എ. ഡി. ഒന്നാം നൂറ്റാണ്ട്) പരാമർശം പൊന്നാനി തുറമുഖത്തോട് ചേർന്നുകിടക്കുന്ന പാലൂർ പ്രദേശത്തെ കുറിക്കുന്നു.

2) പാലൂർ പ്രദേശം കുന്നംകുളം - പഴഞ്ഞി പ്രദേശങ്ങൾക്കുള്ള പൊതു സ്ഥലനാമമാണ്.

3) പാൽ (വഞ്ചി) നിർമ്മിക്കുന്ന സ്ഥലമായതിനാലാണ് ആ സ്ഥലപ്പേരുണ്ടായത്.

4) ഇവിടം ആസ്ഥാനമാക്കിയതുകൊണ്ടാണ് ചേരരാജാക്കന്മാർക്ക് അവരുടെ തലസ്ഥാനങ്ങൾക്കു യഥാക്രമം വഞ്ചിഭൂചൻ, വഞ്ചിരാജ്യം എന്ന് പേരുകൾ ഉണ്ടായത്.

5) തലസ്ഥാനം കൊടുങ്ങല്ലൂർക്കു മാറ്റിയപ്പോൾ അവിടം പുതിയ വഞ്ചി എന്നറിയപ്പെട്ടു.

6) തലസ്ഥാനം മാറിയപ്പോൾ പഴയ തലസ്ഥാനം പഴയവഞ്ചി (വഞ്ചിമുതൂർ എന്ന്) എന്നറിയപ്പെട്ടു.

7) ഈ പഴയവഞ്ചി എന്ന പ്രയോഗം ക്രമേണ പഴഞ്ഞി എന്ന സ്ഥലനാമമായി മാറി.

(തുടരും..........)

# പൗലോസ് ശ്ലീഹായുടെ ദർശനം -ഡോ. പി. യു. വർഗ്ഗീസ്

കഴിഞ്ഞ ലക്കം തുടർച്ച........

17) പിന്നെ ഞാൻ കണ്ടത് ഒരു ആത്മാവിനെ രണ്ടുമാലാഖമാർ ചേർന്ന് കൂട്ടിക്കൊണ്ടുവരുന്നതായിരുന്നു. ആ ആത്മാവ് കരഞ്ഞുകൊണ്ട് ഇപ്രകാരം പറയുന്നുണ്ടായിരുന്നു. നീതിമാനായ കർത്താവേ! എന്നോട് ദയയുണ്ടാകണമേ! ന്യായപാലകനായ ദൈവമേ എന്റെ ജഡത്തിൽ നിന്നും പുറത്തിറങ്ങിയിട്ട് ഇതാ ഏഴ് ദിവസമായിരിക്കുന്നു. ഈ രണ്ട് മാലാഖമാർക്ക് എന്നെ കൈമാറിയുമിരിക്കുന്നു. അവരെന്നെ ഞാൻ ഒരിക്കലും കണ്ടിട്ടില്ലാത്ത ഈ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുവന്നിരിക്കുന്നു. നീതിയുള്ളവനും വിധികർത്താവുമായ ദൈവം അവനോടു; നീ എന്തെല്ലാമാകുന്നു ചെയ്തിട്ടുള്ളത്? അതിൽ കരുണാപരമായ ഒന്നുംതന്നെ കാണുന്നില്ല. അതിനാൽ എത്ര ദയലേശം കാണിക്കാത്ത മാലാഖമാർക്കു നിന്നെ ഏൽപ്പിച്ചു. നീ നേരാംവണ്ണം ഒന്നും ചെയ്തിട്ടില്ലായ്കയാൽ നിന്റെ ഈ വിഷമ ഘട്ടത്തിൽ മാലാഖമാരിൽ നിന്നും ദയാപരമായി ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. അതിനാൽ നീ ലോകത്തിലായിരുന്നപ്പോൾ ചെയ്തപാപങ്ങൾ ഏറ്റുപറഞ്ഞു ക്ഷമയാചിക്കുക എന്നുപദേശിച്ചു. അതിനു ആ മനുഷ്യാത്മാവ്, കർത്താവേ ഞാനൊരു പാപവും ചെയ്തിട്ടില്ലല്ലോ എന്ന് പ്രതികരിച്ചു. അതു കേട്ട് നീതിമാനായ കർത്താവ് കോപത്തോടെ ഗർജ്ജിച്ചുകൊണ്ട്; നീ ഇപ്പോഴും ലോകത്തിലാണെന്ന് കരുതുന്നുവോ. ഞാൻ പാപം ചെയ്തിട്ടില്ലെന്ന് പറഞ്ഞതു കള്ളമാണെന്നു ഞാൻ അറിയുന്നു. ലോകത്തിൽ പാപം ചെയ്യുന്നവരെല്ലാം അയൽക്കാരിൽ നിന്നും മറയ്ക്കാനും ഒളിക്കുവാനും ശ്രമിക്കുന്നു; എന്നാൽ ഇവിടെ സൽപ്രവർത്തികളും ദുഷ്പ്രവർത്തികളും എല്ലാവർക്കും വെളിവായിത്തന്നെ കാണപ്പെടും എന്നു പറഞ്ഞു. ആത്മാവിന് പറയുവാൻ ഉത്തരമൊന്നും ഇല്ലാതിരുന്നതിനാൽ മൗനമായിരുന്നു.

അനന്തരം ഈ ആത്മാവിന്റെ മാലാഖ നടുവിൽ വന്നു നിൽക്കട്ടെ എന്ന് നീതിയുള്ള വിധികർത്താവും ദൈവവുമായവൻ പറയുന്നതും ഞാൻ കേട്ടു. ആ പാപിയുടെ മാലാഖ അത് കേട്ട് കൈയ്യിൽ ഒരു ചുരുളുമായി വന്നുനിന്നുകൊണ്ട് ഈ ആത്മാവിന്റെ യൗവ്വനകാലത്തു ജനിച്ചു 10 വയസ്സ് മുതൽ ഇന്നുവരെ ചെയ്ത തിന്മപ്രവർത്തികളുടെ വിവരങ്ങളെല്ലാം ഈ ചുരുളിലുണ്ട്; കൽപ്പിക്കുകയാണെങ്കിൽ 15 വയസ്സുമുതൽ ഉള്ള കാര്യങ്ങൾ തിരുമുമ്പാകെ സമർപ്പിക്കാമെന്നു പറഞ്ഞു. അപ്പോൾ കർത്താവും നീതിയുള്ള ന്യായപാലകനായ ദൈവം; ഹേ മാലഖ, ഞാൻ താങ്കളിൽ നിന്ന് അവന്റെ 15 വയസ്സുമുതൽ ഉള്ള കാര്യങ്ങൾ അല്ല ആവശ്യപ്പെടുന്നത്, അവൻ ഇവിടെ എത്തുന്നതിനുമുമ്പ്, അതായത് അവന്റെ മരണത്തിനുമുമ്പ് 5 സംവത്സരകാലം, ചെയ്തിട്ടുള്ള പാപത്തിന്റെ കണക്കുകൾ ഇവിടെ പ്രസ്താവിക്കുക; എന്നാവശ്യപ്പെട്ടു. വീണ്ടും നീതിപാലകനായ ദൈവം പറഞ്ഞത്, എന്നെത്തന്നെയും, എന്റെ വിശുദ്ധമാലാഖമാരെയും, എന്റെ എല്ലാ നന്മകളെയും പ്രതി ഞാൻ ആണയിട്ടു പറയുന്നു അവൻ മരണത്തിനും 5 ആണ്ട് മുന്നമെ അനുതപിച്ചിരുന്നെങ്കിൽ അവന്റെ ഒരു കൊല്ലക്കാലം ചെയ്തിട്ടുള്ള തിന്മകളും, പാപങ്ങളും ഇപ്പോൾ വിസ്മൃതിയിലാക്കുമായിരുന്നു. എന്നിട്ട് പാപക്ഷമ നേടാമായിരുന്നു. എന്നാൽ ഇപ്പോൾ അവൻ നിശ്ചയമായും നശിക്കേണ്ടതാകുന്നു. പാപിയായ ആത്മാവിന്റെ മാലാഖ കർത്താവിനോട്; കർത്താവേ മാലാഖമാരോട് ആത്മാക്കളെ പ്രദർശിപ്പിക്കാൻ കല്പിച്ചാലും എന്ന് അഭ്യർത്ഥിച്ചു.

18) അന്നേരം തന്നെ വളരെ ആത്മാക്കളെ കൂട്ടിക്കൊണ്ടുവന്ന് നടുവിൽ നിർത്തി; പാപിയുടെ ആത്മാവ് കൂട്ടിനിർത്തിയ ആത്മാക്കളെയെല്ലാം തിരിച്ചറിഞ്ഞു. കർത്താവായ ദൈവം പാപിയുടെ ആത്മാവിനോട്, ഹേ! ദുഷ്ടാത്മാവേ, നീ ഈ ആത്മാക്കളെ കാണുന്നില്ലേ, ഇവർ ലോകത്തിലായിരുന്നപ്പോൾ നീ അവരോട് ചെയ്ത ദുഷ്പ്രവർത്തികളെല്ലാം ഏറ്റുപറയുക എന്നു ഞാൻ ആവശ്യപ്പെടുന്നു, എന്നു പറഞ്ഞു. പാപിയുടെ ആത്മാവ് ഉത്തരമായി; ഇയ്യാളെ ഞാൻ കൊലപ്പെടുത്തി. രക്തം തറയിൽ ചിന്തിയിട്ട് ഒരു വർഷംപോലും തികഞ്ഞിട്ടില്ല. വേറെ ഒരു ആത്മാവിനെ ചൂണ്ടിക്കൊണ്ട് ആ സ്ത്രീയെ ഞാൻ മാനഭംഗപ്പെടുത്തിയിട്ടുണ്ട്, അത്രയുമല്ല ആ സ്ത്രീയുടെ വസ്തുവകകളെല്ലാം കവർന്നെടുത്തു അവരെ ദ്രോഹിക്കുക കൂടി ചെയ്തു.

അപ്പോൾ കർത്താവും നീതിയുള്ള വിധികർത്താവുമായ ദൈവം; ഒരുത്തൻ മറ്റൊരുത്തനോട് അതിക്രമം കാണിച്ച് അതിൽ യാതൊരുവൻ മരണപ്പെട്ടുവോ ആ മരിച്ചവരുടെ ആത്മാക്കളെ ദ്രോഹമേൽപ്പിച്ചവൻ മരിക്കുന്നതുവരെ ഇവിടെ സൂക്ഷിക്കുന്നു എന്ന കാര്യം നിനക്കറിവില്ലായിരിക്കും. കൊലപ്പെട്ടവനും കൊലയാളിയും ഇവിടെ വിധികർത്താവിന്റെ മുമ്പിൽ നിൽക്കുകയും അവനവന്റെ പ്രവർത്തിക്കൊത്ത പ്രതിഫലം ഏറ്റുവാങ്ങുകയും ചെയ്യും, എന്ന് പറയുന്നതായി കേട്ടു. ഉടനെ ഒരു അശരീരി ഇപ്രകാരം ഉണ്ടായി; ഈ ആത്മാവിനെ താർതാറാസിന്റെ അടുത്ത് ഏൽപ്പിക്കുക. ആ ആത്മാവിനെ നരകത്തിന്റെ അഗാധതയിൽ കൊണ്ടുപോയി ഏറ്റവും താഴെയുള്ള അറകൾ ഒന്നിൽ, ന്യായവിധിയുടെ മഹാദിവസം വരെ ദണ്ഡനമേറ്റു കഴിയുവാൻ വിടുക. വീണ്ടും ആയിരമായിരം മാലാഖമാർ ചേർന്നു കർത്താവിനു സ്തുതിഗീതം പാടുന്നതും; കർത്താവേ! അങ്ങു നീതിമാനാകുന്നു അവിടുത്തെ ന്യായ തീർപ്പുകളും നീതിയുള്ളവ എന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നതും ഞാൻ കേൾക്കുകയുണ്ടായി.

19) എന്നെ നയിക്കുന്ന മാലാഖ നീ ഇതെല്ലാം കണ്ടല്ലോ! എന്ന് എന്നോട് ചോദിച്ചതിനു ഉവ്വ് യജമാനനെ എന്നു ഞാൻ മറുപടി പറഞ്ഞു. മാലാഖ വീണ്ടും എന്നോട്; എന്നെ അനുഗമിക്കുക ഞാൻ നിന്നെ കൊണ്ടുപോയി വിശുദ്ധന്മാർക്ക് ഒരുക്കിയിട്ടുള്ള സ്ഥലം കാണിച്ചുതരാം എന്നു പറഞ്ഞു. ഞാൻ പിൻ ചെന്നപ്പോൾ എന്നെ മൂന്നാം സ്വർഗ്ഗത്തിലേക്കു കയറ്റി പ്രവേശന കവാടത്തിൽ നിർത്തി. ഞാൻ ശ്രദ്ധിച്ചു നോക്കിയപ്പോൾ ആ വാതിലുകൾ തങ്കത്തിൽ തീർത്തതാണെന്നു കണ്ടു. അവിടെ രണ്ടുനിര സ്വർണ്ണലിപികളും അവയ്ക്കുമേലെ സ്വർണ്ണം പതിച്ചിരിക്കുന്നതും കണ്ടു. മാലാഖ എന്നെ നോക്കി, ഈ വാതിലിൽ കൂടിഅകത്തു പ്രവേശിക്കുവാൻ കഴിഞ്ഞ താങ്കൾ അനുഗ്രഹീതനാകുന്നു. എന്തെന്നാൽ നന്മനിറഞ്ഞവർക്കും എല്ലാംകൊണ്ടും ശരീര നൈർമല്യം ഉള്ളവർക്കും അല്ലാതെ മറ്റാർക്കും ഇവിടെ പ്രവേശനനാനുമതി ഇല്ലാത്തതാകുന്നു.

അപ്പോൾ എല്ലാതിനെക്കുറിച്ചും അറിയാനുള്ള ആഗ്രഹംകൊണ്ട് ഞാൻ മാലാഖയോട്-ഈ പട്ടികയിലെ ലിഖിതങ്ങൾ എന്തു ഉദ്ദേശ്യത്തോടുകൂടി ഉള്ളതാകുന്നു? എന്നു എന്നോടു പറഞ്ഞാലും എന്നു ആവശ്യപ്പെട്ടു. ഇഹലോകവാസകാലമത്രയും പൂർണ്ണഹൃദയത്തോടെ ദൈവത്തെ സേവിച്ച വിശുദ്ധന്മാരുടെ നാമവിവരപ്പട്ടികയാകുന്നു അത് എന്ന് മാലാഖ വിശദീകരിച്ചു. ഞാൻ അതിന്ന് വിശുദ്ധന്മാരുടെ രൂപവും പേരുവിവരവും, പ്രതിച്ഛായയും സ്വർഗ്ഗത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന വിവരവും അവർ ആരെല്ലാമെന്നും അങ്ങനെയുള്ളവർ ഇഹലോകവാസം തീർത്തുപോരുന്നതിനു മുമ്പെ പൂർണ്ണ ഹൃദയത്തോടെ ദൈവദാസന്മാരായിരുന്നു എന്ന വിവരവും മാലാഖമാർക്കു മുന്നമെ അറിയാമായിരുന്നുവല്ലൊ, എന്നും പറഞ്ഞു.

(തുടരും.............)

# ആർത്താറ്റ് പള്ളിചെപ്പേട് - ഇരുന്നൂറാം പിറന്നാൾ(1806-2005)

നമുക്ക് ആർത്താറ്റ് ചെപ്പേടിന്റെ വിശദാംശങ്ങളിലേക്ക് കടക്കാം.

ഒപ്പിട്ടവരുടെ പേരുകൾ ഒഴിവാക്കിയാൽ ചെപ്പേടിന്റെ ശരീരത്തിന് 3 ഭാഗങ്ങൾ ഉള്ളതായിക്കാണാം.

1) ആർത്താറ്റ് പള്ളി ചരിത്രത്തിൽ വേദനാജനകമായ ഒരു സംഭവത്തിന്റെ സ്മരണ

2) മലങ്കരസഭാചരിത്രത്തെപ്പറ്റിയുള്ള സൂചനകൾ

3) ഒരു ഭീഷ്മപ്രതിജ്ഞ

ആർത്താറ്റ് പള്ളി മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമായ പുരാതനമായ ദേവാലയമാണ്. പാലൂർ പ്രദേശത്തുള്ള പള്ളിയാകയാൽ പാലൂർ പള്ളി എന്നും ചാട്ടുകുളത്തിന്റെ (ആ കുളം ആ പേരിൽ ഇപ്പോഴും ഉണ്ട്) കരയിൽ നിൽക്കുന്ന എന്ന അർത്ഥത്തിൽ ചാട്ടുകുളങ്ങര പള്ളി എന്നും ഈ ദേവാലയം ചരിത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ ആദ്യത്തെ ചരിത്രകാരനായ ഇട്ടൂപ്പ് റൈറ്ററുടെ (19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം രണ്ടാം പതിപ്പ് 1906) അഭിപ്രായപ്രകാരം 1599 ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിനെ ധീരമായി ബഹിഷ്കരിച്ച ഏക ഇടവകയാണിത്. ഉദയംപേരൂർ വിജയശ്രീലാളിതനായി മലങ്കരയിലെ ഒട്ടുമിക്ക പള്ളികളെക്കൊണ്ടും റോമ്മിന്റെ പേപ്പൽ ആധിപത്യം അംഗീകരിപ്പിച്ച ആർച്ച് ബിഷപ്പ് ഡോ. അലക്സിഡോം മെനേസ്സിന്, ഉദയംപേരൂർ സുന്നഹദോസിനെ ചെറുത്തു നിന്ന പാലൂർ ഇടവകയിൽ നടത്തിയ സന്ദർശനത്തെപ്പറ്റി ബിഷപ്പ് എൽ. ഡബ്ല്യു ബ്രൗൺ ദി ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ് എന്ന ഗ്രന്ഥത്തിൽ (1956) രസകരമായ ഒരു വിവരണം നൽകിയിട്ടുള്ളത് ഇവിടെ സംഗ്രഹിക്കാം.

സഭയെ പാശ്ചാത്യവത്കരിക്കുവാനും പേപ്പൽ ആധിപത്യത്തിൽ കൊണ്ടുവരുവാനുമായി തീരുമാനിച്ച ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനുകൾ പള്ളികളിൽ നടപ്പാക്കുവാനും കാനോനുകൾക്കു വിധേയമായി പള്ളിയിൽ ആരാധനക്രമങ്ങൾ തിരുത്തുകയോ അല്ലാത്തപക്ഷം അവയെ നശിപ്പിക്കയെങ്കിലുമോ ചെയ്യുവാൻ ആർച്ച് സപരിവാരം എല്ലാ പള്ളികളിലും സന്ദർശിക്കുന്ന കാലം. പാലൂർ പള്ളി സന്ദർശിക്കുവാൻ ആർച്ച് ബിഷപ്പ് ചാവക്കാട് വഴി ചാട്ടുകുളങ്ങര പടവിലെത്തി. ആർച്ച് ബിഷപ്പിന്റെ ബഹുമാനാർത്ഥം പാലൂർ ഇടവക പള്ളിയോട് ചേർന്ന് കിടക്കുന്ന ജൂതക്കുന്നിൽ ഒരു പ്രഹസനം അവതരിപ്പിച്ചു. മൂന്ന് കഥാപാത്രങ്ങൾ മാത്രമുള്ള ഒരു പ്രഹസനം പത്രോസ് ശ്ലീഹാ, തോമാസ് ശ്ലീഹാ, കുരിയാക്കോസ് സഹദ എന്നീ മൂന്ന് പേരാണ് കഥാപാത്രങ്ങൾ. പത്രോസ് റോമിന്റെ ആധിപത്യ പ്രഹരണ വ്യഗ്രതയെയും (ആർച്ച് ബിഷപ്പ് മെനേസ്സിന് ഇതിന്റെ പ്രതിനിധിയായിരുന്നു) തോമാശ്ലീഹാ സ്വതന്ത്ര ദേശീയധാരയെയും (പാലൂർ പള്ളി മാർതോമാശ്ലീഹ സ്ഥാപിച്ചതാണല്ലോ), കുരിയാക്കോസ് സഹദാ മധ്യസ്ഥനെയും (ഇന്ന് പാലയൂർ എന്നും അന്ന് ചാവക്കാട് എന്നും വിളിച്ചിരുന്ന സ്ഥലത്തുള്ള പള്ളി) എ. ഡി. നാലാം നൂറ്റാണ്ടിലെ വിശുദ്ധനായ മാർ കുരിയാക്കോസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ മൂന്ന് കഥാപാത്രങ്ങൾ പാലൂർ പള്ളിയെയും അതിന്റെ കീഴിലുണ്ടായിരുന്ന ചാവക്കാട് പള്ളിയെയും ഇതു രണ്ടും കൈവശപ്പെടുത്തുവാൻ വന്ന മെനേസ്സിനെയും പ്രതീകവത്കരിച്ചിരുന്നു.

പ്രഹസനമാരംഭിക്കുമ്പോൾ രംഗത്തുവരുന്ന പത്രോസ് തോമായോട് നടത്തുന്ന സംവാദമാണ് ആദ്യഭാഗം. താൻ ആഗോളസഭയുടെ താക്കോൽക്കാരനാണെന്നും ക്രിസ്തുവിന്റെ വികാരിയാണെന്നും പിതാക്കന്മാരുടെ തലവനാണെന്നും തുടങ്ങി കത്തോലിക്കാ സഭ സ്വീകരിച്ച അധീശനിലപാടുകളെ സാധൂകരിക്കുന്ന ന്യായങ്ങൾ ഓരോന്നായി അണിനിരത്തി.

അതുകഴിഞ്ഞ് തോമാശ്ലീഹയുടെ ഊഴമായി. എന്നെ സഭ സ്ഥാപിക്കുവാൻ തെരഞ്ഞെടുത്തതും നിയോഗിച്ചതും ക്രിസ്തുവാണെന്നും എന്റെ മേലാധികാരിയായി ക്രിസ്തു ആരെയും നിയമിച്ച വിവരം അറിഞ്ഞിട്ടില്ലെന്നും താങ്കൾ കേരളത്തിൽ നടത്തുന്നത് അജമോഷണമാണെന്നും അത് അവസാനിപ്പിക്കണമെന്നും തോമ പത്രോസിനോട് തർക്കിച്ചു. തർക്കം മൂത്തപ്പോൾ രണ്ടുപേരും അടുത്തുനിന്ന് തർക്കം ശ്രദ്ധിച്ച കുരിയാക്കോസ് സഹദായ മദ്ധ്യസ്ഥനായി ക്ഷണിച്ചു. മാർ കുരിയാക്കോസ് ഇരുഭാഗത്തെയും തർക്കം കേട്ടശേഷം പത്രോസ് ശ്ലീഹായുടെ അവകാശവാദങ്ങൾക്കു വേദപുസ്തകത്തിലോ സഭാചരിത്രത്തിലോ യാതൊരു അടിസ്ഥാനങ്ങളും ഇല്ലെന്നും തന്മൂലം പത്രോസിന്റെ ശ്രമങ്ങൾ സഭാദ്രോഹമായ അജമോഷണമാണെന്നും അത് അവസാനിപ്പിക്കണമെന്നും വിധി പ്രസ്താവിച്ചു.

ഈ മദ്ധ്യസ്ഥപ്രഖ്യാപനത്തോടെ കാണികൾ ആർത്ത് മെനേസ്സിനെ ആട്ടിവിട്ടു. അദ്ദേഹം സലജ്ജം മടങ്ങിപ്പോയി അതോടെ പാലൂർ ചാട്ടുകുളങ്ങര ഇടവകക്കാർക്ക് പുതിയൊരു പേർ വീണു ആർത്താട്ടുകാർ. പിന്നീട് ആ പേർ ദേശത്തിനു വീണു. ആർത്താട്ട് പിന്നെ ആർത്താറ്റ് എന്ന് ഭേദപ്പെട്ട ഉച്ചാരണമായിത്തീർന്നു. ഒരു നൂറ്റാണ്ടുവരെയെങ്കിലും ആർത്താറ്റ് പള്ളിയെ പാലൂർ പള്ളി എന്ന് വിശേഷിപ്പിച്ച രേഖകളുണ്ട്. എ.ഡി. 1911 കന്നി 29 ന് ആലുവാ തൃക്കണത്ത് സെമിനാരിയിൽ നിന്ന് പ. അബ്ദുള്ള പാത്രിയർക്കീസ് പുറപ്പെടുവിച്ച 139-ാം നമ്പർ പൊതു കല്പനയിലെ പരാമർശം ഇപ്രകാരമാണ്.

*.......പാലൂർ മെത്രാസന ഇടവകയെന്ന് പേർ കൊടുത്തിരിക്കുന്ന ആർത്താറ്റ്, മുളന്തുരുത്തി മുതലായ പള്ളികൾ ഉൾപ്പെട്ടിരിക്കുന്ന കൊച്ചി ബ്രിട്ടീഷ് മെത്രാസന ഇടവകക്കാരായ നമ്മുടെ അനുഗ്രഹിക്കപ്പെട്ട വാത്സല്യ മക്കളുടെ നെറുകകൾ മേൽ ദൈവീക കൃപകളും സ്വർഗ്ഗീയ വാഴ്വും വന്നു വസിക്കുമാറാകട്ടെ. കൂറിലോസിനും സേവേറിയോസിനും നാം കൊടുത്തിട്ടുള്ള ഇടവകകൾ കഴിച്ച് നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന കൊച്ചി ബ്രിട്ടീഷ് മെത്രാസന ഇടവകക്ക് പറയുന്ന പാലൂർ മെത്രാസന ഇടവകകൂടെ നാം അത്താനാസ്യോസിന് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു.......*

ഈ പാലൂർ പള്ളി മലങ്കരയുടെ തള്ളപ്പള്ളിയും തന്മൂലം തലപ്പള്ളിയും ആയിരുന്നു. താലൂക്കിന് തലപ്പള്ളി എന്ന പേർ സിദ്ധിച്ചത് ഇക്കാരണത്താലാണ്. അങ്കമാലി പള്ളിയുടെ പ്രാധാന്യം സിദ്ധിച്ചത് കൊടുങ്ങല്ലൂർ തുറമുഖവും വിദേശവാണിജ്യ കേന്ദ്രമായതിന് ശേഷമാണ്. അതിനും മുമ്പ് പൊന്നാനി പെരുമ്പടപ്പ് തുറമുഖം വിദേശവാണിജ്യകേന്ദ്രമായിരുന്നപ്പോൾ മലങ്കരസഭയുടെ നിയന്ത്രണം പാലൂർ ഇടവകയുടെ കൈകളിലായിരുന്നു. ഉദയംപേരൂർ സിനഡിനെ ബഹിഷ്കരിച്ചപ്പോഴും മെനേസ്സിനെ തിരസ്കരിച്ചപ്പോഴും ഈ ഉത്തരവാദിത്വബോധം പാലൂരിനെ ഭരിച്ചിരുന്നു. എന്നാൽ അഞ്ചാം മാർത്തോമ്മയുടെ സ്ഥാനാഭിഷേകത്തെ ചൊല്ലിയുണ്ടായ വിവാദങ്ങൾ ഈ പാലൂർ ഇടവകയിൽ ഭിന്നതയുടെ വിത്ത് പാകി. കുറെ പേർ റോമൻ വിഭാഗത്തോട് കൂറു പ്രഖ്യാപിച്ചു. വിവാദങ്ങൾ വർദ്ധിച്ചപ്പോൾ പള്ളി പൂട്ടിയിടേണ്ടിവന്നു. പള്ളി പൂട്ടിയപ്പോൾ രണ്ടുഭാഗക്കാരുടെയും ശവസംസ്കാരത്തിന് മാത്രമെ ആ പള്ളി ആവശ്യമുള്ളൂ എന്നായി. ആർത്താറ്റ് പള്ളിയുടെ ചരിത്രപ്പാട്ടിൽ (1825) പറയുന്നു.

*കൂറുരണ്ടിൽ മൃത്യുവന്നാൽ നരദേഹമവിടത്തിൽ*
*കൂറോടങ്ങടക്കുന്നതല്ലാതെ കാര്യമില്ലാതെ കഴിഞ്ഞ ശേഷം......*

(തുടരും.........)

കവിത — എം, എസ്. മാത്യു.

# വഴി തെറ്റിയ ആട്

*മത്തായി 18:10-14, ലൂക്കോസ് 15:3-7*
*(ഓമനത്തിങ്കൾ കിടാവോ എന്ന രീതി)*

പാപികളോടൊത്തു യേശു എറെ
ബന്ധപ്പെടുന്നെന്ന് യൂദർ
കുറ്റമാരോപിച്ച നേരം - യേശു
പ്രത്യുത്തരം പറഞ്ഞിത്ഥം
പാപിയെ സ്നേഹിക്കും ദൈവം ഇത്
വ്യക്തമാക്കാനൊരുപമ:
നൂറ് ആടുള്ളോരിടയൻ-തന്റെ
ആടുകളെ മേയ്ക്കുന്നേരം
ഒന്ന് കൂട്ടം തെറ്റിപ്പോകിൽ-അവൻ
തൊണ്ണൂറ്റി ഒമ്പതിനെയും
മേയാൽ മലയിൽ വിട്ടിട്ട്-തെറ്റി
പ്പോയതിനെത്തേടുകയില്ലേ?
കണ്ടെത്തിയെങ്കിലതിനെ-തന്റെ
തോളിലേറ്റിക്കൊണ്ടു പോരും
തൊണ്ണൂറ്റി ഒമ്പതിനേക്കാ-ളവൻ
തിണ്ണം ആ ഒന്നിൽ മോദിക്കും
പശ്ചാത്തപിച്ചു തിരിച്ചു വരും
പാപിയെപ്പറ്റി സ്വർഗ്ഗത്തിൽ
പശ്ചാത്തപിക്കേണ്ടതില്ലാ-ത്തോരാം
നീതിമാന്മാരെക്കാളേറെ
വാനവദൂതർക്കാഹ്ലാദം- ഉണ്ടാം
മാനവർ മാസസേ ഓർക്ക
നല്ലയിടയനായ യേശു-തെറ്റി
പ്പോയോർക്കും രക്ഷയേകുന്നു
കാണാതെപ്പോയതെത്തേടി-യല്ലോ
വന്നിഹെ ദൈവത്തിൻ പുത്രൻ
പാപികളെ സ്നേഹിക്കുന്നു...... ദൈവം
പാപങ്ങളെ വെറുക്കുന്നു
യേശു സ്നേഹിക്കുന്നു തെറ്റാ-തോരോ
വ്യക്തിയേയും കരുതുന്നു.

## ബൈബിൾ പഠനം ശരിയുത്തരം അയച്ചു തന്നവർ

(1) ഷീന ദിലീപ്, ചെറുതുരുത്തി (2) കെ. സി. എലിസബത്ത് തമ്പി, കൂത്തൂർ, കൊച്ചി (3) അല്ലി സി. വി. ചുങ്കത്ത് മരത്തംകോട് (4) പി. ഐ. ചേറുകുട്ടി, കോയമ്പത്തൂർ (5) ജോൺ സി. ജോൺസൺ, ചീരൻ പഴഞ്ഞി (6) ബിനി ബേബി സി., ചുങ്കത്ത്, ചൊവ്വന്നൂർ (7) ഷെമി പുലിക്കോട്ടിൽ വി. പഴഞ്ഞി (8) സി. എം. അമ്മിണി, ദി റോസ് ബഡ്, പഴഞ്ഞി (9) കെ. യു. ജോർജ്ജ്, കൊള്ളന്നൂർ, പഴഞ്ഞി (10) കെ. റ്റി. ചിന്നാമ്മ, കാക്കശ്ശേരി, കുന്നംകുളം. (11) മോളി ശ്യാമു, ചീരൻ, പഴഞ്ഞി (12) അല്ലി സൈമൺ, അയ്യംകുളങ്ങര, മങ്ങാട് (13) ക്ലൗദിയ, കൂത്തൂർ മരത്തംകോട് (14) സി. സി. മറിയാമ്മ, ചെറുവത്തൂർ, കരിക്കാട് (15) കെ. സി. സക്കറിയ, കൂത്തൂർ, കുന്നംകുളം (16) താനി ചേറു പി. പഴഞ്ഞി (17) ലൂസി പുലിക്കോട്ടിൽ, പഴഞ്ഞി (18) ജിബോയ് ചീരൻ ജി., പഴഞ്ഞി (19) ശേബ മാത്യൂസ്, മണ്ടുംപാൽ, മങ്ങാട്

## സഭാചരിത്ര പഠനം - ഉത്തരങ്ങൾ

(1) വില്യാർവട്ടം രാജവംശം (2) 1681 ഏപ്രിൽ 27 (3) അലക്സിയോസ് മാർ തേവോദോസ്യോസ് (4) പ. അപ്രേം പാത്രിയർക്കീസ് (5) പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് (6) അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് (7) മുളക്കുളം കർമ്മേൽ കുന്ന് പള്ളി (8) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് കക (9) മലങ്കര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ & കോളേജ്, കോലഞ്ചേരി (10) അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, അഭി. ഡോ.സഖറിയാസ് മാർ തെയോഫിലോസ്, അഭി. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റം, അഭി. ഔഗേൻ മാർ ദിവന്നാസ്യോസ്.

ബൈബിൾ പഠനം

# ഇയ്യോബ് 42 അദ്ധ്യായം

1. അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും. വാക്യം?
2. പ്രായം സംസാരിക്കയും, വയോധിക്യം ജ്ഞാനം ഉപദേശിക്കയും ചെയ്യട്ടെ. വാക്യം?
3. വിടുവായൻ നീതിമാനായിരിക്കുമോ. ഇതു പറഞ്ഞ സ്നേഹിതൻ ആര്?
4. കർത്താവിനോടുള്ള ഭക്തി തന്നെ ജ്ഞാനം, ദോഷം, അകന്ന് നടക്കുന്നത് വിവേകം. വാക്യം?
5. സപ്തർഷി, മകയിരം, കാർത്തിക ഇവ പറയുന്നത് എവിടെ?
6. മർത്യൻ ദൈവത്തിലും നീതിമാനാകുമോ? നരൻ സൃഷ്ടാവിലും നിർമ്മലനാകുമോ? വാക്യം?
7. ജ്ഞാനിയായവൻ വ്യർത്ഥ ജ്ഞാനം പ്രസ്താവിക്കുമോ ഇതു പറഞ്ഞതാര്?
8. ഇയ്യോബിനോടുകൂടെ ഭക്ഷണം കഴിച്ചവർ അവന് എന്തെല്ലാം കൊടുത്തു?
9. മഹാനാകത്തെ ചൂണ്ടയിലിട്ട് പിടിക്കാമോ. വാക്യം?
10. നാം ദൈവത്തിന്റെ കൈയ്യിൽ നിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ. വാക്യം?
11. ഇയ്യോബിന് ആദ്യം എത്രമക്കൾ ഉണ്ടായിരുന്നു?
12. ആധിപത്യവും ഭയങ്കരത്വവും അവന്റെ പക്കൽ ഉണ്ട് ഇതു പറഞ്ഞതാര്?
13. ബറഖേലിന്റെ മകൻ?
14. ഭോഷനെ കൊല്ലുന്നതെന്ത്?
15. യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. വാക്യം?
16. സർവ്വശക്തനിലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും. ഇത് പറഞ്ഞ സ്നേഹിതൻ?
17. ആരുടെ ആശയാണ് നശിച്ചു പോകുന്നത്?
18. നീ എന്നെ പാലുപോലെ പകർന്നു തൈർ പോലെ ഉറകൂട്ടുമാറാക്കിയല്ലോ. വാക്യം?
19. ഇയ്യോബ് എത്ര തലമുറയോളം കണ്ടു?
20. പാതാളത്തിന് ഇരയാകുന്നവൻ ആര്?
21. ഏലിഹൂവിന്റെ വംശം?
22. എന്നാൽ ഞാൻ നടക്കുന്ന വഴി അവൻ അറിയുന്നു. എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരും. വാക്യം?
23. ഒട്ടകങ്ങളെ പിടിച്ചുകൊണ്ടുപോയതാര്?
24. ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ, സർവ്വശക്തന്റെ ശിക്ഷ നീ നിരസിക്കരുത്. വാക്യം?
25. ദൈവം ബലവാനെങ്കിലും ആരെയും നിരസിക്കുന്നില്ല. അവൻ വിവേക ശക്തിയിലും ബലവാൻ തന്നെ. വാക്യം?

## മാർച്ച് - ലക്കം ഉത്തരങ്ങൾ

(1)4:7 (2)1:20 (3)4:19 (4)2:20 (5)1:14

(1) 8:17 (2)4:7 (3)5:11 (4)1:5 (5)7:6 (6)10:23 (7)8:33 (8)2:5 (9)5:3 (10)9:15

(1)4:2 (2)2:19 (3)6:10 (4)10:38 (5)13:22 (6)8:1 (7)3:3 (8)7:4 (9)3:18 (10)8:10

(1)2:21 (2)2:14 (3)10:3 (4)1:1 (5)8:9 (6)4:5 (7)1:10 (8)2:7

## വിജയികൾ

**(1) പി. പി. തങ്ക, പുതുകുളങ്ങര, കുന്നംകുളം (2) ജിബി ജോൺ, ചേലക്കോട് (3) ഏല്യാമ്മ ജോർജ്ജ്, മനാക്കുഴിയിൽ, പീച്ചി (4) ശോഭകുമാരി സി. കെ., ആനപ്പറമ്പിൽ പുലിക്കോട്ടിൽ, പഴഞ്ഞി. (5) ജോസ് പി. യു., ആനപ്പറമ്പിൽ പുലിക്കോട്ടിൽ, പഴഞ്ഞി.**

# പ്രസംഗപീഠം

ജെ. സി.

**ഏപ്രിൽ 17 പുതുഞായർ ശേഷം 2-ാം ഞായർ(യോഹ. 4:31-38)**

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾക്കു പരിഹാരമുണ്ടായാൽ തൃപ്തിയടയുന്ന ആളുകളുണ്ട്. അവരുടെ ജീവിതം അപ്പത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഒതുങ്ങുന്നു. അപ്പം ഉദരപൂരണം തുടങ്ങി ശരീരത്തിന്റെ ആവശ്യങ്ങളെ നിറവേറ്റുന്ന എല്ലാ ഉപാധികളെയും പ്രതിനിധാനം ചെയ്യുന്നു. അപ്പങ്ങൾകൊണ്ട് നാം സംതൃപ്തി അടയുന്നുവെങ്കിൽ മൃഗങ്ങളിൽ നിന്ന് നമുക്കുള്ള മേൻമ എന്താണ്? മൃഗങ്ങളും അപ്പം ലഭിപ്പാൻ വെമ്പുന്നു. അപ്പങ്ങൾ കിട്ടിയാൽ തൃപ്തിയടനുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് വേറെയും ചില വിശപ്പുകളെപ്പറ്റി അവബോധം വേണം. നമുക്കവയെ ആത്മീയ വിശപ്പുകളെന്ന് വിളിക്കാം. മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്. എന്ന് പ്രഖ്യാപിച്ച യേശുക്രിസ്തു ഈ ആത്മീയ വിശപ്പുകളെ അനാവരണം ചെയ്യുകയായിരുന്നു.

ഈ വിശപ്പുകൾക്കു തൃപ്തി നൽകുന്നവയാകണം നമ്മുടെ ചെയ്തികൾ. സമൂഹത്തിന്റെ നീതിബോധം, സുരക്ഷിതത്വം സമാധാനം, സന്തോഷം, ആരോഗ്യം തുടങ്ങിയവയെ അപായപ്പെടുത്തുന്ന പ്രവണതകളോട് പോരാടുവാനുള്ള ചുമതലകൾ ഏറ്റെടുക്കുവാൻ നമുക്കു പ്രേരണയുണ്ടാവുന്നത് ഈ പശ്ചാത്തലത്തിലാണ്. അകംകണ്ണു തുറന്നാലേ ഈ പശ്ചാത്തലം പ്രകാശിക്കൂ. ശിഷ്യൻമാർക്ക് ഈ പ്രകാശം നൽകുന്ന വാക്കുകളാണ് ക്രിസ്തു പറഞ്ഞത്. എന്റെ ആഹാരം എന്നെ അയച്ചവന്റെ ഇഷ്ടത്തെ ആചരിക്കുകയും അവന്റെ പ്രവൃത്തിയെ നിവർത്തിക്കയും ചെയ്ക എന്നുള്ളതാകുന്നു. എന്താണ് അയച്ചവന്റെ ഇഷ്ടം? സൃഷ്ടിയുടെ സമ്പൂർണ വിമോചനം തന്നെ. ഈ സാമൂഹിക മാറ്റംകൊണ്ടുവേണം നമ്മുടെ ദൗത്യ നിർവഹണത്തിന് തിളക്കം വർധിക്കേണ്ടത്.

കണ്ണുകളുയർത്താൻ കഴിയുമെങ്കിൽ നമുക്കും കാണാം നമ്മെ അസ്വസ്ഥമാക്കുന്ന പ്രശ്നങ്ങളെ. എങ്ങും അനാഥരായ ആടുകൾ. മാതൃകയ്ക്കു വേണ്ടി കൊതിക്കുന്ന ആടുകൾ, വിശ്വാസ്യമായ അത്താണി കാണാതെ വലയുന്ന ആടുകൾ, മേച്ചിൽപ്പുറങ്ങൾക്കായി ഊഷര ഭൂമിയിൽ ആർത്തനാദം പുറപ്പെടുവിക്കുന്ന ആടുകൾ, ഇടയന്റെ സാന്ത്വനത്തിനും മാർഗ ദർശനത്തിനും സ്നേഹത്തിനും കൊതിക്കുന്ന ആടുകൾ!

ഈ സാമൂഹിക മാനം നമ്മുടെ വീക്ഷണത്തെ സ്വാധീനിച്ചാലേ ക്രിസ്തുവിനോട് നമുക്കു സാരൂപ്യം കൈവരികയുള്ളു. ആ സാരൂപ്യത്തിലാണ് നമ്മുടെ സായൂജ്യം. ആ പൂർണ്ണത സാക്ഷാത്കരിക്കപ്പെടുംവരെ നമ്മുടെ ആത്മാവ് അശാന്തമാകട്ടെ.

**ഏപ്രിൽ24 പുതുഞായർ ശേഷം 3-ാംഞായർ(വി.യോഹ.3:10-21**

പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് അടിമത്തം കുടഞ്ഞെറിഞ്ഞു മുന്നേറുന്ന ഒരു ജനത, അവരുടെ മുമ്പിൽ ദൈവ നിയോഗപ്രകാരം വഴികാട്ടുന്ന വിമോചകൻ. മാർഗമധ്യേ ഉണ്ടാവുന്ന വെല്ലുവിളികൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന നേതാവ്. ദൈവം നൽകുന്ന കൽപനകളെ നിർഭയമായി ജനത്തെ അറിയിക്കുന്ന പ്രവാചകൻ —കനാനിലേക്ക് പ്രയാണം ചെയ്യുന്ന ഇസ്രായേലിന്റെ ചിത്രമാണിത്. ജനത്തിനു മുമ്പിൽ മോശ: മോശയുടെ മുമ്പിൽ അഗ്നി സ്തംഭത്തിന്റെയും മേഘ സ്തംഭത്തിന്റെയും പ്രതീകങ്ങളിലൂടെ ദൈവം. എന്തൊരനുഗൃഹീതമായ യാത്ര! പുളയുന്ന അഗ്നിസർപ്പങ്ങളുടെ ദംശനമേറ്റ് മനുഷ്യർ മരിച്ചു വീഴുമ്പോഴും വിമോചകൻ ദിവ്യ നിയോഗപ്രകാരം ഉയർത്തി നാട്ടിയ പിച്ചള സർപ്പത്തിലൂടെ മസൗഖ്യദായകമായ ദിവ്യ പരിരക്ഷയെ ഉയർത്തിപ്പിടിക്കുന്നു.

അദ്ഭുതങ്ങളുടെ നൈമിഷിക ത്രില്ലിനു വേണ്ടി കാത്തിരിക്കുന്ന ജനതയുടെ മുമ്പിലിതാ ശാശ്വതമായ ഒരടയാളം. ഭൂമധ്യത്തിൽ ഉയർത്തി നാട്ടപ്പെട്ട മൃതസഞ്ജീവനി. ഞാൻ വെളിച്ചം, ജീവന്റെ അപ്പം, ഭാരാർദ്രതരുടെ അത്താണി, രോഗികളുടെ വൈദ്യൻ, മരിച്ചവർക്ക് നിത്യജീവൻ എന്നിങ്ങനെ അവകാശപ്പെട്ടുകൊണ്ട് ആ മൃതസഞ്ജീവനി അന്നുമിന്നും സർപ്പദംശനമേറ്റവരെ ജീവനിലേക്ക് രക്ഷയിലേക്ക്--പ്രവേശിപ്പിക്കുന്നു.

ശരിയായ രോഗം കണ്ടെത്താൻ കഴിയാത്തതാണ് ആധുനിക മനുഷ്യന്റെ ഏറ്റവും വലിയ രോഗം. പലപ്പോഴും ചികിൽസിക്കുന്നത് മുഖ്യ രോഗം മനസ്സിലാക്കിയിട്ടല്ല വൃക്ക രോഗത്തിന് ചികിൽസിക്കുന്നവൻ വളരെ വൈകിയാണ് തന്റെ വൃക്കയ്ക്കല്ല, വൻകുടലിനാണ് രോഗമെന്നറിയുന്നത്. പല വൈദ്യൻമാരെയും പരീക്ഷിച്ച് നാം വലയുന്നു. കൈവശമുള്ളതെല്ലാം ചെലവഴിക്കുന്നു. രോഗമാകട്ടെ പൂർവ്വാധികം സങ്കീർണമാകുന്നു. നമ്മുടെ പഞ്ചവൽസര പദ്ധതികളും വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകളും ഭരണഘടന തന്നെയും നമ്മെ പ്രശ്ന പരിഹാരത്തിലേക്കാണോ നയിക്കുന്നത്? സെക്കുലർ സ്റ്റേറ്റിൽ അയോധ്യാ പ്രശ്നം എങ്ങനെയുണ്ടായി? സോഷ്യലിസത്തിലേക്കുള്ള യാത്രയിൽ നാം എവിടെ എത്തിനിൽക്കുന്നു? അസിംഹസയുടെയും സഹിഷ്ണുതയുടെയും പ്രവാചകൻമാരെവിടെ? സങ്കീർണതകൾ വർധിക്കുകയാണ് ; വിഷസർപ്പങ്ങൾ പെരുകുകയാണ്; അവ മനുഷ്യപ്രാണൻ ഊറ്റിക്കുടിച്ച് പുളയുന്നു.

ഗോഗുൽത്തായിൽ ഉയർത്തി നാട്ടപ്പെട്ടിരിക്കുന്ന പ്രശ്ന പരിഹാരം നമുക്ക് സ്വീകാര്യമാവുമോ? സ്നേഹത്തിന്റെ ആ ഉദാത്തതയെ നമുക്ക് അംഗീകരിക്കാമോ? ആ സ്നേഹ ജലത്തിൽ കുളിച്ച് ശുദ്ധരാകാമോ? പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ ആ എൻസൈക്ലോപീഡിയായെ ഉപയോഗപ്പെടുത്താമോ? അതാണ് ശാശ്വതമായ രക്ഷ. മനുഷ്യാവതാരരഹസ്യവും അതുതന്നെ.

**മെയ് 1 പുതുഞായർ ശേഷം 4-ാം ഞായർ (വി. ലൂക്കോസ് 9 : 51-62)**

സത്യം പറയണം, സ്നേഹശീലം പുലർത്തണം എന്നിങ്ങനെ കുട്ടികളെ പരിശീലിപ്പിക്കുന്നവരുണ്ട്; കള്ളം പറയരുത്, ദ്വേഷിക്കരുത് എന്നിങ്ങനെ അരുതിന്റെ ഭാഷയിൽ കുട്ടികളെ പരിശീലിപ്പിക്കുന്നവരുമുണ്ട്. അരുത് എന്ന നിഷേധ രൂപത്തിലുള്ള പരിശീലന പദ്ധതിയെ മനഃശാസ്ത്രപണ്ഡിതൻമാർ അനുകൂലിക്കുകയില്ല.

കുട്ടികളെ, തെറ്റു കാണുമ്പോൾ കഠിനമായി ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നവരുമുണ്ട്. ശാസനകൾക്കും ശിക്ഷകൾക്കും പകരം ശരിയായ കാര്യങ്ങൾ എന്തെന്ന് കുട്ടികൾക്ക് ഉപദേശിച്ചെങ്കിൽ എത്ര നന്നായിരുന്നു. തെറ്റുകളുടെ പേരിൽ അധ്യാപകരിൽ നിന്ന് ശിക്ഷ വാങ്ങുന്ന കുട്ടികൾക്ക് അവരുടെ തെറ്റെന്തെന്ന് വിശദീകരിച്ചു കൊടുക്കാൻ ആരും തുനിയാത്തതു കൊണ്ട് പലപ്പോഴും കുണ്ഠിതമുണ്ടാകാറില്ലേ?

ഉപദേഷ്ടാവായ യേശുവിന്റെ അധ്യാപന ശൈലിക്ക് എപ്പോഴും വ്യക്തത ഉണ്ടായിരുന്നു. മനുഷ്യപുത്രൻ ആത്മാക്കളെ നശിപ്പിക്കാനല്ല, രക്ഷിപ്പാനായിട്ടാണ് വന്നിരിക്കുന്നത് ഏതൊരു നേതാവും (കുടുംബം ഉൾപ്പെടെ) തന്റെ ലക്ഷ്യവും ശൈലിയും കൂടെയുള്ളവർക്ക് സംശയരഹിതമായി വ്യക്തമാക്കിക്കൊടുത്തില്ലെങ്കിൽ അവരുടെ ക്രിയാത്മക സഹകരണം ലഭിച്ചില്ലെന്നു വരാം.

നമ്മെ സ്വീകരിക്കാത്തവരോട് നമ്മുടെ പ്രതികരണം എന്തായിരിക്കണം? പരിഹസിക്കാം, ശകാരിക്കാം, തേജോവധം ചെയ്യാം, ഒറ്റപ്പെടുത്താം, ഇങ്ങനെ പല മാർഗങ്ങൾ അവലംബിക്കുന്നവരെ നമുക്കു പരിചയമാണ്. യേശു അവരെ വിശേഷിപ്പിച്ചത് കാണാതെ പോയവർ എന്നാണ്. ആ നിലയിൽ അവരോടുള്ള സമീപന ശൈലി സംവിധാനം ചെയ്യാനൊക്കുമോ? കണ്ടുകിട്ടുന്നതുവരെ അവിരാമമായ അന്വേഷണം; കണ്ടെത്തുന്നതുവരെ നഷ്ടപ്പെട്ടതിനെച്ചൊല്ലി നിരന്തരമായ അശാന്തി. ഇതെല്ലാമാണ് ക്രിസ്തീയ സമീപനം. മുടിയൻ പുത്രന്റെ പിതാവ് തന്നെ മാതൃക. നിതാന്തമായ കാത്തിരിപ്പിലൂടെ സ്നേഹം പ്രകടമാക്കുന്ന പിതാവ്.

നാം മക്കളെ ശിക്ഷിക്കുമ്പോഴും ശാസിക്കുമ്പോഴും പ്രകടമാക്കുന്നത് സ്നേഹമാകാം. എന്നാൽ അവയ്ക്കായി അസ്വസ്ഥതയും അശാന്തിയും അനുഭവിച്ചുകൊണ്ട് അവരുടെ മനഃപരിവർത്തനത്തിനായി പ്രാർത്ഥനാപൂർവം കാത്തിരിക്കുന്ന സഹിഷ്ണുത സ്നേഹത്തിന്റെ മാധുര്യത്തെ വർധിപ്പിക്കുന്നു. ശിക്ഷയും അസഹിഷ്ണുതയും അന്തരീക്ഷത്തെ മലീമസമാക്കുവാനാണുപകരിക്കുക. ക്ഷമയും കാത്തിരിപ്പുമാകട്ടെ സുഗന്ധവും പ്രകാശവും പ്രസരിപ്പിക്കും.

നമ്മുടെ വൈവിധ്യമാർന്ന മേഖലകളിൽ ശിക്ഷ പരുഷഭാവത്തിൽ മാത്രമേ കാണാറുള്ളൂ. മുടിയനായ പുത്രനെ, തിരിച്ചു വരുമ്പോൾ തള്ളിക്കളയാം; മോതിരമിട്ട് സ്വീകരിക്കയുമാവാം. ഏതാണ് അവന്റെ മനസ്സിനെ ചലിപ്പിക്കുന്ന ശിക്ഷ. ഈ വഴിയ്ക്കു നമ്മുടെ ചിന്ത വ്യാപിക്കേണ്ടതല്ലേ?

**മെയ് 8 പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായർ(വി. യോഹ. 16:31 – 17,26)**

ക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥനയാണീ ഭാഗം. മഹാപുരോഹിതന്റെ പ്രാർത്ഥനയിൽ ഒരിടത്തും സ്വന്തം ആവശ്യങ്ങൾ ഉന്നയിക്കുന്നില്ല. തന്റെ ശേഷം തന്റെ സ്ഥാനത്ത് പ്രവർത്തിക്കുവാൻ താൻതന്നെ തെരഞ്ഞെടുത്തു നിയമിച്ച ശിഷ്യർക്കുവേണ്ടി മധ്യസ്ഥത നടത്തുന്നു. ആദ്യഭാഗം ശിഷ്യർ എപ്പോഴും ഓർക്കുവാനുള്ള കാര്യമാണ്. ലോകത്തിൽ നിങ്ങൾക്കു ക്ലേശമുണ്ടാകും. ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. ക്രിസ്തീയ ശിഷ്യന്റെ ജീവിത പന്ഥാവ് പട്ടുവസ്ത്രങ്ങളാൽ അലംകൃതമാണെന്നു പലരും കരുതുന്നു. സമ്പന്നമായ ജീവിതം സംതൃപ്ത ജീവിതമെന്നു പലരും ചിന്തിക്കുന്നു. ആ ചിന്ത ക്രിസ്തീയമല്ല. ജീവിതം ക്രിസ്തുവിനോ ക്രിസ്തു ശിഷ്യൻ മാർക്കോ ഒരിക്കലും സുഖകരമായിരുന്നില്ല. ആദർശ ബോധവും ഉയർന്ന നീതിബോധവും പുലർത്തുന്നവർക്കു കുരിശ് അനിവാര്യമാണ്. കർത്താവ് തന്നെയും പറഞ്ഞല്ലോ: ആരെങ്കിലും എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ അവൻ തന്നെത്തന്നെ ത്യജിച്ച് സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ. ഈ യാഥാർത്ഥ്യ ബോധം ക്രിസ്തുശിഷ്യൻ മറന്നുകൂടാ.

ക്ലേശമേൽക്കുമ്പോൾ അവന് ആശ്വാസം ലഭിക്കേണ്ടത് ഗോഗുൽത്തായിലെ കുരിശിൽ നിന്നാണ്. കഷ്ടതയനുഭവിക്കേണ്ടത് നൻമയുടെ പ്രതിപകരമായിട്ടാവുമ്പോൾ നമുക്കാശ്വസിക്കാം നീതിക്കു വേണ്ടി പീഡിപ്പിക്കപ്പെടുന്നവർക്കു ഭാഗ്യം. ഗോഗുൽത്തായിലെ കുരിശിൽ പരിഭവ ശബ്ദമില്ല, അവിടെയും സ്നേഹത്തിന്റെ നീർച്ചാൽ, ശത്രുവിനെപ്പോലും സ്നേഹവലയത്തിലാക്കുന്ന ഉദാത്ത സ്നേഹം. കളങ്കരാഹിത്യവും സ്നേഹപ്രവാഹവും ചേർന്നാൽ കുരിശുകൾ ആരാധ്യമാവുകയായി. ആ കുരിശുകൾക്കു കാന്തശക്തി കൈവരികയായി. തന്റെ അനുയായികൾക്കു ആ സിദ്ധി കൈവരിക്കാനാണീ പ്രാർത്ഥന. ഗുരു സ്ഥാനവും നേതൃസ്ഥാനവും ഉള്ള ആർക്കും അനുകരിക്കാവുന്നതത്രേ ഈ പ്രാർത്ഥന.

നാം തമ്മിൽ ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിപ്പാനായിട്ട്..... നമ്മുടെ എക്യൂമിനിക്കൽ സംരംഭങ്ങളെ ചടുലമാക്കുന്ന വാക്യമാണത്. ഒന്നാകണമെങ്കിൽ കല്ലുകൾ ചെത്തിവെടിപ്പാക്കണം. മനുഷ്യന്റെ സ്വാർത്ഥതയും അധികാരമോഹവും അന്ധമായ വിശ്വാസഭ്രാന്തും അസ്തമിക്കുമ്പോഴേ ഐക്യശ്രമങ്ങൾ കിരീടമണിയൂ. ഇന്ത്യയെ സംബന്ധിച്ചിടത്തോളം നിഖ്യാ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ സഭകൾക്ക് യോജിക്കാൻ കഴിയേണ്ടതാണ്. വിശദാംശങ്ങളിൽ വൈവിധ്യം നിലനിന്നുകൊള്ളട്ടെ. വിശദാംശങ്ങളിലുള്ള വൈവിധ്യം അവസാനിച്ചാലേ ഐക്യമാകാവൂ എന്ന് കരുതുന്നത് ക്രിസ്തീയതയാവുമോ? നിഖ്യാ വിശ്വാസപ്രമാണം മാനദണ്ഡമാക്കി ക്രിസ്തുവിന്റെ ആത്മാവിൽ ഐക്യശ്രമങ്ങളെ ത്വരിതപ്പെടുത്തുവാൻ ഐക്യ പ്രസ്ഥാനങ്ങൾക്ക് കഴിയട്ടെ. അത് നമ്മുടെ കർമ്മപരിപാടികളുടെ ഭാഗമായിത്തീരട്ടെ.

**സണ്ടേസ്കൂൾ പംക്തി** **കെ. സി. ലോഫ്സൺ**

# മലങ്കരസഭ സ്ഥാപനവും സ്ഥാപകനും

സണ്ടേസ്കൂൾ പാഠാവലി 5 ലെ യൂണിറ്റ് 5 ൽ മൂന്നു പാഠങ്ങളിലായി മലങ്കരസഭയുടെ സ്ഥാപനവും സ്ഥാപകനും സ്ഥാപിച്ച പള്ളികളെയും കുറിച്ച് വിശദമായ പഠനം ക്രമീകരിച്ചിരിക്കുന്നു.

കർത്താവിന്റെ കല്പനപ്രകാരം ശിഷ്യന്മാർ ആദ്യം യെരുശലേമിലും പിന്നെ ലോകമൊട്ടുക്കും സഭ സ്ഥാപിക്കുന്നതായി നാം മനസ്സിലാക്കുന്നു. *നാം കർത്താവിനോടുകൂടി മരിക്കേണ്ടതിന് അവനോടുകൂടി നാമും പോക* എന്ന് മറ്റു ശിഷ്യന്മാരോട് ആഹ്വാനം ചെയ്ത മാർതോമ (യോഹ 11:16) യെരുശലേമിൽ നിന്ന് വളരെ വളരെ അകലെയുള്ള ഭാരതത്തിലേക്ക് സുവിശേഷം അറിയിക്കുവാൻ എ.ഡി. 52 ൽ എത്തിച്ചേർന്നു. കേരളത്തിന്റെ പടിഞ്ഞേറേ കവാടമായ കൊടുങ്ങല്ലൂരിൽ കപ്പൽമാർഗ്ഗം വന്നെത്തിയ ശ്ലീഹാ അനേകരെ ക്രിസ്തുവിലേക്കാകർഷിച്ച് മാമ്മോദീസാ നൽകി. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്ന നാലു ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവരെ പൗരോഹിത്യ ശ്രേണിയിലേക്കുയർത്തി.

എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഉത്ഥിതനായ കർത്താവിനെ ഏറ്റുപറഞ്ഞ് ലോകത്തിന് യേശുക്രിസ്തു ആരെന്ന് വെളിപ്പെടുത്തിക്കൊടുത്ത മാർത്തോമ്മാ ശ്ലീഹാ ആ ക്രിസ്തുവിന്റെ ധീരപടയാളിയായ് ഭാരതത്തിൽ പ്രവർത്തിക്കുകയായിരുന്നു. കേരളക്കരയിൽ ഏഴു പള്ളികൾ സ്ഥാപിച്ച് (ഏഴര പള്ളികൾ എന്ന് ഐതിഹ്യം) ഭാരതത്തിന്റെ പൂർവ്വ പ്രദേശങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മദ്രാസ് (ചെന്നൈ) വരെ എത്തി. എന്നാൽ ഭാരതത്തിന്റെ അപ്പോസ്തോലന് വളരെയേറെ മുന്നേറുവാൻ കഴിഞ്ഞില്ല. മൈലാപ്പൂരിൽവെച്ച് അദ്ദേഹത്തിന് കുന്തമേറ്റു. രക്തസാക്ഷിയായി മരിച്ച് അടക്കപ്പെട്ടു. എ.ഡി. 52 മുതൽ 72 വരെയുള്ള ഇരുപത് വർഷക്കാലത്തെ പ്രവർത്തനഫലമായി ഭാരതത്തിൽ സ്ഥാപിക്കപ്പെട്ട സഭയുടെ ഇന്നത്തെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവായുടെ കല്പന വായിക്കുമ്പോൾ.... *മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരുഢനായിരിക്കുന്ന......* എന്ന പ്രയോഗം കുഞ്ഞുങ്ങൾ ശരിയായി മനസ്സിലാക്കേണ്ടതുണ്ട്.

മാർതോമ്മാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷ പ്രവർത്തനത്തെക്കുറിച്ച് പ്രസ്താവിക്കുന്ന ഒരു ഗ്രന്ഥമാണ് അഇഠഅ ഠഒഛങഅ (മാർത്തോമ്മായുടെ പ്രവർത്തികൾ). എ. ഡി. 3-ാം ശതകത്തിന്റെ ആരംഭത്തിൽ വിരചിതമായ ഈ ഗ്രന്ഥം വളരെ വിജ്ഞാനപ്രദമാണ്. ഇതിലെ പ്രതിപാദ്യം സംശയാസ്പദമായിരുന്നെങ്കിലും 19-ാം നൂറ്റാണ്ടിൽ കണ്ടെടുക്കപ്പെട്ട ഗോണ്ടഫോറസ് രാജാവിന്റെ നാണയങ്ങളിൽ നിന്നും 1-ാം നൂറ്റാണ്ടിൽ ഇന്ത്യ ഭരിച്ചിരുന്ന രാജാവായിരുന്നു ഗോണ്ടഫോറസ് എന്ന് പണ്ഡിതലോകം സമ്മതിക്കുന്നുണ്ട്.

മലങ്കരസഭ സ്ഥാപകൻ മാർത്തോമ്മാ ശ്ലീഹായാണെന്ന് തെളിയിക്കുവാൻ ചരിത്രപരമായ തെളിവുകളും (ഊീരൗാലിമ്യേ ള്ശ റലിരല), സഹാചര്യത്തെളിവുകളും (ഇശൃരൗാമിേശമഹ ള്ശ റലിരല) പുസ്തകത്തിൽ നിരത്തിയാതായി കാണാം. മാർത്തോമ്മാ ശ്ലീഹ സ്ഥാപിച്ച ഭാരത സഭ എന്നാളും ധന്യനായ സ്ഥാപകന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു. ■

# യഹോവ താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു.

കഴിഞ്ഞ ലക്കം തുടർച്ച..........

ഡോ. എ. വി. തമ്പി, ചുങ്കത്തറ

ഈയ്യോബ് ദൈവത്താൽ ശിക്ഷിക്കപ്പെടുന്നതിനെ വളരെ അധികം ആഗ്രഹിച്ചു എന്ന് നമ്മൾ മനസ്സിലാക്കേണ്ടതാണ്. *തന്റെ കിടക്കമേൽ അവൻ വേദനയോടെ ശിക്ഷിക്കപ്പെടുന്നു. അവന്റെ അസ്ഥികളിൽ ഇടവിടാതെ പോരാട്ടമുണ്ട്.* (ഈയ്യോ 33:19). *എന്നാൽ ഞാൻ നടക്കുന്നവഴി അവൻ അറിയുന്നു. എന്നെ ശോദന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരും* (ഈയ്യോ 23:10). ഇയ്യോസിനെ പോലെ ഈ കാര്യം പുറത്തുപറയാൻ നമുക്ക് സാധിക്കുമോ?

ദാവീദും ദൈവത്തിന്റെ ശിക്ഷാവിധിയെ സന്തോഷത്തോടെ സ്വീകരിക്കുന്നവനായിരുന്നു. നീ ശിക്ഷിക്കയും നിന്റെ ന്യായപ്രമാണം ഉപദേശിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ (സങ്കീ. 94:13) എന്നാണ് ദാവീദ് പറയുന്നത്.

സിലബസിലല്ലാത്ത ചോദ്യങ്ങൾ ചോദിക്കാറില്ല.

കണക്കു പഠിക്കുന്ന അദ്ധ്യാപകന്റെ ഉദാഹരണം ഒന്നുകൂടെ വ്യക്തമാക്കട്ടെ. കണക്കുപഠിപ്പിക്കുന്ന അദ്ധ്യാപകൻ ഒരിക്കലും ഒരു കുട്ടിക്ക് ചെയ്യാൻ പറ്റാത്ത കണക്ക് കൊടുക്കാറില്ല. നാലാം ക്ലാസ്സിലെ കുട്ടിക്ക് പത്താം ക്ലാസ്സിലെ കണക്ക് ചെയ്യാനായി കൊടുക്കാറില്ല. അതായത് കുട്ടിയുടെ കഴിവിനെക്കാൾ കൂടിയ, വിഷമമുള്ള, ചോദ്യങ്ങൾ ചോദിക്കാറില്ല എന്നു സാരം. സിലബസിലല്ലാത്ത ചോദ്യങ്ങൾ ചോദിക്കാറില്ല. ഒരു കുട്ടിയുടെ നിലവാരത്തിനനുസരിച്ച്, അധ്യാപകൻ കുട്ടിക്ക് പ്രശ്നങ്ങൾ ചെയ്തുതീർക്കാൻ കൊടുക്കാറുള്ളൂ. വിദ്ധ്യാർത്ഥിയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്ന, ഉത്തരം കിട്ടാത്ത, ചെയ്യാൻ കഴിയാത്ത, ചോദ്യങ്ങൾ അധ്യാപകൻ ചോദിക്കാറില്ല. ഏതൊരു പ്രശ്നത്തിനും പോംവഴിയുണ്ട്. (ടീഹൗശേീ) അങ്ങനെയുള്ള പ്രശ്നങ്ങളേ ദൈവം നമുക്ക് തരാറുള്ളൂ. എല്ലാവരെയും സ്നേഹിക്കണം എന്നു മാത്രമെ ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നുള്ളൂ. ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാകുന്നു എന്റെ കല്പന. (യോഹ. 15:12) പൗലോസ് വ്യക്തമാക്കുന്നതും അതുതന്നെയാണ്. *നിങ്ങൾക്ക് കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്ന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും (ഋരമുല) ഉണ്ടാക്കും.* (1 കൊരി 10:13) ഒരു പരീക്ഷ തരുമ്പോൾ ദൈവം അതിന്റെ ഉത്തരവും നമുക്ക് തരും. ചെയ്യാൻ പറ്റാത്ത കണക്ക്, വിദ്യാർത്ഥിക്ക് അധ്യാപകൻ കൊടുക്കാതിരിക്കുന്നതുപോലെ അല്ലെങ്കിൽ കണക്കുപുസ്തകത്തിന്റെ ഒടുവിൽ ഉത്തരങ്ങൾ കൊടുത്തിരിക്കുന്നതുപോലെ.

### എന്തിനുവേണ്ടി ദൈവം ശിക്ഷിക്കുന്നു?

വ്യക്തമായ ഉത്തരങ്ങൾ അല്ല എങ്കിലും നാല് ഉത്തരങ്ങൾ (അിലെ്യെ) ചുവടെ ചേർക്കുന്നു.

1) യേശു ഒരു കുരുടനെ സൗഖ്യമാക്കിയ സംഭവം യോഹന്നാന്റെ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (യോഹ 9:1-4). പിറവിയിലെ കുരുടനായിരുന്ന മനുഷ്യൻ കുരുടനാകാൻ ആർ പാപം ചെയ്തു എന്ന് യേശുവിനോട് ശിഷ്യന്മാർ ചോദിക്കുന്നു. കർത്താവ് ഉത്തരം പറഞ്ഞതിങ്ങനെയാണ്. *അവൻ എങ്കിലും അവന്റെ അവന്റെ അമ്മായപ്പന്മാരെങ്കിലും പാപം ചെയ്തിട്ടില്ല. ദൈവപ്രവർത്തി അവങ്കൽ വെളിവാക്കേണ്ടതിനത്രെ.* (യോഹ 9:3). ഒരുത്തൻ ദുരിതം അനുഭവിക്കുന്നത് ദൈവം ശിക്ഷിക്കുന്നതുകൊണ്ട് എന്നു തോന്നാമെങ്കിലും ദൈവത്തിന്റെ ഉദ്ദേശം വെളിവാക്കുന്നതിനുവേണ്ടിയാണ് എന്ന് കർത്താവ് തന്നെ വെളിപ്പെടുത്തുന്നു.

2) മുന്തിരി വള്ളി ചെത്തി വെടുപ്പാക്കുന്നത് കൂടുതൽ ഫലം കായ്ക്കാനാണ്. കേടുവന്ന കമ്പുകളും ഇലകളും വെട്ടിമാറ്റുന്നത് ചെടിയെ രക്ഷിക്കാനാണ്. കേടുവരാത്ത ഒരു ഭാഗം വെട്ടിമാറ്റിയാൽ അത് ആരോഗ്യമുള്ള ശരീരത്തെ ശിക്ഷിക്കുന്നതാണോ? കർത്താവ് എന്തുപദേശമാണ് നമുക്ക് തരുന്നത്? കർത്താവ് പറയുന്നു *ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും, എന്റെ പിതാവ് തോട്ടക്കാരനുമാകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും ഞാൻ നീക്കിക്കളയുന്നു.* പക്ഷേ കർത്താവ് ഒന്നുകൂടി പറയുന്നു. *കായ്ക്കുന്നതൊക്കയും അധികഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു* (യോഹ 15:1-7). കായ്ക്കുന്ന കൊമ്പുകൾക്ക് ശിക്ഷ കൊടുക്കുന്നത് അധികഫലം കായ്ക്കേണ്ടതിനുമാകുന്നു. ചെത്തി വെടിപ്പാക്കേണ്ടത് എന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. ഒരുവന് ശിക്ഷ വരുമ്പോൾ, അവനിൽ മുമ്പ് ലഭിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ അനുഗ്രഹം ലഭിച്ചേക്കാം എന്നുവേണം മനസ്സിലാക്കാൻ.

3) ദാവീദ് രാജാവിനെക്കൊണ്ട് ദൈവത്തിന് ഇഷ്ടമല്ലാത്ത പല കാര്യങ്ങളും സാത്താൻ ചെയ്യിച്ചതായി കാണുന്നുണ്ട്. *അനന്തരം സാത്താൻ യിസ്രായേലിനെ വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിന് തോന്നിച്ചു* (1 ദിന 21:1). ഈയ്യോബിനെ കഷ്ടപ്പെടുത്തിയതുപോലെ ദാവീദിനെയും കഷ്ടപ്പെടുത്തിയതായി തുടർന്നുള്ള വേദഭാഗങ്ങൾ വായിച്ചാൽ മനസ്സിലാകും (1 ദിന 21 ഉം, 22 ഉം അദ്ധ്യായങ്ങൾ). പലതും സംഭവിക്കുന്നത് ആദ്യം മോശമായിത്തോന്നിയേക്കാം. പിന്നീട് ഗുണത്തിനാണെന്ന് മനസ്സിലാക്കാം. *ഏതു ശിക്ഷയും തൽക്കാലം സന്തോഷമല്ല, ദുഃഖകരമെന്ന് തോന്നും, പിന്നെത്തേതിലോ, അതിൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും. (എബ്ര 12:11)*

4) ഈയ്യോബിന്റെ ദുരിതങ്ങൾക്ക് കാരണം ഈയ്യോബല്ല സാത്താനാണ്. ഈയ്യോബിനെ പരീക്ഷിക്കുന്നതിന് ദൈവത്തോട് അനുവാദം ചോദിക്കുന്നത് സാത്താനാണ്. ദൈവം എന്തുകൊണ്ട് സാത്താനെ അനുവദിച്ചു എന്നതിന് പെട്ടെന്നൊരു ഉത്തരം കിട്ടാൻ ബുദ്ധിമുട്ടുണ്ട്. (ഈയ്യോബ് 1:6-13, 2:1-8). സാത്താൻ പോലും ദൈവത്തോട് അനുവാദം ചോദിക്കുന്നു. എല്ലാറ്റിന്റെയും പരമാധികാരം ദൈവത്തിനാണ് എന്ന് സാത്താൻ പോലും സമ്മതിക്കുന്നു. എന്നാണല്ലോ മനസ്സിലാകുന്നത്. ഈയ്യോബിന് ഇത്രയും കഷ്ടപ്പാട് വരുത്താതിരിക്കാൻ ദൈവത്തിന് സാധിക്കുമായിരുന്നു. കഷ്ടപ്പാട് വരുത്തിയത് സാത്താനാണ്. അവസാനം സാത്താൻ തോൽക്കുന്നു. സാത്താന് പോലും തോൽപ്പിക്കാൻ സാധിക്കാത്ത മനുഷ്യരുണ്ട് എന്ന് വെളിവാക്കുന്നതിന് വേണ്ടിയായിരിക്കാം, ദൈവം, ഈയ്യോബിനെ കഷ്ടപ്പെടുത്തുവാൻ, സാത്താന് അധികാരം കൊടുത്തത്.

### ദൈവത്തിന്റെ തേജസ്സുള്ള മനുഷ്യൻ

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അല്പം മാത്രം താഴ്ത്തിയാണ്. അവന് തേജസ്സും ബഹുമാനവും അണിയിച്ചിട്ടുണ്ട് (സങ്കീ. 8:5, ഉല്പ. 1:27, എബ്രാ. 2:7). ദൈവം മനുഷ്യനെ സൃഷ്ടിച്ച ശേഷം ദുഃഖിച്ചതായും കാണുന്നുണ്ട്. അതിനു കാരണവുമുണ്ട്. മനുഷ്യൻ ദൈവത്തോട് തെറ്റുചെയ്തു. അതിനും പുറമെ ദൈവം അവനു കൊടുത്ത വിവേകം അവൻ ഉപയോഗിക്കുന്നത് ദൈവത്തെ ചോദ്യം ചെയ്യുന്നതിനും ആയിരുന്നു (ദൈവം മനുഷ്യനെ എന്തുകൊണ്ട് ശിക്ഷിക്കുന്നു എന്ന ചോദ്യവും ആ ചോദ്യ ഗണങ്ങളിൽ പെട്ടതാണ്) അതുകൊണ്ടാണ് ദൈവം മനുഷ്യനെപ്പറ്റി ഇങ്ങനെ പറഞ്ഞത് *മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല. അവൻ ജഡം തന്നെയല്ലോ.* (ഉല്പ 6:3) ഇംഗ്ലീഷിലെ പരിഭാഷയിൽ വാദിച്ചുകൊണ്ടിരിക്കുന്ന

അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ

# ജോസഫ് ചെറുവത്തൂർ

കവിത, കഥ, ആവ്യായിക നാടകം, എന്നിങ്ങനെ ഭാഷാ സാഹിത്യത്തിലെ വിവിധ ശാഖകളെ സ്വന്തം സംഭാവനകൾകൊണ്ട് പരിപുഷ്ടമാക്കാൻ നിരന്തരം പ്രയത്നിച്ച ഒരു സാഹതീ ഭക്തനായിരുന്നു ശ്രീ. ജോസഫ് ചെറുവത്തൂർ.

കുന്നംകുളം പട്ടണത്തിൽ അദ്ദേഹത്തെ അറിയാത്തവർ ആരും ഉണ്ടായിരുന്നില്ല. സാമാന്യം വെളുത്ത നിറം, അല്പം സ്തൂലിച്ച ദേഹം, മുഴുത്ത കഷണ്ടി, ഗൗരവം വിടാത്ത മുഖഭാവം, തിളങ്ങുന്ന കണ്ണുകൾ, ഇസ്തിരിയുടയാത്ത വെളുത്ത മുണ്ടും കഫ് ഷർട്ടും, ചുമലിൽ രണ്ടാം മുണ്ട്. തല ഉയർത്തിപ്പിടിച്ച് ഇടംവലം നോക്കാതെയുള്ള നടത്തം. അതിലിടക്ക് പഴയ ശിഷ്യരെയോ സുഹൃത്തുക്കളെയോ കണ്ടാൽ ഓർക്കാപ്പുറത്ത് ആ മുഖത്തെ ഗൗരവത്തെ പാടെ തകർത്തുകളയുന്ന ആഹ്ലാദാത്ഭുതഭാവദ്യോതകമായ മന്ദഹാസം-ശ്രീ ജോസഫ് ചെറുവത്തൂരിന്റെ ഒരേകദേശ ചിത്രമാണിത്.

അദ്ധ്യാപകനെന്ന നിലയിൽ ഒരു തികഞ്ഞ വിജയമായിരുന്നു ജോസഫ് മാസ്റ്റർ. അധ്യാപനത്തിൽ ഇത്രയും വെടിപ്പും ചിട്ടയും കാത്തു സൂക്ഷിച്ചിരുന്ന അപൂർവ്വം ആളുകളേ ഉണ്ടാവൂ.

ശ്രീ. ചെറുവത്തൂർ വറിയതിന്റെയും പനയ്ക്കൽ കുഞ്ഞായിയുടെയും പുത്രനായി കുന്നംകുളം വടക്കെ അങ്ങാടിയിലുള്ള മാതൃകുടുംബമായ പനയ്ക്കൽ വർഗ്ഗീസ് മാപ്പിളയുടെ ഗൃഹത്തിൽ 1906 സെപ്തംബർ 21 ന് ജനിച്ചു. ജ്ഞാനസ്നാനം അന്നത്തെ മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിയാണ് നിർവ്വഹിച്ചത്. തിരുമേനിയും ജോസഫ് ചെറുവത്തൂരിന്റെ പിതാമഹൻ പാത്തുവും കളിച്ചങ്ങാതിമാരും ആത്മസുഹൃത്തുക്കളുമായിരുന്നു. ശിശുവിന് മാമ്മോദീസാ സമയത്തും തിരുമേനിയുടെ പേർ നൽകണമെന്ന് അപേക്ഷിച്ച പ്രകാരമാണ് ജോസഫ് എന്ന നാമം നൽകിയതും. തിരുമേനിയുടെ ബാല്യകാലത്തെ പേരായ ഇട്ടൂപ്പ് എന്ന പേരിൽ തന്നെ കുട്ടി വിദ്യയാരംഭിച്ചു. ഈ സംഭവത്തെ ആസ്പദമാക്കി ശ്രീ ജോസഫ് ചെറുവത്തൂർ പിൽക്കാലത്തും ഒരു കവിത രചിക്കുകയുണ്ടായിട്ടുണ്ട്.

ഒരു അകന്ന ശേഷക്കാരമായ ചെറുവത്തൂർ മാത്തു ആശാൻ 5-ാം വയസ്സിൽ വിദ്യാരംഭ ദിവസം ജോസഫിനെ എഴുത്തിനിരുത്തി. അതിനുശേഷം നെല്ലുവായി താവു ആശാന്റെ കുടിപ്പള്ളിക്കൂടത്തിൽ ഒരു കൊല്ലം വിദ്യാഭ്യാസം നടത്തി. അനന്തരം കുന്നംകുളം ബോയ്സ് ഹൈസ്കൂളിൽ നിന്ന് സ്കൂൾ ഫൈനൽ പാസ്സായി.

1926 -ൽ കുന്നംകുളം കാക്കശ്ശേരി ഇട്ടിമാണി മകൾ അച്ചായിയെ വിവാഹം കഴിച്ചു. പിന്നീട് ഏതാനും വർഷം വടക്കാഞ്ചേരിയിൽ വ്യാപാരസംബന്ധമായി താമസമാക്കി. ആ ഘട്ടത്തിലാണ് ബ്രഹ്മശ്രീ. വി. കെ. നാരായണ ഭട്ടത്തിരിയുടെ ശിഷ്യനായി സംസ്കൃതം അഭ്യസിക്കാൻ തുടങ്ങിയത്. ഒരു കാലത്ത് മുളങ്കുന്നത്തുകാവിൽ നടത്തപ്പെട്ടിരുന്ന കലാമണ്ഡലത്തിൽ വെച്ച് മഹാകവി വള്ളത്തോളിനേയും ശ്രീ. കുട്ടികൃഷ്ണൻ മാരാരെയും പരിചയപ്പെടാൻ സംഗതിയായി.

ഒരു രഹസ്യം

ജോസഫ് ചെറുവത്തൂർ *അബ്രാഹാമിന്റെ ബലി* എന്ന ഖണ്ഡകാവ്യം എഴുതിയിരുന്നു. അതിന് അവതാരിക എഴുതിക്കൊടുക്കാമെന്ന് സമ്മതിച്ചെങ്കിലും വള്ളത്തോൾ അത് നീട്ടിക്കൊണ്ടുപോയി. ഗത്യന്തരമില്ലാതെ ചെറുവത്തൂർ പുലിക്കോട്ടിൽ യൗസേഫ് റമ്പാനെ സമീപിച്ച് വിവരം ഗ്രഹിപ്പിച്ചു. റമ്പാച്ചൻ നടത്തിയിരുന്ന ആത്മപോഷിണി മാസികയുടെ പത്രാധിപരായിരുന്നല്ലോ വള്ളത്തോൾ. അവതാരികയുടെ കാര്യം വള്ളത്തോളിനെ ഓർമ്മിപ്പിച്ചു. താമസമുണ്ടായില്ല വള്ളത്തോൾ അവതാരിക കൊടുത്തു. എന്തുകൊണ്ടോ ചെറുവത്തൂർ ആ ഖണ്ഡകാവ്യം പ്രസിദ്ധീകരിച്ചില്ല.

ചെറുവത്തൂർ പണ്ഡിത പരീക്ഷയ്ക്ക് പഠിക്കാനായി തൃപ്പൂണിത്തുറ കലാലയത്തിലേക്ക് പോയി. കുറെ നാൾ അവിടെ പഠിച്ചു. അവിടെവെച്ചാണ് ശ്രീ. എൻ. വി. കൃഷ്ണവാരിയരുമായി അടുത്ത ബന്ധം പുലർത്താൻ ഇടയായത്.

1934 ൽ കുന്നംകുളം എം. ജെ. ഡി. സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. ഇക്കാലത്ത് പ്രസ്തുത സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന തുമ്പമൺ സ്വദേശി റവ. ഫാ. തോമസിന്റെ അകാലനിര്യാണം ചെറുവത്തൂരിന്റെ ഹൃദയത്തെ വേദനിപ്പിച്ചു. അതിന്റെ ഫലമായി എഴുതിയതാണ് അദ്ദേഹത്തിന്റെ പ്രഥമ പ്രസിദ്ധീകരണമായ *അശ്രുധാര.* അതിനെ തുടർന്ന് വളർത്തുമകൾ, അന്നക്കുട്ടി, പാൽക്കാരി, അരുണൻ, വികാരവീചിക, നിഴലും നിലാവും തുടങ്ങി മുപ്പതോളം ഗ്രന്ഥങ്ങൾ അദ്ദേഹം കൈരളിക്ക് സമർപ്പിച്ചു. ആകർഷകമായ ഭാഷാ ശൈലിയും ഹൃദയസ്പർശിയായ ഇതിവൃത്തവും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെ അനുവാചകർക്ക് പ്രിയങ്കരമാക്കുന്നു. അദ്ദേഹം രചിച്ച *സരള ഇംഗ്ലീഷ്-മലയാളം* ഡിക്ഷ്ണറി വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമായിരുന്നു. സരള ബുക്ക് ഡിപ്പൊ എന്ന പേരിൽ ഒരു പുസ്തക പ്രസിദ്ധീകരണശാല സ്ഥാപിക്കുകയും നിരവധി ഗ്രന്ഥങ്ങൾ ആ സ്ഥാപനം വഴി പ്രസിദ്ധീകരിക്കുകയും ചെയ്തു.

---

എന്ന വാക്കിനെ (ദ്ദ്യേശ്ല) എന്നാണ് അർത്ഥം കൊടുത്തിരിക്കുന്നത്. ദ്ദ്യേശ്ല എന്ന വാക്കിനെ, കഠിനമായി യത്നിക്കുക, ഏറ്റുമുട്ടുക, വിരോധമായി പ്രവർത്തിക്കുക എന്നൊക്കെ അർത്ഥം വരുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ ആത്മാവിനെയാണ് പകർന്നത്. (ഒല വമ യെലരീല മ ഹശ്ശിഴ ീൗഹ ഏലി 1:8) ദൈവത്തിന്റെ ആത്മാവ് മനുഷ്യന് വിവേകം നൽകി. ആ വിവേകം മനുഷ്യൻ ദുരുപയോഗം ചെയ്തതുകൊണ്ടാണ് മനുഷ്യനെ ഉണ്ടാക്കിയതിൽ ദൈവം അനുതപിക്കാൻ കാരണമായത് (ഉല്പ. 6:7) മൃഗങ്ങൾക്കില്ലാത്ത പ്രത്യേക കഴിവാണ് ദൈവം മനുഷ്യന് നൽകിയത്. ദൈവത്തെ ചോദ്യം ചെയ്യാനുള്ള മനുഷ്യന്റെ മനോഭാവം അന്നുമുതലേ ഉണ്ടായിരുന്നിരിക്കണം. മനുഷ്യനെ എന്തിനാണ് ദൈവം സൃഷ്ടിച്ചതെന്നും എന്തുകൊണ്ടാണ് ചിലർക്കു മാത്രം കഷ്ടങ്ങൾ നേരിടേണ്ടിവരുന്നതെന്നും ഉള്ള ചോദ്യങ്ങൾ മനസ്സിൽ വരുന്നത് പൈശാചികമായ പ്രേരണ മാത്രം കൊണ്ടാണ് എന്നുവേണം ധരിക്കാൻ.

എന്നാലും, മനുഷ്യൻ നശിച്ചുപോകാൻ, ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. ദൈവത്തെപ്പോലെ തെറ്റുചെയ്യാത്തവനായി അവൻ മാനസികമായി വളരേണം, അതാണ് ദൈവം ഉദ്ദേശിക്കുന്നത്. അതിനുള്ള ആദ്യത്തെ പരീക്ഷയാണ് തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന കല്പന. സ്വർണ്ണം ശുദ്ധീകരിച്ചെടുക്കുമ്പോൾ ഊതിക്കാച്ചിയെടുക്കണം. അഗ്നിപരീക്ഷണങ്ങളിൽ കൂടെ കടുന്നു പോകണം. മനുഷ്യനെ ഊതിക്കാച്ചിയെടുക്കുമ്പോൾ, കുറച്ച് കഷ്ടപ്പാടുകളൊക്കെ സഹിക്കേണ്ടിവരും (ഇയ്യോബ് 23:10). ഊതിക്കാച്ചി പരിശുദ്ധ സ്വർണ്ണം ആക്കുമ്പോൾ നമ്മൾ സൽഗുണസമ്പൂർണ്ണതയിൽ എത്തും. അതുകൊണ്ടാണ് ഇപ്രകാരം പറഞ്ഞത്. *നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ (ുലൃളലരേ)* (മത്ത. 5:48).

സൽഗുണ പൂർണ്ണതയിലേക്ക് എത്തുവാനുള്ള പാതയിൽ ഇനി ഒരിക്കലും സാത്താൻ പ്രവേശിക്കാതിരിക്കട്ടെ. അതിനുള്ള ശക്തി കർത്താവ് നമുക്ക് തരട്ടെ എന്ന് പ്രാർത്ഥിക്കാം. ●

# വീക്ഷണങ്ങൾ

പരിശുദ്ധനോമ്പിന്റെയും കഷ്ടാനുഭവ വാഴ്ചയുടെ ആചരണത്തിന്റെയും പരിസമാപ്തിയിൽ ഒരിക്കൽകൂടെ പുനഃരുദ്ധാനത്തിന്റെ പെരുന്നാൾ നമുക്ക് ലഭ്യമായിരിക്കുന്നു. യേശു തമ്പുരാന്റെ കഷ്ടാനുഭവത്തോട് തുലനം ചെയ്യുവാൻ വയ്യ എങ്കിലും ഇന്ന് മനുഷ്യജീവിതം വിവിധങ്ങളായ കഷ്ടതകളുടെ അനുഭവത്തിലൂടെയാണ് കടന്നുപോവുന്നത്. സാമ്പത്തികവും സാമൂഹികവും വൈകാരികവുമായ അനേക പീഢകൾ മനുഷ്യനെ കുത്തിമുറിവേൽപ്പിച്ചുകൊണ്ടിരിക്കുന്നു. അധികാരി വർഗ്ഗം ഈ കുരിശിൽ നിന്ന് ഇറങ്ങിവന്ന് ശക്തിതെളിയിക്കാൻ നമ്മോടാവശ്യപ്പെടുമ്പോൾ തന്നെ, പക്ഷേ, അവർ പീഢയുടെ മേഖലകളും ഭാരവും വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. മനുഷ്യന്റെ നട്ടംതിരിയൽ കണ്ട് രാഷ്ട്രീയ രംഗത്തെയും സാമ്പത്തിക രംഗത്തെയും മതമേഖലയിലെയും നേതാക്കൾ ഒരുപോലെ ആർത്തുചിരിക്കുന്ന ദൃശ്യവും നമുക്ക് കാണാം യേശുവിന്റെ കാര്യത്തിൽ എന്നപോലെ അവർ മനുഷ്യന്റെ കഷ്ടത അവരുടെ ആഘോഷവിഷയമാക്കുന്നു. ഈ സാഹചര്യത്തിൽ പുനരുത്ഥാനം അസാധ്യമാണ് എന്നും, നട്ടെല്ലൊടിക്കുന്ന ജീവിതഭാരത്തിന്റെ ചുവട്ടിൽ നിന്നും രക്ഷപ്പെടാൻ പറ്റുകയില്ല എന്നും കരുതി മനുഷ്യൻ ഭാരം ഇറക്കിവെച്ച് ജീവിതത്തോട് തന്നെ വിടപറയുന്നു. ചിലർ വിഭ്രാന്തിയിൽ ഉൾപ്പെട്ട് നിർമ്മതരായിത്തീരുന്നു. ഈ വിഭ്രാന്തിയെപ്പോലും ചില ക്രൈസ്തുവ പ്രസ്ഥാനങ്ങൾ തങ്ങളുടെ സാമ്പത്തിക നേട്ടത്തിനും സ്വാധീന വർദ്ധനവിനും വേണ്ടി ചൂഷണം ചെയ്യുന്നുമുണ്ട്. എന്നാൽ പുനരുത്ഥാനം സാധ്യമാണ്. പുനരുത്ഥാനമില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ കേൾവിയും വ്യർത്ഥം എന്ന് പൗലോസ് പറയുന്നതുകൊണ്ട് മാത്രമല്ല (1 കൊരി. 15:14) മനുഷ്യസൃഷ്ടിയുടെ സ്വഭാവത്തിൽ തന്നെ അതിജീവനം ഉള്ളടങ്ങിയിട്ടുണ്ട് എന്നതുകൊണ്ടാണത്. ഈ അതിജീവനം ദൈവസാന്നിദ്ധ്യത്തിലും ദൈവസഹായത്താലുമാണ്. പക്ഷെ, അതോടൊപ്പം പരസ്പര സഹകരണത്തിലുമാണ്. ദൈവം തയ്യാറാണ് എന്ന് തന്റെ പുത്രനിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഇനിയും നമ്മുടെ ഭാഗമാണ്. ഈ സഹകരണത്തിന് നാം തയ്യാറായേ മതിയാകൂ. ജീവിതം ഭാരമായി തോന്നുന്ന ഏവർക്കും അരിമത്യാക്കാരൻ യൗസേപ്പിന്റെ സ്ഥാനത്ത് ഒരു സഹജീവിയെ കാണാൻ കഴിയണം. യേശുവിന് പോലും തന്റെ കുരിശ് താങ്ങാൻ സഹായം വേണ്ടിവന്നു. ഗദ്സെമനെയിലെ പ്രാർത്ഥനാ സമയത്ത് തന്റെ പ്രിയപ്പെട്ട ശിഷ്യരുടെ ഉണർന്നിരുന്നുള്ള പ്രാർത്ഥന സഹായം അഭ്യർത്ഥിക്കുന്നുണ്ട് യേശുതമ്പുരാൻ. അന്ന് ശിഷ്യന്മാർക്ക് കഴിയാത്തത് നമുക്ക് കഴിയേണ്ടതുണ്ട്. വരാനിരിക്കുന്ന പീഢയെയും, ചുമക്കുന്ന ഭാരത്തെയും കരുതി വിഷണ്ണരാകുന്ന മനുഷ്യർക്ക് ഉണർവ്വോടെ പ്രാർത്ഥനാപരവും, കൈത്താങ്ങലിന്റെയും സഹായമെത്തിക്കാൻ വിമുഖത കാട്ടിയാൽ പുനരുത്ഥാനം ചിലരുടെ കാര്യത്തിലെങ്കിലും അസാദ്ധ്യമാകാം. പക്ഷെ, ഇതല്ല ദൈവം ആഗ്രഹിക്കുന്നത്. നമുക്ക് പുനരുത്ഥാനം ഉണ്ട് എന്ന് സ്വയം വിശ്വസിക്കാം. സഹജീവിയുടെ ഭാരം ചുമക്കുന്നതിലെ പങ്കാളിത്തംകൊണ്ട് അതുണ്ട് എന്ന് മറ്റുള്ളവരെ നമുക്ക് ബോധ്യപ്പെടുത്താം. അങ്ങിനെ പുനരുദ്ധാനം ഇന്നും സാദ്ധ്യമാണ് എന്ന് നമുക്ക് സുവിശേഷിക്കാം.

യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത.

പിറവിക്കുരുടന്റെ പാപമോ അവന്റെ അമ്മയച്ഛന്മാരുടെ പാപമോ അല്ലാ അവൻ കുരുടനാകാൻ കാരണമെന്ന് നമ്മുടെ കർത്താവ് പറഞ്ഞത്, നല്ലവടെ കഷ്ടപ്പാടിന് കാരണം കണ്ടുപിടിക്കാൻ അസാധ്യമാകയാൽ മനസ്സലിവ് കാണിക്കുകയാണ് നമ്മുടെ കടമ എന്ന് വ്യക്തമാക്കുവാനാണ് ഏറ്റവും അധികം കഷ്ടപ്പാടുകൾ വന്ന സുനാമി ദുരന്തത്തിന് ഏറ്റവും അധികം സഹായം എത്തിക്കുവാനാണ് 3 കോടിയുടെ പദ്ധതി നാം ആസൂത്രണം ചെയ്യുന്നത്.

- ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ്.

രക്ഷകർ കുറ്റം വിധിക്കുവാൻ ധൃതിയുള്ളവനല്ല. വിധിക്കുവാൻ തനിക്കു തീരെ താല്പര്യം ഇല്ല. കുറ്റം ചെയ്തവനോട് പൂർണ്ണമായി ക്ഷമിക്കുക. അത് ദിവ്യമാണ്. അതാണ് രക്ഷകന്റെ സ്വഭാവം.... ശത്രുവിന്റെ നേരെ നിശബ്ദമായ പ്രതികരണം: സമാധാനത്തോടെ പൊയ്ക്കൊൾക; ഇനിമേൽ തെറ്റ് ചെയ്യരുത്.

ഡോ. എബ്രഹാം സേവേറിയോസ്

*വൈവിധ്യമാർന്ന താലന്തുകൾ അഭിനവ തിരുമേനിമാരിൽ സഭാമക്കൾ ദർശിക്കുന്നു. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉണർന്നിരുന്നുകൊണ്ട്, സഭാ മക്കളെ സത്യവിശ്വാസത്തിലും സത്യാരാധനയിലും ഉറപ്പിക്കുവാൻ കഴിയുന്ന വേദപണ്ഡിതനും ദൈവശാസ്ത്രജ്ഞനനുമാണ്. സഖറിയാ മാർ തെയോഫിലോസ് ദാനശീലം കൊണ്ടും നേതൃത്വപാടവം കൊണ്ടും ജനത്തെ നയിക്കുവാൻ കഴിയുന്ന ദൈവസ്നേഹിതനാണ്. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മഹത്വവചനങ്ങളിലൂടെയും ജീവകാരുണ്യ സഞ്ചാരപദങ്ങളിലൂടെയും ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ വേണ്ടി ദൈവം സഭയ്ക്കു നൽകിയിരിക്കുന്ന ദാനമാണ്. ഔഗേൻ മാർ ദിവന്നാസ്യോസ് മികവുറ്റതും ക്രമീകൃതവുമായ ഭരണനൈപുണ്യത്തിന്റെയും അതിഥി സൽക്കാരത്തിന്റെയും ഉടമയായ പ്രകാശ പുത്രനാണ്.* - ജോൺ പണിക്കരച്ചൻ

*അതുകൊണ്ട് സഭ ഇതരമതപ്രസ്ഥാനങ്ങളോ, സംഘടനകളോ പോലെയല്ല; അത് ക്രിസ്തു ശരീരവും സാന്നിദ്ധ്യമാണ്. ക്രിസ്തുവാണ് പ്രാഥമിക കൂദാശ, ദൈവസാന്നിദ്ധ്യത്തിന്റെയും രക്ഷയുടെയും അടയാളവും പ്രതീകവും. സഭ ക്രിസ്തുവിന്റെ ശരീരവും സാന്നിദ്ധ്യവും ആകയാൽ ആർജ്ജിതാർത്ഥത്തിൽ അത് ക്രിസ്തുവിന്റെ ലോകത്തിലുള്ള കൗദാശിക രൂപമാണ്.*

- ഡോ. അത്താനാസ്യോസ്.

---

ബൈബിളിൽ നിന്നും അദ്ദേഹം ചില ഭാഗങ്ങൾ കവിതയിലാക്കി. സോളമന്റെ ഉത്തമഗീതം, 1977 ൽ കവിതയിലാക്കി പ്രസിദ്ധീകരിച്ചു. മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോനാണ് പ്രസ്തുത ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിക്കുന്നത്. ശ്രീ. ചെറുവത്തൂരിന്റെ കനത്ത സംഭാവന എന്നു പറയാവുന്നത് സങ്കീർത്തനങ്ങൾ കവിതയിൽ രചിച്ചതാണ്. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി പ്രസ്തുത ഗ്രന്ഥത്തിന് അവതാരിക എഴുതുകയും ചെയ്തു. 582 പേജ് വരുന്ന വിശുദ്ധ കാര്യ സങ്കീർത്തനങ്ങൾ അദ്ദേഹത്തിന് ഏറെ പ്രിയങ്കരമായിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തിന്റെ വിലാപയാത്രയിൽ ആ ഗ്രന്ഥം മൃതദേഹത്തിന്റെ മാറിൽ കമഴ്ത്തി വെച്ചിരുന്നു.

ശ്രീ ചെറുവത്തൂരിന് രണ്ട് പുത്രിമാരും ഒരു പുത്രനുമാണ് ഉണ്ടായിരുന്നത്. അതിൽ മൂത്ത മകൾ കുറച്ച് വർഷങ്ങൾക്കു മുമ്പ് ദിവംഗതയായി. മക്കൾ എല്ലാവരും അദ്ധ്യാപക വൃത്തിയെ അവലംബിച്ചു. 79-ാം വയസ്സിൽ ശ്രീ ജോസഫ് ഹൃദ്രോഗം മൂലം കുന്നംകുളത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ 1985 മാർച്ച് മാസം 29-ാം തിയ്യതി നിര്യാതനായി.

ആർത്താറ്റ് വലിയ പള്ളി സെമിത്തേരിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷപ്രകാരം അദ്ദേഹത്തിന്റെ ശവക്കല്ലമേലുള്ള മാർബിൾ ഫലകത്തിൽ സങ്കീർത്തനങ്ങളിൽ നിന്ന് അദ്ദേഹം തന്നെ വിവർത്തനം ചെയ്ത വരികൾ കൊത്തിവെച്ചതായി കാണാം.

*യഹോവേ അങ്ങയിൽ ഞാൻ ശരണം പ്രാപിക്കുന്നു*
*ഒരുനാൾ പോലും ലജ്ജാഹീനനായ് ഭവിക്കല്ലേ..!*

●

## പുത്തൻകാവ് കൊച്ചുതിരുമേനി

*പുത്തൻകാവ് കൊച്ചുതിരുമേനി* എന്നറിയപ്പെടുന്ന ഗീവർഗ്ഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തയായി 1930 ൽ ചുമതല ഏറ്റെടുത്ത് 21 വർഷം സഭയെ സേവിച്ചപ്പോൾ ഒരു പുരുഷായുസ്സ് മുഴുവനും അദ്ധ്വാനിച്ചാലും ലഭിക്കാത്ത നേട്ടങ്ങൾ സഭയ്ക്ക് കൈവരിക്കുവാൻ ഇടയായി. അദ്ദേഹത്തിന്റെ കബറിടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വാക്കുകൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എത്രമാത്രം സന്തോഷകരമാണെന്ന് വിളിച്ചറിയിക്കുന്നു.

*[illegible]*
*[illegible]*
*[illegible]*

പുലിക്കോട്ടിൽ യൗസേപ്പ് കത്തനാർ റമ്പാൻ സ്ഥാനം ഏറ്റതിന്റെ പിറ്റേ ദിവസം ആർത്താറ്റ് സെന്റ് മേരീസ് പള്ളിയിൽ വെച്ച് ഡീക്കൻ കെ. റ്റി. ഗീവർഗ്ഗീസിനെ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ പൂർണ്ണ ശെമ്മാശ്ശ പട്ടം നൽകിയ അന്നുമുതൽ കുന്നംകുളം പ്രദേശത്ത് (സഭയിലെങ്ങും) കൺവൻഷൻ പ്രസംഗകനായും പ്രഭാഷകനായും അറിയപ്പെട്ട അസാധാരണ ശക്തിയും മാധുര്യവും നിറഞ്ഞ ശബ്ദത്തിനുടമയായ, ധൈര്യശാലി രാത്രിയിൽ ഏറെ നേരം പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. ഏപ്രിൽ 15 ന് കുന്നംകുളത്ത് പഴയ പള്ളിയിൽ കാതോലിക്കാദിന പ്രസംഗം നടത്തിയതിനു ശേഷം മരത്തംകോട് മാർ ഗ്രീഗോറിയോസ് പള്ളിയിൽ വെച്ച് 17-4-1951 ൽ ദിവംഗതനായി, ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനേകർ ഇന്ന് അഭയം പ്രാപിക്കുന്നു.

**കുടുംബവേദി** പ്രൊഫ. എം. ടി. സാറാമ്മ

# സാഹോദര്യത്തിന്റെ കാവൽ

വി. വേദപുസ്തക സങ്കൽപ്പമനുസരിച്ച് കായേനും ഹാബേലും ആദിമ സഹോദരന്മാർ ആണ്. അന്ന് തുടങ്ങിയതാണ് സാഹോദര്യത്തിന്റെ പൊരുത്തക്കേടുകളും. കായേനും ഹാബേലും യാഗം കഴിച്ചു. ദൈവം ഹാബേലിലലും അവന്റെ വഴിപാടുകളിലും പ്രസാദിച്ചു. കായേനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. കായേന്ന് ഏറ്റവും കോപം ഉണ്ടായി. അവന്റെ മുഖം വാടി. തന്ത്രപൂർവ്വം അനുജനെ തന്റെ വയലിലേക്ക് കൂട്ടിക്കൊണ്ടുപോയി അവിടെ വെച്ച് അവനെ കൊന്നു. ഹാബേൽ എവിടെ എന്നുള്ള യഹോവയുടെ അന്വേഷണത്തിനുള്ള മറുപടി ഇതായിരുന്നു. *ഞാൻ അറിയുന്നില്ല. ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ.* ദൈവശാപം ഏറ്റുവാങ്ങിയ കായേൻ പിന്നീട് ഭൂമിയിലെങ്ങും ഉഴന്ന് നടക്കേണ്ടിവന്നു. ഉല്പത്തി 4-ാം അദ്ധ്യായം.

സഹഉദരത്തിൽ പിറന്നവരാണ് സഹോദർ. പക്ഷേ, അന്നും ഇന്നും എന്നും സാഹോദര്യം പരസ്പരം മത്സരിക്കുന്നതായി, പരസ്പരം മല്ലിടുന്നതായി കാണുന്നു. ഒരേ വീട്ടിൽ, ഒരേ പാരമ്പര്യത്തിൽ ഒരേ സംസ്കാരത്തിൽ ഒരേ *ചൊല്ലുവിളി* യിൽ വളർത്തപ്പെടുന്നവരും വളരപ്പെടുന്നവരും ആണെങ്കിലും അവർ മുതിർന്നുകഴിഞ്ഞാൽ സ്വന്തം കൂട്ടവും കുടുംബവും നേടിക്കഴിയുമ്പോൾ ഏറ്റവും കൂടുതൽ മുറുമുറുപ്പ് കാണിയ്ക്കുന്ന അവസ്ഥ ഇന്ന് ധാരാളമായി കണ്ടുവരുന്നു. നാത്തൂൻപോര്, ചേട്ടത്തിപ്പോര്, അമ്മായിയമ്മപ്പോര് തുടങ്ങിയ പല വകുപ്പുകളിലായി സഹോദരങ്ങളെ തമ്മിൽ തെറ്റിക്കാൻ ചില പൈശാചിക ശക്തികൾ പ്രേരകമായി നിൽക്കുകയും ചെയ്യുന്നു.

എവിടെയാണ് പിഴച്ചത്? എന്താണ് പരിഹാരം? കുടുംബവും സമൂഹവും ആലോചിക്കേണ്ടിയിരിക്കുന്നു. വി. വേദപുസ്തകം പറയുന്നു. അല്ലെങ്കിൽ യേശുക്രിസ്തു ഉപദേശിക്കുന്നു:- കുല ചെയ്യരുത് എന്നും കുല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാര എന്നുപറഞ്ഞാലോ, ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടതായി വരും. മൂഢാ എന്ന് പറഞ്ഞാലോ അഗ്നി നരകത്തിന് യോഗ്യനാകും. ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വെച്ച് ഓതു വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പ് വെച്ചേച്ചു ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊൾക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിയ്ക്ക. വി. മത്തായി 5:21-24.

ക്രിസ്ത്യാനിത്വത്തിന്റെ ആണിക്കല്ല് ദൈവസ്നേഹത്തിലും സഹോദര സ്നേഹത്തിലും അധിഷ്ഠിതമാണ്. വിപുലമായ അർത്ഥത്തിൽ ക്രിസ്തു പഠിപ്പിച്ചത് ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളും ആണെന്നത്രെ. ജാതിയുടെയും വംശത്തിന്റെയും വർഗ്ഗത്തിന്റെയും അതിരുകൾ ലംഘിച്ച് മനുഷ്യവർഗ്ഗത്തെ ഏക കുടുംബത്തിലെ അംഗങ്ങളായികണ്ട് എല്ലാവരെയും സമഭാവനയോടെ സ്നേഹിച്ചവനാണ് ക്രിസ്തു. നിന്റെ അമ്മയും സഹോദരങ്ങളും നിന്നെ കാത്തു നിൽക്കുന്നു. എന്ന് ശിഷ്യന്മാർ അറിയിച്ചപ്പോൾ എന്റെ അമ്മ ആര്? സഹോദരങ്ങളും ആര്? ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരെല്ലാവരും അമ്മയും സഹോദരങ്ങളും ആകുന്നു. എന്നാകുന്നുവല്ലോ യേശുവിന്റെ മറുപടി. വസുധൈവകുടുംബകം എന്ന സങ്കല്പ പ്രകാരം ഭാരതീയ തത്വസംഹിതകളും മനുഷ്യന്റെ സാഹോദര്യത്തിനും പരസ്പര സ്നേഹത്തിനും ആണ് ഊന്നൽ നൽകിയത്. എന്നാൽ ഇന്ന് ജാതിയുടെയും മതത്തിന്റെയും വംശത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ മാത്രമല്ല കുടുംബത്തിലെ അവകാശങ്ങളുടെയും സ്വത്തുക്കളുടെയും പേരിൽപോലും കുടുംബാംഗങ്ങൾ പരസ്പരം മത്സരിക്കുന്നു. ചിലപ്പോഴൊക്കെ സഹോദരൻ സഹോദരന്റെ നേരെ വാൾ എടുക്കുകയും ചെയ്യുന്നു. പരസ്പര സ്നേഹത്തിലും കൂട്ടായ്മയിലും കഴിഞ്ഞിരുന്ന അനവധി കുടുംബങ്ങൾ ക്രിസ്ത്യാനികളുടെ ആചാര പ്രകാരമുള്ള വീതം വെയ്ക്കൽ നടന്നു കഴിയുമ്പോൾ ബദ്ധശത്രുക്കളായി മാറുന്നു. മാതാപിതാക്കളും മക്കളെയെല്ലാം ഒരേപോലെ കാണേണ്ടതിനു പകരം ചിലപ്പോഴൊക്കെ ആൺ-പെൺ ഭേദത്തിലും വലിപ്പ-ചെറുപ്പ ഭേദത്തിലും കാണുന്നു. ചിലരോട് കാണിക്കുന്ന വേറിട്ട മമതയാണ് പല പ്രശ്നങ്ങൾക്കും കാരണമാകുന്നത്.

പ്രശ്നങ്ങളും കാരണങ്ങളും എന്തൊക്കെയുണ്ടായാലും സാഹോദര്യം എന്ന വിശുദ്ധി നിലനിർത്തുവാൻ മനുഷ്യർ ബാധ്യസ്ഥരാണ്. കുടുംബത്തിന്റെ കെട്ടുറപ്പും ഐക്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഏകോദരസഹോദരങ്ങൾക്ക് പരസ്പരം കാണാൻ പോലും സാധ്യതയില്ലാത്ത് അവസ്ഥയിലേക്ക് ലോകം അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്നേഹത്തിന്റെയും ബന്ധത്തിന്റെയും വലിയ പാഠം വീടുകളിൽ പഠിക്കാനും പഠിപ്പിക്കാനും ഉള്ള സാഹചര്യം ഉണ്ടാകണം. സഹോദരൻ സഹോദരന്റെ കാവൽക്കാരനായിത്തന്നെ മാറണം. ഒരജ്ഞാത കവിയുടെതായി കണ്ട ഏതാനും വരികൾ ഇവിടെ കുറിക്കട്ടെ.

*ഞാൻ എന്റെ ആത്മാവിനെ അന്വേഷിച്ചു*
*എനിക്ക് അതിനെ കണ്ടെത്താനായില്ല*
*ഞാൻ എന്റെ ദൈവത്തിനെ അന്വേഷിച്ചു*
*ദൈവം എന്നിൽ നിന്ന് ഓടിയൊളിച്ചു*
*ഞാൻ എന്റെ സഹോദരനെ അന്വേഷിച്ചു*
*എനിക്ക് എന്റെ ആത്മാവിനെയും*
*എന്റെ ദൈവത്തേയും കണ്ടെത്താൻ കഴിഞ്ഞു.*

# വാർത്തകൾ

കോട്ടയം : വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ആവിഷ്കരിച്ച ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ പ്രൊജക്ട് തയ്യാറാക്കുന്ന മലയാളം ബൈബിളിന്റെ വിവർത്തനത്തിന് തുടക്കമായി. പ. കാതോലിക്കാ ബാവ (രക്ഷാധികാരി), അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് (പ്രസിഡണ്ട്), അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗേറിയോസ് (ചീഫ് എഡിറ്റർ), അഭി. ഡോ. സഖറിയാ മാർ തെയോഫിലോസ് (കൺവീനർ), ഫാ. ജോൺ മാത്യു (ഓഫീസ് സെക്രട്ടറി) എന്നിവർ അടങ്ങിയ പ്രവർത്തക സമിതിയും, ഫാ. ഡോ. ജോസഫ് ചീരൻ, പ്രൊഫ. സി. ഐ. നൈനാൻ, ഡോ. സി. ജെ. റോയ്, ഡോ. വി. എം. മാത്യു, സാബു ജെയ്ക്കബ് എന്നീ ഭാഷാ വിദഗ്ദ സമിതിയും വിവർത്തനത്തിന്റെ പ്രധാന ചുമതല വഹിക്കുന്നു.

മണ്ണുത്തി : ഓർത്തഡോക്സ് സഭയിലെ തൃശ്ശൂർ ഭദ്രാസന വൈദിക യോഗം ഗത്സീമോൻ മെത്രാസന ചാപ്പലിൽ 14-03-2005 ന് സമ്മേളിച്ചു. അന്യഭാഷാ നൽവരത്തെ സംബന്ധിച്ച് പ്രക്സീസിലും കൊരിന്ത്യ ലേഖനത്തിലുമുള്ള പ്രസ്താവനകൾ ചർച്ചക്കു വിഷയീഭവിപ്പിച്ചുകൊണ്ട് ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത വിഷയാവതരണത്തിന് നേതൃത്വം നൽകി. ഫാ. മത്തായി തൊഴുത്തിങ്കൽ, ഫാ. ജോൺസൺ ഇടിഞ്ഞുക്കുഴി, ഫാ. സണ്ണി പുളിക്കക്കുഴി, ഫാ. തങ്കച്ചൻ, ഫാ. ജോയ് പുലിക്കോട്ടിൽ, ഫാ. ബിജു തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നൽകി. വൈദിക ശമ്പള പദ്ധതിയെ ഫാ. മാത്യു ജെയ്ക്കബ് പുതുശ്ശേരി അവലോകനം ചെയ്തു. വി. കെ. പൗലൂസ് കോർ എപ്പിസ്ക്കോപ്പ സ്വാഗതവും, ഫാ. ബേബി പോൾ നന്ദിയും രേഖപ്പെടുത്തി.

മണ്ണുത്തി :- തൃശ്ശൂർ മെത്രാസനത്തിലെ മർത്തമറിയം സമാജത്തിന്റെ വാർഷിക ധ്യാനയോഗം ഭദ്രാസനകേന്ദ്രത്തിൽ വെച്ച് നടത്തി. അബ്രഹാമ്യ സന്തതികൾ എന്ന വേദപുസ്തക പദപ്രയോഗത്തിന്റെ വിവിധ തലങ്ങളെ വിശകലനം ചെയ്തുകൊണ്ട് ആധ്യക്ഷം വഹിച്ച ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത പ്രസംഗിച്ചു. ഫാ. മത്തായി തൊഴുത്തിങ്കൽ ധ്യാനപ്രസംഗം നടത്തി. ഫാ. ജോയി പുലിക്കോട്ടിൽ, ഫാ. പോളി വർഗ്ഗീസ് എന്നിവർ ഗാനപരിശീലനത്തിന് നേതൃത്വം നൽകി. ഫാ. സണ്ണി പുളിക്കക്കുടി സ്വാഗതവും ചിന്നമ്മ ജോൺ നന്ദിയും പറഞ്ഞു.

ആലയ്ക്കൽ കുളമ്പ്:- സെന്റ് മേരീസ് പള്ളിയിൽ കാതോലിക്കാ ദിനം സമുചിതമായി ആഘോഷിച്ചു. വികാരി ഫാ. ബേബി പോൾ സഭാ പതാക ഉയർത്തി. ഫാ. ഡോ. ജോസഫ് ചീരൻ സഭാദിന സന്ദേശം നൽകി. മലങ്കര മാനേജിംഗ് കമ്മിറ്റി അംഗം സന്തോഷ് ചെറിയാൻ സഭാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സ്നേഹവിരുന്നിനും മധുര പലഹാര വിതരണത്തിനും മത്തായി കുമ്പുകാട്ടിൽ, ഹെഡ്മാസ്റ്റർ ഏലിയാസ് തുടങ്ങിയവർ നേതൃത്വം നൽകി.

ആലയ്ക്കൽ കുളമ്പ്:- പള്ളിയിലെ കൺവെൻഷൻ മാർച്ച് 14, 15, 16 തിയ്യതികളിൽ നടന്നു. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. ഏലിയാസ് ചെറുകാട് എന്നിവർ പ്രാസംഗകർ ആയിരുന്നു. വികാരി ഫാ. ബേബി പോൾ സ്വാഗതം ആശംസിച്ചു.

ആർത്താറ്റ്:-സെന്റ് മേരീസ് കത്തീഡ്രലിലെ യുവജന പ്രസ്ഥാനത്തിന്റെ ജൂബിലി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഫാ. സൈമൺ വാഴപ്പിള്ളി, ഫാ. ബാബു ചെറുവത്തൂർ, സി.ഐ.ഇട്ടിമാത്യു, (മുനിസിപ്പൽ ചെയർമാൻ), ഫാ. മത്തായി ഛകഒ തുടങ്ങിയവർ പ്രസംഗിച്ചു.

മാവേലിക്കര:- സുനാമി ദുരന്തമുണ്ടായ ഉടനെ ആലപ്പുഴ, ഹരിപ്പാട്, കൊല്ലം, കായംകുളം എന്നിവ കേന്ദ്രമാക്കി നാർസോക്കിന്റെയും മിഷൻ ബോർഡിന്റെയും സഹായത്തോടെ ഓരോ ലക്ഷം രൂപവീതം നൽകി. ഭക്ഷ്യസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ എത്തിച്ചു. മദ്രാസിൽ ഒരു വില്ലേജിൽ 300 മുക്കുവർക്ക് വലകൾ വാങ്ങുവാനും മറ്റുമായി മൂന്നു ലക്ഷം ചെലവാക്കി. ആൻമാൻ നിക്കോബാറിൽ താൽക്കാലിക സഹായമായി 4 ലക്ഷവും, മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 50000 രൂപയും നൽകി. കടലെടുത്തുപോയ രണ്ടു പള്ളികൾക്കു പകരം താൽക്കാലിക പള്ളി പണി

# ബാലവേദി

പ്രിയപ്പെട്ട കുട്ടികളെ,

പഠനത്തിന്റെയും പരീക്ഷകളുടെയും കഠിനമായ പിരിമുറുക്കത്തിൽ നിന്നും മോചനം. വേദനയുടെയും ആശങ്കകളുടെയും സമ്മർദ്ദങ്ങളുടെയും നാളുകളായിരുന്നു ഇതുവരെ. ഇതെല്ലാം സഹിച്ച് ഒടുവിൽ വിജയം വരിക്കുമ്പോൾ ഈ വേദനയും വിഷമവും മറക്കുന്നു. റിസൾട്ട് വരുമ്പോൾ സന്തോഷിക്കണമെങ്കിൽ പരീക്ഷയുടേതായ കഷ്ടപ്പാടുകൾ സഹിച്ചേ മതിയാവൂ.

കരിങ്കല്ലിൽ മനോഹര ശില്പങ്ങൾ തീർക്കുന്ന ഒരു ശില്പി ഒരിക്കൽ വലിയ രണ്ട് പാറകൾ കണ്ടെത്തി. ഒന്നാമത്തെ പാറയുടെ അടുത്തെത്തി ഉളിയും ചുറ്റികയും ഉപയോഗിച്ച് രൂപം കൊത്താൻ തുടങ്ങി. *അയ്യോ എനിക്ക് നോവുന്നേ.....* പാറ ഉറക്കെ പറഞ്ഞു. അപ്പോൾ ശില്പി പറഞ്ഞു. *അൽപ്പം ക്ഷമിക്കൂ നിന്നെ ഞാൻ ഒരു മനോഹരമായ ശില്പമാക്കാം.* വേണ്ട.... എനിക്ക് വേദനിക്കുന്നു. ഉളിയും ചുറ്റികയും എന്റെ മേൽ പതിക്കുമ്പോൾ എനിക്ക് സഹിക്കാൻ കഴിയുന്നില്ല.

*പക്ഷേ, അൽപ്പ സമയം സഹിച്ചാൽ മതി. പിന്നെ നീ വെറും ഒരു പാറയല്ല മനോഹരമായ ദേവശില്പമാകും.*

*എനിക്ക് ദേവശില്പമാകണ്ട. ഒരു വേദനയും സഹിക്കാൻ പറ്റുകയുമില്ല.* പാറ തീർത്തുപറഞ്ഞു. നിഷേധിയും സുഖലോലുപനുമായ ആ പാറയെ വിട്ടു രണ്ടാമത്തെ പാറയുടെ അടുത്തു ചെന്നു. ഉളികൊണ്ടു തട്ടിനോക്കി. കല്ലിന് ആദ്യത്തെ പാറയുടെ അത്ര ഗുണമില്ലെങ്കിലും രണ്ടാമത്തെ പാറയിലും ഒരു സുന്ദരശില്പം ഒളിഞ്ഞിരിപ്പുണ്ടെന്ന് ശില്പി മനസ്സിലാക്കി. ഉളിയെടുത്തു കൊത്താൻ തുടങ്ങിയപ്പോൾ പാറ വേദനകൊണ്ട് പുളഞ്ഞു. ശബ്ദമില്ലാതെ കരഞ്ഞു. ശില്പി ചോദിച്ചു. *നിനക്ക് നന്നായി വേദനിക്കുന്നുണ്ടല്ലേ?* വേദന കടിച്ചമർത്തി പാറ മറുപടി പറഞ്ഞു. ഉവ്വ് വേദനിക്കുന്നുണ്ട്. പക്ഷേ സുന്ദരമായ ഒരു ശില്പമായിമാറാൻ ഈ വേദന സഹിക്കാൻ ഞാൻ തയ്യാറാണ്.

പാറയുടെ മറുപടി ശില്പിയെ സന്തുഷ്ടനാക്കി. ശില്പിയുടെ കൈകൾ അതിവേഗം ചലിച്ചു മനോഹരമായ ഒരു മുഖം ആ പാറയിൽ തെളിഞ്ഞു ദേവശില്പമായിമാറിയ ആ പാറയിൽ ആളുകൾ പൂമാലകൾ അർപ്പിച്ചു.

*ഒരൽപ്പം വേദന സഹിക്കാൻ തയ്യാറായിരുന്നെങ്കിൽ.....! ഇതെല്ലാം ആദ്യത്തെ പാറ ദുഃഖത്തോടെ ഓർത്തു. അവസരങ്ങൾ നഷ്ടമാക്കിയശേഷം നിരാശപ്പെട്ടിട്ട് പ്രയോജനമില്ല.*

പ്രിയ കൂട്ടുകാരെ വെറും പാറകളാണെന്ന് ഒന്നിനും കൊള്ളാത്തവരാണെന്നും കരുതുന്ന പലരിലും അനേകം കഴിവുകൾ ഒളിഞ്ഞിരിപ്പുണ്ട്. പക്ഷേ, അതെല്ലാം രാകിമിനുക്കി എടുക്കുമ്പോൾ വേദന സ്വാഭാവികം. ആ വേദന സഹിക്കാൻ തയ്യാറാകണം. കർത്താവിന്റെ ഹിതത്തിനൊത്തവണ്ണം പണിയപ്പെടേണ്ടതിനായി ആ കരങ്ങളിൽ നമ്മെ തന്നെ സമർപ്പിക്കാം. വിനയാന്വിതരായി സ്രഷ്ടാവിന്റെ കരങ്ങളിലായിരിക്കുമ്പോൾ അവൻ നമ്മെ ഉയർത്തും. മറ്റുള്ളവരാൽ മാനിക്കപ്പെടാൻ ഇടയാകും. അതിനായി കഷ്ടപ്പാടുകൾ സന്തോഷത്തോടെ സഹിക്കാൻ തയ്യാറാകാം.

എല്ലാ കൂട്ടുകാർക്കും വിജയാശംസകൾ നേർന്നുകൊണ്ട്

മിനിടീച്ചർ.

തുകൊടുത്തു. ബേട്ടാപ്പൂരിൽ പുതിയ പള്ളിക്കു 5 ലക്ഷം രൂപ നൽകി. ആലപ്പുഴ, കൊല്ലം ജില്ലകളിൽ സർക്കാർ പ്ലാനിൽ 40 വീടുകൾ പണിയാൻ ഒരു കോടി രൂപയും, മദ്രാസിൽ 55 ഭവനങ്ങൾ പണിയുവാൻ 70 ലക്ഷം രൂപയും വേണം. തമിഴ് നാട്ടിലെ പുനരധിവാസ ക്രമീകരണത്തിനായി അമേരിക്കൻ ഭദ്രാസനം 70 ലക്ഷത്തിലധികം രൂപ നൽകി.

കോട്ടയം :- ഭാരതത്തിലെ മികച്ച കോളേജ് പ്രിൻസിപ്പലിനുള്ള ഹിഗ്ഗിൻ ബോതം അവാർഡ് കോട്ടയം ബസ്സേലിയോസ് കോളേജിലെ പ്രൊഫ. ഇ. ജോൺമാത്യുവിന് ലഭിച്ചു. ഇദ്ദേഹം പഴഞ്ഞി എം. ഡി. കോളേജിലെ പ്രിൻസിപ്പാൾ ആയിരുന്നു.

കോട്ടയം:- പ. കാതോലിക്കാ ബാവ അനാരോഗ്യത്തെ പ്രതി സ്ഥാനമൊഴിയണമെന്നും നിയുക്ത കാതോലിക്കായെ ചുമതലകൾ ഏല്പിക്കണമെന്നും സുന്നഹദോസിന്റെ നിയോഗപ്രകാരം ഡോ. തേവോദോസിയോസ്, ഡോ. മക്കറിയോസ്, മാർ യൗസേബിയോസ്, മാർ അത്താനാസ്യോസ് എന്നിവർ ബാവായെ സന്ദർശിച്ച് ആവശ്യപ്പെട്ടതായി അറിയുന്നു.

കോട്ടയം:- ദേഹാസ്വാസ്ഥ്യം മൂലം പ. സുന്നഹദോസിൽ മുഴുവൻ സമയം അധ്യക്ഷത വഹിച്ച് പങ്കെടുക്കുവാനോ, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുവാൻ പോലുമോ സാധിക്കാതെ പ. ബാവ കങ്ങഴ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. പെരുന്നാളിനും സുന്നഹദോസിനും നിയുക്ത കാതോലിക്ക നേതൃത്വം നൽകി.

പരുമല:- സുദീർഘമായ മെത്രാൻസ്ഥാനശുശ്രൂഷയ്ക്കു മുമ്പായി കുന്നംകുളത്തിന്റെ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയ്ക്കു ദേഹാസ്വാസ്ത്യം അനുഭവപ്പെട്ടു. ആശുപത്രിയിലും ഡോക്ടർമാർ നൽകിയ പ്രഥമ ശുശ്രൂഷയ്ക്ക് ശേഷം അദ്ദേഹം ശുശ്രൂഷയുടെ അന്ത്യസമയത്ത് വീണ്ടും മദ്ബഹായിലെത്തി.

കോട്ടയം:- ഫെബ്രുവരി 24 ന് ചേർന്ന മാനേജിംഗ് കമ്മിറ്റി യോഗത്തിൽ മേൽപട്ടക്കാരുടെ സ്ഥലംമാറ്റത്തെക്കുറിച്ചും മെത്രാന്മാരുടെ സ്വകാര്യ സ്വത്താർജ്ജനത്തെപ്പറ്റിയും ശക്തമായ അഭിപ്രായങ്ങൾ ഉണ്ടായി. ഈ നിർദ്ദേശങ്ങൾ ഒരു ഔദ്യോഗിക റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കിയതിനെപ്പറ്റി നിശിദമായ വിമർശനവുമുണ്ടായി. സഭയിലെ ഭരണപരിഷ്കാരങ്ങൾ ഈ നിർദ്ദേശങ്ങളിൽ നിന്ന് വേണം ആരംഭംകുറിക്കുവാൻ എന്ന് പല അംഗങ്ങളും ശക്തിയായി ആവശ്യപ്പെട്ടു.

കോട്ടയം :- തിരുവനന്തപുരം പള്ളി പ്രശ്നങ്ങൾ താമസിയാതെ പരിഹൃതമാകുമെന്ന് തോമാസ് മാർ അത്താനസ്യോസ് കെ. ഇ. മാമ്മനെ അറിയിച്ചതായി വാർത്ത. 1928ൽ ഇടവകയ്ക്ക് എതിരായി ബാവകൊടുത്ത കേസ് പിൻവലിക്കുകയും പ്രൊഫ. ജോഷിയുടെ മുടക്ക് റദ്ദാക്കുകയും ചെയ്താലേ പ്രശ്നം പരിഹൃതമാകൂ എന്ന് കെ. ഇ. മാമ്മൻ നിർദ്ദേശിച്ചുവത്രെ.

ആലയ്ക്കൽകുളമ്പ്:- സെന്റ്മേരീസ് പള്ളിയിൽ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത പെസഹാ ബലി അർപ്പിച്ചു. സന്ധ്യക്ക് 6.30 ന് സന്ധ്യാസുത്താര നമസ്കാരങ്ങൾക്കു ശേഷം 7.30 ന് വി. കുർബ്ബാന അർപ്പിച്ചു.

പത്തനംതിട്ട:- കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പലും ഇടവകപത്രാധിപ സംഘാഗവുമായ ഫാ. ഡോ. കെ.ടി.മാത്തുകുട്ടി പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് മാർച്ച് 31 ന് റിട്ടയർ ചെയ്തു. പുതിയ കർമ്മപദങ്ങളിലേക്കു സ്വാഗതം.

ആലുവ:- യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ അടുത്ത 5 വർഷത്തേക്കുള്ള പ്രിൻസിപ്പലായി ഇംഗ്ലീഷ് വിഭാഗത്തിലെ പ്രൊഫസർ വർഗ്ഗീസ് ജോൺ നിയമിതനായി. സ്ഥാനാരോഹണം ചാപ്പലിൽ വെച്ച് മാർച്ച് 19 ന് ബിഷപ്പ് ഡോ. ഐസക് (സി.എം.ഐ. നോർത്ത് കേരള) പിതാവിന്റെ നേതൃത്വത്തിൽ നടന്നു.

# കത്തുകൾ

ഷഷ്ഠിപൂർത്തിയിൽ എന്റെയും കുടുംബത്തിന്റെയും ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും സമർപ്പിക്കുന്നു. ബഹു അച്ചന്റെ എഴുത്തുകളിൽ ആശയവും ഭാഷയും എല്ലാം സമ്പുഷ്ടവും പ്രൗഢവും ആണ്. ദീർഘായുസ്സോടിരുന്നും, ആരോഗ്യത്തോടും സന്തോഷത്തോടും കൂടി മലങ്കരസഭയെ കൂടുതൽ ധന്യമാക്കുവാൻ സർവ്വേശ്വരനായ ദൈവം സംഗിതിയാകട്ടെ. ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

മാർ സേവേറിയോസ് തിരുമേനിയുടെ കാലശേഷം സഭയുടെ ആചാരാനുഷ്ഠാനങ്ങളുടെ ശരിയായ അന്തസത്ത എന്താണെന്നും ചോദിച്ചു മനസ്സിലാക്കാൻ സെമിനാരിയിൽ ആരുണ്ട്? ഇടവകപത്രികയിലെ ലേഖനങ്ങളാണ് അല്പമെങ്കിലും അനേകം വൈദികർക്ക് ആശ്വാസം നൽകുന്നതും ആ ശൂന്യത നികത്തുന്നതും.

ഫാ. ടി. ജെ. അലക്സാണ്ടർ, തിരുവനന്തപുരം

---

കാരിയാട്:- ചിക്കാഗോ യൂണിവേഴ്സിറ്റിയിൽ ഇന്ത്യൻ തത്വശാസ്ത്രത്തെപ്പറ്റി പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുവാൻ സ്കോളർഷിപ്പോടെ പ്രവേശനം ലഭിച്ച ഫാ. ഡോ. ഡോർജ്ജ് പുലിക്കോട്ടിലിനെ ഇടവക പത്രികമാസികയുടെ ബന്ധുക്കൾ ഹൃദ്യമായ യാത്രയയപ്പു നൽകി. യോഗത്തിൽ ഫാ. ഡോ. ജോസഫ് ചീരൻ അദ്ധ്യക്ഷം വഹിച്ചു. അഡ്വ. ഇ. സി. മാത്യു പുലിക്കോട്ടിൽ, കെ. സി. ലോഫ്സൺ, എം. എസ്. ജോയ് എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ മറുപടി പ്രസംഗം നടത്തി. സ്നേഹവിരുന്ന് ക്രമീകരിച്ചിരുന്നു.

കട്ടിളപൂവം:- സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സുവിശേഷ യോഗം വെരി. റവ. ജോർജ്ജ് വർഗ്ഗീസ് കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജെയ്ക്കബ്, അബ്രഹാംക കെ. ജോൺ എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു. ഫാ. കെ. ഐ. ഏലിയാസ് പ്രത്യേകം നേതൃത്വം നൽകി.

അടുപ്പൂട്ടി:- സെന്റ് ജോർജ്ജ് സ്ലീബാ പള്ളിയിലെ സുവിശേഷ യോഗം കുന്നംകുളം ഭദ്രാസനാധിപൻ ഉദ്ഘാടനം ചെയ്തു. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത ധ്യാനം നടത്തി. ഫാ. ഡീക്കൻ എബ്രഹാം മാത്യു ബാലജനങ്ങൾക്കും, ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ യുവജനങ്ങൾക്കുമുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജോസഫ് തോലത്ത് സ്വാഗതവും സി. സി. ജോർജ്ജ് നന്ദിയും രേഖപ്പെടുത്തി.

മരത്തംകോട്:- സെന്റ് ഗ്രിഗോറിയോസ് പള്ളിയിലെ സുവിശേഷ യോഗങ്ങൾക്ക് ഫാ. ശാമുവേൽ, ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. പോൾ മാത്യു എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ നടത്തി. ഫാ. ഗീവർഗ്ഗീസ് ടി. പി. സ്വാഗതവും, സാംസൺ സി. കെ. കൃതജ്ഞതയും പറഞ്ഞു. ആത്മീയ സംഘടനകളുടെ സംയുക്ത വാർഷികത്തിനും സമ്മാനദാനത്തിനും ഫാ. ഗീവർഗ്ഗീസ് ടി. പി., പ്രൊഫ. എ. ഒ. വർഗ്ഗീസ്, ടി. കെ. പീറ്റർ മാസ്റ്റർ, എ. ഐ. എബ്രഹാം, കെ. എം. ബാബു, ഗോഡ്സൺ എന്നിവർ പ്രസംഗിച്ചു. കുഞ്ഞുങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. യുവജന സമാജത്തിന്റെ ആഭിമുഖ്യത്തിൽ ജീവകാരുണ്യ പ്രവർത്തന വിതരണവും നടന്നു.

ചിറമനേങ്ങാട്:- എം. ജി. എം. സണ്ടേസ്കൂൾ ബാലജന സമാജം, സ്ത്രീ സമാജം എന്നീ സംഘടനകളുടെ വാർഷികത്തിന് ഫാ. സ്റ്റീഫൻ ജോർജ്ജ് അധ്യക്ഷം വഹിച്ചു. കെ. സി. ലോഫ്സൺ, പി. സി. പൗലോസ് എന്നിവർ പ്രസംഗിച്ചു. കുഞ്ഞുങ്ങളുടെ കലാപരിപാടികൾക്ക് ശേഷം സമ്മാനങ്ങൾ അദ്ധ്യക്ഷൻ വിതരണം ചെയ്തു. സദസ്സിന് ശാന്തടീച്ചർ സ്വാഗതമാശംസിച്ചു.

തൃശ്ശൂർ:- ഭദ്രാസന സണ്ടെസ്കൂൾ ഡയറക്ടറായി എം. പി. രാജനെയും ഭദ്രാസന അധ്യാപക പ്രതിനിധിയായി എം. വി. വർഗ്ഗീസിനെയും തെരഞ്ഞെടുത്തു.

RNI Reg. No. KER. MAL/2003/10539 IDAVAKA PATRIKA (Christian Family Magazine) 2005 APRIL ANNUAL SUBSCRIPTION Rs. 100/- only
"REGISTRED" POSTAL REGN. NO. KL/CR/TSR 239/2003-2005

# ഇടവകപത്രിക വാർഷികം

## 2005 മെയ് 14, 15 തിയ്യതികളിൽ

കുന്നംകുളം പഴയപള്ളി
മാർ ജോസഫ് ഡൈനേഷ്യസ് (എം.ജെ.ഡി.)
ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ

## 14-5-2005 ശനി 10 മ.ാ.

# അപൂർവ്വ പ്രദർശനം & കലാമത്സരങ്ങൾ

ഉദ്ഘാടനം (പേജ് 5 കാണുക)

## 15-5-2005 ഞായർ - പ്രദർശനം തുടരുന്നു

2 ു.ാ. പൊതുസമ്മേളനം

**വിവിധ മത - സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ നേതാക്കൾ പങ്കെടുക്കുന്നു.**

# ചരിത്ര സെമിനാർ

(കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡിസെന്ററിന്റെയും യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ)

**വിഷയം**

1) ആർത്താറ്റ് പള്ളി ചെപ്പേട് - പാശ്ചാത്തലം

2) ആർത്താറ്റ് പടിയോല - ഉള്ളടക്കം

3) ആർത്താറ്റ് പടിയോല - അനന്തരഫലങ്ങൾ

- പുസ്തക പ്രദർശനം : മഹാനായ കർമ്മയോഗി
- സി. ഡി. പ്രകാശനം
- ഫാ. ഡോ. ജോസഫ് ചീരന്റെ ഷഷ്ഠിപൂർത്തി ആഘോഷം
- അവാർഡ് നേടിയ അധ്യ. പി. സി. മാത്യു പുലിക്കോട്ടിലിനെ അനുമോദിക്കൽ
- സമ്മാനവിതരണം
  (ബൈബിൾ പഠനം, സഭാചരിത്രപഠനം, കലാമത്സരങ്ങൾ എന്നിവയിലെ വിജയികൾക്ക്)


Edited by K. C. Laughsen (Editor in Charge) Printed and Published by JOY on behalf of Atmaposhini Publishers, Christian Study Centre, Kunnamkulam
Address : Kuttiyil Complex, Akkikkavu, Karikkad - 680 519, Printed at U.K.C. Offset, Kunnamkulam # 223566